# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഒറ്റപ്പാലം മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2020-2021




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ് . എ_പികെഡി-22/1660/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 04/08/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
ഒറ്റപ്പാലം മുനിസിപ്പാലിറ്റി

സർ,

വിഷയം : ഒറ്റപ്പാലം മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒറ്റപ്പാലം മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (ഇ-മെയിൽ മുഖേന)
റീജനൽ ഡയറക്ടർ, എറണാകുളം റീജിയൻ, നഗരകാര്യ വകുപ്പ് (ഇ-മെയിൽ മുഖേന)

നമ്പർ: നം.കെ.എസ് . എ_പികെഡി-22/1660/2022 തീയ്യതി: 04/08/2022

## പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 23-09-2021 മുതൽ 17-07-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 26-07-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| വിനോദ് ശ്രീധർ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 23-09-2021 | 17-07-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-07-2022 | 26-07-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

പ്രേമാനന്ദ്. എസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ബിജു ആന്റണി. യു, ഓഡിറ്റ് ഓഫീസർ
ഉഷാകുമാരി. വി.ടി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
രാജൻ. കെ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
കന്ദസ്വാമി. ഐ, ഓഡിറ്റർ
മോഹനൻ. കെ.എ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| നാരായണൻ നമ്പൂതിരി | ചെയർമാൻ | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | ചെയർമാൻ | 12-11-2020 | 20-12-2021 |

| | | | |
|---|---|---|---|
| ജാനകി ദേവി കെ | ചെയർപേഴ്സൺ | 21-12-2020 | 31-03-2021 |
| സീന എച്ച് | സെക്രട്ടറി | 01-04-2020 | 03-11-2020 |
| പ്രദീപ് എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-11-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ജ്യോതി ലക്ഷ്മി ടി.ഡി | വ്യവസായ വികസന ഓഫീസർ | 01-04-2020 | 24-12-2020 |
| ശരത് ആർ | വ്യവസായ വികസന ഓഫീസർ | 25-12-2020 | 31-03-2021 |
| ഡോ. കോമളം ബി.കെ | സി. എം. ഒ. (ആയുർവ്വേദം) | 01-04-2020 | 31-01-2021 |
| ഡോ. മോഹനൻ. എം. കെ | സി. എം. ഒ. (ആയുർവ്വേദം) | 01-02-2021 | 31-03-2021 |
| ഡോ. അച്ചാമ ലെന്ദ തോമസ് | സി. എം. ഒ. (ഹോമിയോ) | 01-04-2020 | 31-03-2021 |
| പരമേശ്വരൻ നമ്പൂതിരി | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ഗീത കെ.പി | പ്രിൻസിപ്പൽ | 01-04-2020 | 31-03-2021 |
| ഡോ. താജ് പോൾ പനക്കൽ | സൂപ്രണ്ട്, താലൂക്ക് ആശുപത്രി | 01-04-2020 | 31-03-2021 |
| റഫീഖ്. സി | ഹെൽത്ത് ഇൻസ്പെക്ടർ (പ്രൊജക്ട് ഓഫീസർ) | 01-04-2020 | 11-02-2021 |
| യു.സി. സുധീന്ദ്രൻ | ഹെൽത്ത് ഇൻസ്പെക്ടർ (പ്രൊജക്ട് ഓഫീസർ) | 12-02-2021 | 31-03-2021 |
| രാധാകൃഷ്ണൻ സി.കെ | ഹെൽത്ത് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| സുധീർ ബാബു. സി | സീനിയർ വെറ്റിനറി സർജൻ | 01-04-2020 | 13-02-2021 |
| ഡോ. ഗുണനീത കെ.ആർ | സീനിയർ വെറ്റിനറി സർജൻ | 14-02-2021 | 31-03-2021 |
| മീനാക്ഷി. ഡി | കൃഷി ഓഫീസർ | 01-04-2020 | 15-05-2020 |
| ബിൻസി. എസ് | കൃഷി ഓഫീസർ ഇൻ ചാർജ് | 16-05-2020 | 18-06-2020 |
| ആരതി കൃഷ്ണ | കൃഷി ഓഫീസർ | 19-06-2020 | 31-03-2021 |
| അൻസാർ അഹമ്മദ്. കെ | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2020 | 31-05-2020 |
| സന്തോഷ് കുമാർ. എ.എസ് | മുനിസിപ്പൽ എഞ്ചിനീയർ | 01-06-2020 | 15-02-2021 |
| അരുൺ. ടി | മുനിസിപ്പൽ എഞ്ചിനീയർ | 16-02-2021 | 01-03-2021 |
| ജയപ്രകാശ്. ടി | മുനിസിപ്പൽ എഞ്ചിനീയർ | 02-03-2021 | 31-03-2021 |
| ശോഭ എ.എസ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: S. Premanand (Audit Officer, On 29-07-2022)<br>Last Updated By: S. Premanand (Audit Officer, On 02-08-2022) | 1-1 |
| 2 | ബഡ്ജറ്റിൽ ബാധ്യതകൾ കൃത്യമായി പ്രതിഫലിക്കുന്നില്ല.<br>Written By: S. Premanand (Audit Officer, On 03-08-2022)<br>Last Updated By: S. Premanand (Audit Officer, On 03-08-2022) | 1-1-1 |
| 3 | വാർഷികധനകാര്യപത്രിക<br>Written By: S. Premanand (Audit Officer, On 19-07-2022)<br>Last Updated By: Haseena KU (Computer Assistant, On 02-08-2022) | 1-2 |
| 4 | വാർഷിക കണക്കിൽ കേന്ദ്ര ധനകാര്യ കമ്മീഷൻ (ബേസിക്) ഗ്രാന്റ് രേഖപ്പെടുത്തിയതിൽ വ്യത്യാസം<br>Written By: S. Premanand (Audit Officer, On 31-07-2022)<br>Last Updated By: Haseena KU (Computer Assistant, On 02-08-2022) | 1-2-1 |
| 5 | സംയോജിത ശിശുവികസന പദ്ധതിക്കായി കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റിന്റെ കണക്ക് വേറിട്ടുസൂക്ഷിക്കുന്നില്ല.<br>Written By: S. Premanand (Audit Officer, On 31-07-2022)<br>Last Updated By: Haseena KU (Computer Assistant, On 02-08-2022) | 1-2-2 |
| 6 | പദ്ധതിച്ചലവുകൾ റിപ്പോർട്ടുചെയ്യുന്നതിൽ കൃത്യത പാലിക്കണം.<br>Written By: S. Premanand (Audit Officer, On 31-07-2022)<br>Last Updated By: Haseena KU (Computer Assistant, On 02-08-2022) | 1-2-3 |
| 7 | സാമ്പത്തിക വിശകലനം<br>Written By: S. Premanand (Audit Officer, On 24-07-2022)<br>Last Updated By: Haseena KU (Computer Assistant, On 02-08-2022) | 1-3 |
| 8 | ഫണ്ട് വിനിയോഗം<br>Written By: S. Premanand (Audit Officer, On 24-07-2022)<br>Last Updated By: S. Premanand (Audit Officer, On 02-08-2022) | 1-4 |
| 9 | ഗ്രാന്റുകളുടെ സമയബന്ധിതമായ വിനിയോഗം ഉറപ്പുവരുത്തണം<br>Written By: S. Premanand (Audit Officer, On 31-07-2022)<br>Last Updated By: Haseena KU (Computer Assistant, On 02-08-2022) | 1-4-1 |
| 10 | പദ്ധതി അവലോകനം<br>Written By: S. Premanand (Audit Officer, On 27-07-2022)<br>Last Updated By: Haseena KU (Computer Assistant, On 02-08-2022) | 1-5 |
| 11 | അയ്യങ്കാളി - നഗര തൊഴിലുറപ്പ് പദ്ധതി<br>Written By: S. Premanand (Audit Officer, On 25-07-2022)<br>Last Updated By: Haseena KU (Computer Assistant, On 02-08-2022) | 1-6 |
| 12 | അയ്യങ്കാളി നഗര തൊഴിലുറപ്പ പദ്ധതി - പൊതുവിവരങ്ങൾ<br>Written By: S. Premanand (Audit Officer, On 01-08-2022)<br>Last Updated By: Haseena KU (Computer Assistant, On 02-08-2022) | 1-6-1 |
| 13 | ക്ഷേമ പദ്ധതികൾ<br>Written By: V.T. Ushakumari (Asst. Audit Officer, On 29-07-2022)<br>Last Updated By: Haseena KU (Computer Assistant, On 02-08-2022) | 1-7 |
| 14 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Mohanan K.A (Auditor, On 26-07-2022)<br>Last Updated By: Haseena KU (Computer Assistant, On 02-08-2022) | 1-8 |
| 15 | ആഭ്യന്തരനിയന്ത്രണം<br>Written By: S. Premanand (Audit Officer, On 31-07-2022)<br>Last Updated By: Haseena KU (Computer Assistant, On 02-08-2022) | 1-9 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: S. Premanand (Audit Officer, On 29-07-2022)<br>Last Updated By: Haseena KU (Computer Assistant, On 02-08-2022) | 1-10 |
| 17 | രശീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Mohanan K.A (Auditor, On 25-07-2022)<br>Last Updated By: Mohanan K.A (Auditor, On 02-08-2022) | 1-11 |
| 18 | തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല<br>Written By: Mohanan K.A (Auditor, On 25-07-2022)<br>Last Updated By: Haseena KU (Computer Assistant, On 02-08-2022) | 1-12 |

| | | |
|---|---|---|
| 19 | സർക്കാർ വിജ്ഞാപനങ്ങൾക്ക് അനുസൃതമായി എല്ലാ ഉപയോഗക്രമങ്ങൾക്കും വസ്തു നികുതി നിരക്കുകൾ നിശ്ചയിച്ചിട്ടില്ല.<br>Written By: Mohanan K.A (Auditor, On 25-07-2022)<br>Last Updated By: Mohanan K.A (Auditor, On 02-08-2022) | 1-13 |
| 20 | മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല<br>Written By: Mohanan K.A (Auditor, On 25-07-2022)<br>Last Updated By: Haseena KU (Computer Assistant, On 02-08-2022) | 1-14 |
| 21 | വസ്തു നികുതി പരിശോധന - അപാകതകൾ<br>Written By: Mohanan K.A (Auditor, On 25-07-2022)<br>Last Updated By: Haseena KU (Computer Assistant, On 02-08-2022) | 1-15 |
| 22 | ഒരു ഉടമസ്ഥന്റെ കീഴിലുള്ളതും ഒരേ ഉപയോഗക്രമം ഉള്ളതുമായ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ചതിൽ അപാകതകൾ<br>Written By: Mohanan K.A (Auditor, On 29-07-2022)<br>Last Updated By: Haseena KU (Computer Assistant, On 02-08-2022) | 1-16 |
| 23 | വസ്തു നിക്കുതി നിർണ്ണയിച്ചതിലെ അപാകതകൾ മൂലം നികുതി വരവിൽ നഗരസഭയ്ക്ക് നഷ്ടം<br>Written By: Mohanan K.A (Auditor, On 29-07-2022)<br>Last Updated By: Kanthaswami.I (Auditor, On 02-08-2022) | 1-17 |
| 24 | ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുന്നതിലെ അപാകതകൾ<br>Written By: Kanthaswami.I (Auditor, On 29-07-2022)<br>Last Updated By: Kanthaswami.I (Auditor, On 29-07-2022) | 1-18 |
| 25 | ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല.<br>Written By: Kanthaswami.I (Auditor, On 29-07-2022)<br>Last Updated By: Haseena KU (Computer Assistant, On 02-08-2022) | 1-18-1 |
| 26 | കെട്ടിട നിർമ്മാണങ്ങളുടെ വിവരങ്ങൾ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല.<br>Written By: Kanthaswami.I (Auditor, On 29-07-2022)<br>Last Updated By: Haseena KU (Computer Assistant, On 02-08-2022) | 1-18-2 |
| 27 | അനധികൃത നിർമ്മാണങ്ങളുടെ ക്രമവൽക്കരണവും, വസ്തു നികുതി നിർണ്ണയവും നികുതി ചുമത്തലും- അപാകതകൾ<br>Written By: Kanthaswami.I (Auditor, On 29-07-2022)<br>Last Updated By: Kanthaswami.I (Auditor, On 29-07-2022) | 1-19 |
| 28 | റെഗുലറൈസേഷൻ രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല<br>Written By: Kanthaswami.I (Auditor, On 29-07-2022)<br>Last Updated By: K.V.Rajan (Senior Grade Auditor, On 30-07-2022) | 1-19-1 |
| 29 | റെഗുലറൈസേഷന് ചട്ടപ്രകാരം ഈടാക്കേണ്ട ഫീസിനേക്കാളും ഉയർന്ന നിരക്കിൽ ഫീസ് ഈടാക്കുന്നു.<br>Written By: Kanthaswami.I (Auditor, On 29-07-2022)<br>Last Updated By: Kanthaswami.I (Auditor, On 02-08-2022) | 1-19-2 |
| 30 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല<br>Written By: Kanthaswami.I (Auditor, On 29-07-2022)<br>Last Updated By: Kanthaswami.I (Auditor, On 03-08-2022) | 1-20 |
| 31 | വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ- ചട്ടപ്രകാരമുള്ള നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്.<br>Written By: Kanthaswami.I (Auditor, On 29-07-2022)<br>Last Updated By: Kanthaswami.I (Auditor, On 03-08-2022) | 1-21 |
| 32 | ലീസ് ഓൺ ലാന്റെ - കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.<br>Written By: Kanthaswami.I (Auditor, On 29-07-2022)<br>Last Updated By: Kanthaswami.I (Auditor, On 30-07-2022) | 1-22 |
| 33 | ഭൂരിഭാഗം കടമുറികളും വാടകക്ക് നൽകാതെ ഒഴിഞ്ഞ് കിടക്കുന്നു<br>Written By: Kanthaswami.I (Auditor, On 29-07-2022)<br>Last Updated By: Kanthaswami.I (Auditor, On 02-08-2022) | 1-23 |
| 34 | എസ്.എസ്.എ. നഗരസഭ വിഹിതം-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.<br>Written By: Kanthaswami.I (Auditor, On 29-07-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 04-08-2022) | 1-24 |
| 35 | പഠനത്തിൽ പിന്നോക്കം നിൽക്കുന്ന പത്താംതരം വിദ്യാർത്ഥികൾക്ക് സ്പെഷൽ കോച്ചിംഗിന് റീഫ്രെഷ്മെന്റെ - മാർഗരേഖയ്ക്ക് വിരുദ്ധം<br>Written By: Kanthaswami.I (Auditor, On 29-07-2022)<br>Last Updated By: Haseena KU (Computer Assistant, On 02-08-2022) | 1-25 |

| | | |
|---|---|---|
| 36 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമേശയും കസേരയും - സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി പ്രൊജക്ട് നിർവ്വഹിച്ചു<br>Written By: Kanthaswami.I (Auditor, On 29-07-2022)<br>Last Updated By: Kanthaswami.I (Auditor, On 02-08-2022) | 1-26 |
| 37 | എസ്.എസ്.എ. നഗരസഭ വിഹിതം-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Kanthaswami.I (Auditor, On 29-07-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 04-08-2022) | 1-27 |
| 38 | സ്കൂൾ സൗകര്യം മെച്ചപ്പെടുത്തുന്നതിനായി ഫർണ്ണിച്ചർ വാങ്ങൽ- സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി പ്രൊജക്ട് നിർവ്വഹിച്ചു<br>Written By: Kanthaswami.I (Auditor, On 29-07-2022)<br>Last Updated By: Kanthaswami.I (Auditor, On 03-08-2022) | 1-28 |
| 39 | അങ്കണവാടികൾക്ക് അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തൽ - സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി പ്രൊജക്ട് നിർവ്വഹിച്ചു<br>Written By: Kanthaswami.I (Auditor, On 29-07-2022)<br>Last Updated By: Kanthaswami.I (Auditor, On 03-08-2022) | 1-29 |
| 40 | അങ്കണവാടി പോഷകാഹാരം - സപ്ലൈകോ വിലയിൽ നിന്നും അധികരിച്ച് സാധനങ്ങൾ വാങ്ങിയതിൻമൂലം അധികചിലവ്<br>Written By: Kanthaswami.I (Auditor, On 29-07-2022)<br>Last Updated By: Haseena KU (Computer Assistant, On 02-08-2022) | 1-30 |
| 41 | പ്രവൃത്തിയിലെ എല്ലാ ഇനങ്ങളും പൂർത്തീകരിച്ചിട്ടും ഫൈനൽ ബിൽ ആയി തുക നൽകിയിട്ടില്ല.<br>Written By: Biju Antony (Audit Officer, On 29-07-2022)<br>Last Updated By: Haseena KU (Computer Assistant, On 02-08-2022) | 1-31 |
| 42 | മരാമത്ത് പ്രവൃത്തിയുടെ എം. ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു.<br>Written By: Biju Antony (Audit Officer, On 29-07-2022)<br>Last Updated By: Haseena KU (Computer Assistant, On 02-08-2022) | 1-32 |
| 43 | മരാമത്ത് പ്രവൃത്തിയിൽ നിലവിലുള്ള എസ്റ്റിമേറ്റിലെ ഒരിനം പോലും ഇല്ലാതെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവ്വഹിച്ചിരിക്കുന്നു.<br>Written By: Biju Antony (Audit Officer, On 29-07-2022)<br>Last Updated By: Haseena KU (Computer Assistant, On 02-08-2022) | 1-33 |
| 44 | പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും പിഴ ഈടാക്കിയിട്ടില്ല.<br>Written By: Biju Antony (Audit Officer, On 28-07-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 04-08-2022) | 1-34 |
| 45 | വിവിധ പ്രവൃത്തികൾക്കായി നഗരസഭ വാങ്ങിയ ടാർ നിഷ്ക്രിയമായി അവശേഷിക്കുന്നു.<br>Written By: Biju Antony (Audit Officer, On 28-07-2022)<br>Last Updated By: Haseena KU (Computer Assistant, On 02-08-2022) | 1-35 |
| 46 | ഡെപ്പോസിറ്റ് തുകകളുടെ വിനിയോഗ വിവരം ഹാജരാക്കിയിട്ടില്ല<br>Written By: Biju Antony (Audit Officer, On 29-07-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 04-08-2022) | 1-36 |
| 47 | തുറസ്സായ കിണർ കുഴിക്കുന്ന പ്രവൃത്തിയിൽ ഗ്രൗണ്ട് വാട്ടർ അതോറിറ്റിയിലേക്ക് ഇൻവെസ്റ്റിഗേഷൻ ചാർജ് നൽകിയിരിക്കുന്നു.<br>Written By: Biju Antony (Audit Officer, On 29-07-2022)<br>Last Updated By: Haseena KU (Computer Assistant, On 02-08-2022) | 1-37 |
| 48 | നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെച്ചിട്ടില്ല. എന്നിട്ടും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല.<br>Written By: Biju Antony (Audit Officer, On 29-07-2022)<br>Last Updated By: Biju Antony (Audit Officer, On 02-08-2022) | 1-38 |
| 49 | സാധനങ്ങൾ വാങ്ങൽ പ്രോജക്ടുകളെ മരാമത്ത് പ്രവൃത്തികളായി രേഖപ്പെടുത്തി സെന്റേജ് ചാർജ് നൽകുന്നു. സെന്റേജ് ചാർജ് ഇനത്തിൽ നൽകിയ തുക തടസ്സത്തിൽ വെയ്ക്കുന്നു.<br>Written By: Biju Antony (Audit Officer, On 29-07-2022)<br>Last Updated By: Haseena KU (Computer Assistant, On 02-08-2022) | 1-39 |
| 50 | നഗരസഭാ ഓഫീസ് കമ്പ്യൂട്ടർവൽക്കരണം-ഉപകരണങ്ങൾ ലഭ്യമായില്ല-ചെലവ് തടസ്സത്തിൽ വെക്കുന്നു.<br>Written By: V.T. Ushakumari (Asst. Audit Officer, On 29-07-2022)<br>Last Updated By: K.V.Rajan (Senior Grade Auditor, On 30-07-2022) | 1-40 |

| | | |
|---|---|---|
| 51 | തനത് ഫണ്ട് ചെലവുകളുടെ സബ് വൌച്ചറുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല- ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.<br>Written By: V.T. Ushakumari (Asst. Audit Officer, On 29-07-2022)<br>Last Updated By: Haseena KU (Computer Assistant, On 02-08-2022) | 1-41 |
| 52 | തനത് ഫണ്ടിൽ നിന്ന് മുൻകൂർ തുക നൽകിയത്-ക്രമീകരിക്കുന്നതിന് വിധേയമായി തടസ്സത്തിൽ വെക്കുന്നു.<br>Written By: V.T. Ushakumari (Asst. Audit Officer, On 29-07-2022)<br>Last Updated By: Haseena KU (Computer Assistant, On 02-08-2022) | 1-42 |
| 53 | പി എം എ വൈ -അർബ്ബൻ പദ്ധതി - 972വീടുകൾ പൂർത്തീയാക്കുവാൻ അവശേഷിക്കുന്നു<br>Written By: K.V.Rajan (Senior Grade Auditor, On 29-07-2022)<br>Last Updated By: Haseena KU (Computer Assistant, On 02-08-2022) | 1-43 |
| 54 | സർക്കാരിന്റെ മുൻകൂർ അനുമതി ലഭ്യമാക്കാതെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് തനത് ഫണ്ടിലേക്ക് റീക്ലപ്പ് ചെയ്തു.<br>Written By: V.T. Ushakumari (Asst. Audit Officer, On 30-07-2022)<br>Last Updated By: V.T. Ushakumari (Asst. Audit Officer, On 30-07-2022) | 1-44 |
| 55 | പട്ടിക ജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് -പ്രൊജക്റ്റ് നിർവ്വഹണത്തിൽ വീഴ്ച<br>Written By: K.V.Rajan (Senior Grade Auditor, On 29-07-2022)<br>Last Updated By: K.V.Rajan (Senior Grade Auditor, On 02-08-2022) | 1-45 |
| 56 | നിർവ്വഹണ ഉദ്യോഗസ്ഥർ കാഷ് ബുക്ക് പരിപാലിക്കണം<br>Written By: K.V.Rajan (Senior Grade Auditor, On 29-07-2022)<br>Last Updated By: Haseena KU (Computer Assistant, On 02-08-2022) | 1-45-1 |
| 57 | ജി.എസ്.ടി- ടി.ഡി.എസ് കിഴിവ് നടത്തിയില്ല<br>Written By: K.V.Rajan (Senior Grade Auditor, On 29-07-2022)<br>Last Updated By: Haseena KU (Computer Assistant, On 02-08-2022) | 1-46 |
| 58 | കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നീക്കിയിരുപ്പ് തുക - തുടർ നടപടികൾ സ്വീകരിക്കണം<br>Written By: K.V.Rajan (Senior Grade Auditor, On 29-07-2022)<br>Last Updated By: Haseena KU (Computer Assistant, On 02-08-2022) | 1-47 |
| 59 | ജ.സിരിജഗൻ കമ്മീഷന്റെ ഉത്തരവ് നടപ്പാക്കിയതിലെ കാലതാമസം- തനത് ഫണ്ടിന് സാമ്പത്തിക നഷ്ടം -തുക ക്രമീകരിക്കേണ്ടതാണ്.<br>Written By: V.T. Ushakumari (Asst. Audit Officer, On 30-07-2022)<br>Last Updated By: V.T. Ushakumari (Asst. Audit Officer, On 30-07-2022) | 1-48 |
| 60 | ഖണ്ഡിക ഒഴിവാക്കി<br>Written By: V.T. Ushakumari (Asst. Audit Officer, On 30-07-2022)<br>Last Updated By: S. Premanand (Audit Officer, On 03-08-2022) | 1-49 |
| 61 | മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് ചട്ടപ്രകാരം പരിപാലിക്കുന്നില്ല.<br>Written By: S. Premanand (Audit Officer, On 30-07-2022)<br>Last Updated By: Haseena KU (Computer Assistant, On 02-08-2022) | 1-50 |
| 62 | മുനിസിപ്പൽ റഗുലർ ജീവനക്കാരുടെ പെൻഷൻ ഫണ്ട് ചട്ടപ്രകാരം പരിപാലിക്കുന്നില്ല.<br>Written By: S. Premanand (Audit Officer, On 30-07-2022)<br>Last Updated By: Haseena KU (Computer Assistant, On 02-08-2022) | 1-51 |
| 63 | ഡി.എ.വൈ-എൻ.യു.എൽ.എം പദ്ധതി - അവലോകനം<br>Written By: K.V.Rajan (Senior Grade Auditor, On 30-07-2022)<br>Last Updated By: Haseena KU (Computer Assistant, On 02-08-2022) | 1-52 |

ഭാഗം 2

--- No Records Found ---

ഭാഗം 3

--- No Records Found ---

ഭാഗം 4

| | | |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: S. Premanand (Audit Officer, On 25-07-2022)<br>Last Updated By: Haseena KU (Computer Assistant, On 02-08-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: S. Premanand (Audit Officer, On 25-07-2022)<br>Last Updated By: Haseena KU (Computer Assistant, On 02-08-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |

| | | |
|---|---|---|
| | Written By: S. Premanand (Audit Officer, On 29-07-2022)<br>Last Updated By: Haseena KU (Computer Assistant, On 02-08-2022) | |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: S. Premanand (Audit Officer, On 25-07-2022)<br>Last Updated By: S. Premanand (Audit Officer, On 25-07-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: S. Premanand (Audit Officer, On 25-07-2022)<br>Last Updated By: S. Premanand (Audit Officer, On 02-08-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: S. Premanand (Audit Officer, On 25-07-2022)<br>Last Updated By: Haseena KU (Computer Assistant, On 02-08-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: S. Premanand (Audit Officer, On 25-07-2022)<br>Last Updated By: Haseena KU (Computer Assistant, On 02-08-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: S. Premanand (Audit Officer, On 29-07-2022)<br>Last Updated By: Haseena KU (Computer Assistant, On 02-08-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: S. Premanand (Audit Officer, On 29-07-2022)<br>Last Updated By: Haseena KU (Computer Assistant, On 02-08-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: S. Premanand (Audit Officer, On 01-08-2022)<br>Last Updated By: Vinod Sreedhar (Senior Deputy Director, On 04-08-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: S. Premanand (Audit Officer, On 31-07-2022)<br>Last Updated By: Haseena KU (Computer Assistant, On 02-08-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്ക്-വിവിധ പത്രികകളുടെ സംക്ഷിപ്തം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 വർഷത്തെ മതിപ്പ് ബഡ്ജറ്റ് 27.03.2020തീയതിയിലെ 1.എ1 തീരുമാനപ്രകാരം അംഗീകരിച്ചു. വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 98405447.61 |
| വരവ് | 1138565000 |
| ആകെ | 1236970447.61 |
| ചെലവ് | 1135758140 |
| നീക്കിയിരിപ്പ് | 101212307.61 |

2021-22ലെ മതിപ്പ് ബഡ്ജറ്റിന്റെ വിവരങ്ങൾ പ്രസിദ്ധീകരിക്കുന്നതിനൊപ്പം 2020-21ലെ പരിഷ്കരിച്ച ബഡ്ജറ്റിന്റെ വിവരങ്ങൾ ചേർത്തിട്ടുണ്ട്. ഇത് 22.02.2021ന് ചേർന്ന കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്.

### 1-1-1 ബഡ്ജറ്റിൽ ബാധ്യതകൾ കൃത്യമായി പ്രതിഫലിക്കുന്നില്ല.

ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനായി ബഡ്ജറ്റിൽ നീക്കിവെച്ചത് ₹2,000,000/- ആണ്. എന്നാൽ യഥാർത്ഥത്തിൽ ഈയിനത്തിൽ ₹66,11,277/- ചെലവഴിച്ചിട്ടുണ്ട്. KURDFCവായ്പ തിരിച്ചടക്കുന്നതിനായി ബഡ്ജറ്റിൽ ₹ 25,000,000/- വകയിരുത്തിയിരുന്നെങ്കിലും ₹630000/- മാത്രമാണ് തൻവർഷം തിരിച്ചടച്ചത്. ഈ രണ്ടു ചെലവുകൾക്കും അനുസരണമായി പുതുക്കിയ ബഡ്ജറ്റിൽ യാതൊരു ക്രമീകരണവും വരുത്തിയിട്ടില്ല. റെന്റ് ഡെപ്പോസിറ്റ് ഇനത്തിൽ ബഡ്ജറ്റിൽ ബാധ്യതയായി കാണിച്ച ₹1,500,000/- ബാധ്യതയായി കണിച്ചപ്പോൾ അതിന്റെ നാലിരട്ടിയിലധികം ബാധ്യതയുള്ളതായി (₹6,707,754) വാർഷിക കണക്ക് വ്യക്തമാക്കുന്നു. ലേലം ഡെപ്പോസിറ്റ് ഇനത്തിലെ ബാധ്യതയായി ബഡ്ജറ്റിൽ ₹65,000/- വകയിരുത്തിയപ്പോൾ വാർഷിക കണക്കുപ്രകാരം ₹38,672,591/- ബാധ്യതയുണ്ട്. ബഡ്ജറ്റ് തയ്യാറാക്കുന്നതിൽ കൂടുതൽ സൂക്ഷ്മതയും കൃത്യതയും പീലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 29.07.2021 | ബാധകമല്ല | ബാധകമല്ല |

### 1-2-1 വാർഷിക കണക്കിൽ കേന്ദ്ര ധനകാര്യ കമ്മീഷൻ (ബേസിക് ) ഗ്രാന്റ് രേഖപ്പെടുത്തിയതിൽ വ്യത്യാസം

1. CFC (Untied) ഗ്രാന്റ് ചെലവ് ACR പ്രകാരം ₹52278738/- ആണ്. എന്നാൽ വാർഷിക കണക്കിൽ (RP-6) ₹51,978,738/- എന്നാണ് രേഖപ്പെടുത്തിയത്. വാർഷിക കണക്കിലെ തുകയാണ് ചെലവുപത്രികയിൽ രേഖപ്പെടുത്തിയത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.15(2)/25-07-2022) മറുപടിയിൽ CFC (Untied) ഗ്രാന്റിന്റെ വരവ് രേഖപ്പെടുത്തുമ്പോൾ ₹300,000/- 140900203 എന്ന ഹെഡിൽ മാറി രേഖപ്പെടുത്തിയതാണ് വ്യത്യാസത്തിന് കാരണമായത് എന്ന് വിശദീകരിച്ചിട്ടുണ്ട്.

ഗ്രാന്റുകളുടെ വരവുചെലവുകൾ രേഖപ്പെടുത്തുന്നതിൽ കൃത്യത പാലിക്കേണ്ടതാണ്. എല്ലാ അക്കൗണ്ടുകളുടെയും പ്രതിമാസ റി കൺസിലിയേഷൻ കൃത്യമായി നടത്തിയാൽ ഇത്തരം അപാകങ്ങൾ തിരുത്തി മുന്നോട്ടുപോകാവുന്നതാണ്. വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നതിന് മുൻപ് എല്ലാ അക്കൗണ്ടുകളും രജിസ്റ്ററുകളുമായി പൊരുത്തപ്പെടുത്തേണ്ടതും കൃത്യത ഉറപ്പാക്കേണ്ടതുമാണ്. കണക്കുകളുടെ പരിപാലനത്തിൽ ധനകാര്യ സ്റ്റാന്റിങ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ പതിയേണ്ടതുണ്ട്.

### 1-2-2 സംയോജിത ശിശുവികസന പദ്ധതിക്കായി കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റിന്റെ കണക്ക് വേറിട്ടുസൂക്ഷിക്കുന്നില്ല.

സംയോജിത ശിശുവികസന പദ്ധതിക്കായി കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റിന്റെ കണക്ക് വേറിട്ടുസൂക്ഷിക്കുന്നില്ല. ഇക്കാരണത്താൽ ഈയിനത്തിൽ നഗരസഭയുടെ ബാധ്യത തിട്ടപ്പെടുത്താൻ സാധിക്കുന്നില്ല.

ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.15(5)/25-07-2022) മറുപടിയിൽ, ICDSനായി വരുന്ന കേന്ദ്ര ഫണ്ട് വാർഷിക കണക്കുകളിൽ 320100100 എന്ന ഹെഡിൽ വരവും 250401311 എന്ന ഹെഡിൽ ചെലവും

രേഖപ്പെടുത്തിയിട്ടുള്ളതാണ് എന്ന് പരാമർശിച്ചിട്ടുണ്ട്. ആയതിന്റെ അക്കൗണ്ട് TSB Ownfund – 72102140000006ൽ സൂക്ഷിച്ചുവരുന്നതാണ് എന്നും പറഞ്ഞിട്ടുണ്ട്.

ഈ പണം പ്രത്യേക ആവശ്യത്തിനായി വേർതിരിച്ചുപയോഗിക്കേണ്ടതായതിനാൽ ഇതിന്റെ കണക്ക് (വരവ്, ചെലവ്, നീക്കിയിരിപ്പ്) പ്രത്യേകം രേഖപ്പെടുത്തിവെക്കേണ്ടതായിരുന്നു. എന്നാൽ ഒറ്റപ്പാലം നഗരസഭ 2020-21 സാമ്പത്തിക വർഷത്തിൽ ഇത് ചെയ്തിട്ടില്ല. മുൻവർഷത്തെ ബാലൻസ് ഷീറ്റിലും ഈ വർഷത്തെ ബാലൻസ് ഷീറ്റിലും ഈയിനത്തിലെ ബാധ്യത എത്രയാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. നഗരസഭയ്ക്ക് ബാധ്യതയായി വരുന്ന എല്ലാ അക്കൗണ്ടുകളുടെയും കണക്ക് വേറിട്ടുരേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### 1-2-3 പദ്ധതിച്ചലവുകൾ റിപ്പോർട്ടുചെയ്യുന്നതിൽ കൃത്യത പാലിക്കണം.

1. വികസന ഫണ്ട് (പൊതുവിഭാഗം) ACR പ്രകാരം ചെലവ് ₹54171590/-, ഉറവിടത്തിൽ നിന്നും കുറവുചെയ്തത് ₹21488501/- എന്നിങ്ങനെ ആകെ ₹75660091/- ചെലവുണ്ട്. എന്നാൽ 2020-21 വർഷത്തെ ചെലവുപത്രികയിൽ വികസന ഫണ്ട് (പൊതുവിഭാഗം) ചെലവ് ₹74782591/- ആണ്.

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പാക്കിയ പ്രൊജക്ട് നം.200/21: വയോജനങ്ങൾക്ക് കട്ടിൽ എന്ന പ്രൊജക്ടിനായി പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച ₹783000/- വെറ്ററിനറി സർജൻ പ്രൊജക്ട് നം.224/21: അടുക്കളമുറ്റത്ത് കോഴി വളർത്തൽ എന്ന പദ്ധതിക്കായി പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച ₹94500/- എന്നിവ പദ്ധതിക്കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല. ഇതാണ് ചെലവു പത്രികയിൽ പൊതുവിഭാഗം വികസന ഫണ്ടിന്റെ ചെലവിൽ ₹877,500/- ന്റെ കുറവുവരാൻ കാരണമെന്ന് വിശദീകരിച്ചിട്ടുണ്ട്.

പദ്ധതിച്ചലവുകൾ തയ്യാറാക്കുന്നതിലും റിപ്പോർട്ട് ചെയ്യുന്നതിലും ജാഗ്രത പുലർത്തേണ്ടതാണ്.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 55498389.61 |
| വരവ് | 428421054 |
| ആകെ | 483919443.61 |
| ചെലവ് | 400891432 |
| നീക്കിയിരിപ്പ് | 83028011.61 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 54171590 | 54171590 | 54171590 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 16036333 | 16036333 | 12616167 | 3420166 |
| മെയിന്റനൻസ്, റോഡ് | 0 | 21722100 | 21722100 | 21674360 | 47740 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 19925407 | 19925407 | 19925407 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) | 0 | 90103960 | 90103960 | 52278738 | 37825222 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 34630000 | 34630000 | 8771723 | 25858277 |

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) ACR പ്രകാരമുള്ള വരവും ചെലവും ആണ് പട്ടികയിൽ കൊടുത്തിരിക്കുന്നത്. ACR പ്രകാരമുള്ള ചെലവ് തുകയായ ₹52278738/- വാർഷിക കണക്കിൽ റസീപ്റ്റ് & പേമെന്റിൽ വരവായി രേഖപ്പെടുത്തുന്നതിന് പകരം ₹₹51,978,738/- എന്നാണ് രേഖപ്പെടുത്തിയത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.15(2)/25-07-2022) മറുപടിയിൽ CFC (Untied) ഗ്രാന്റിന്റെ വരവ് രേഖപ്പെടുത്തുമ്പോൾ ₹300,000/- 140900203 എന്ന ഹെഡിൽ മാറി രേഖപ്പെടുത്തിയതാണ് വ്യത്യാസത്തിന്

കാരണമായത് എന്ന് വിശദീകരിച്ചിട്ടുണ്ട്.

മുകളിലെ പട്ടികയിൽ കൊടുത്തിരിക്കുന്ന തുകകൾ കൂടാതെ പദ്ധതി നടത്തിപ്പിനായി വികസന ഫണ്ട് ഉറവിടത്തിൽ നിന്നും കുറവുചെയ്തതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ഉറവിടത്തിൽ നിന്നും കുറവുചെയ്തത് | ACR പ്രകാരമുള്ള വരവ് | യഥാർത്ഥ വരവ് | ACR പ്രകാരമുള്ള ചെലവ് | യഥാർത്ഥ ചെലവ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 21488501 | 54171590 | 75660091 | 54171590 | 75660091 |
| വികസന ഫണ്ട്-എസ്.സി.പി | 3106667 | 16036333 | 19143000 | 12616167 | 15722834 |

വികസന ഫണ്ട് - ജനറൽ യഥാർത്ഥ ചെലവ് ചെലവു പത്രികയിലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല.

കേന്ദ്രാവിഷ്കൃത പദ്ധതികൾ

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സ്വച്ഛഭാരത് മിഷൻ-Canara Bank | 6,140,631 | 264,275 | 6404906 | 260354 | 6144552 |
| സ്വച്ച് ഭാരത്-ICICI | 5,821,890 | 569,781 | 6391671 | 2502325 | 3889346 |
| IHSDP-BoI | 425,672.39 | 13,066 | 438738.39 | 0 | 438738.39 |
| IHSDP- PNB | 21,512,271 | 718,060. | 22230331 | 0 | 22230331 |
| UIDSSMT | 147,313 | 4,048 | 151361 | 0 | 151361 |
| NULM | 1,249,035 | 1,111,343 | 2360378 | 1715118 | 645260 |

സംസ്ഥാനാവിഷ്കൃത പദ്ധതികൾ

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സാക്ഷരത | 1,184,921.52 | 32,557 | 1217478.52 | 0 | 1,217,478.52 |
| അയ്യങ്കാളി തൊഴിലുറപ്പുപദ്ധതി | 86,863 | 15,353,482. | 15440345 | 13856915 | 1583430 |

പെൻഷൻ ഫണ്ട്

| അക്കൗണ്ട് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| KGB | 1,144,603 | 3,545,352 | 4689955 | 180 | 4689775 |
| SBI | 28,415 | 780 | 29195 | 0 | 29195 |

പെൻഷൻ ഇനത്തിൽ തനത് ഫണ്ടിൽ നിന്നും ₹66,11,277/- ചെലവഴിച്ചിട്ടുണ്ട്.

### 1-4-1 ഗ്രാന്റുകളുടെ സമയബന്ധിതമായ വിനിയോഗം ഉറപ്പുവരുത്തണം

പദ്ധതിനടത്തിപ്പിനായി സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകളിൽ തൻവർഷം വിനിയോഗിക്കാനാവാതെ നഷ്ടമായ തുകകളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | വരവ് | ചെലവ് | സി.ബി |
|---|---|---|---|
| വികസന ഫണ്ട്-എസ്.സി.പി | 16,036,333 | 12,616,167 | 3,420,166 |
| മെയിന്റനൻസ്, റോഡ് | 21,722,100 | 21,674,360 | 47,740 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) | 90,103,960 | 52,278,738 | 37,825,222 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | 34,630,000 | 8,771,723 | 25,858,277 |
| ആകെ | | | 67151405 |

2020-21 വർഷം പദ്ധതി നടത്തിപ്പിനായി സർക്കാരിൽ നിന്നും ലഭിച്ച ഗ്രാന്റുകളിൽ ₹67,151,405/- (ആറുകോടി എഴുപത്തൊന്നുലക്ഷത്തി അമ്പത്തൊന്നായിരത്തി നാന്നൂറ്റഞ്ചു രൂപ) ചെലവഴിക്കാനാവാതെ നഷ്ടപ്പെട്ടതായി നഗരസഭയുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും നിന്നും മനസിലാവുന്നു.

പദ്ധതി നടത്തിപ്പിനായി സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ സമയബന്ധിതമായി വിനിയോഗിച്ച്

നഗരസഭയുടെ വികസനം ഉറപ്പാക്കുന്നതിന് ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 334 | 483644821 | 234 | 193655653 | 0 | 100 | 70.06 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ച് പദ്ധതി ചെലവുകളുടെ വിവരം

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകളുടെ എണ്ണം | നടപ്പാക്കിയ പ്രൊജക്ടുകളുടെ എണ്ണം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 4 | 3 | 4100000 | 3500000 | 85.37 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 2 | 304838 | 304838 | 100 |
| ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 3 | 3 | 2490000 | 570000 | 22.89 |
| കൃഷി ഓഫീസർ | 13 | 13 | 11238091 | 9471130 | 84.28 |
| സെക്രട്ടറി | 21 | 18 | 35638023 | 33215884 | 93.2 |
| വെറ്ററിനറി സർജൻ | 8 | 4 | 2961000 | 626000 | 21.14 |
| പ്രൊജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജന സെൽ | 18 | 15 | 36022987 | 16429566 | 45.61 |
| പട്ടികജാതി വികസന ഓഫീസർ | 1 | 1 | 240000 | 120000 | 50 |
| ഹെൽത്ത് ഓഫീസർ | 10 | 5 | 2615150 | 673687 | 25.76 |
| മെഡിക്കൽ ഓപീസർ (താലൂക്ക് ഹോസ്പിറ്റൽ) | 12 | 9 | 14869021 | 14401967 | 96.86 |
| മുനിസിപ്പൽ എഞ്ചിനീയർ | 220 | 145 | 357507775 | 104210736 | 29.15 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 11 | 8 | 11082936 | 6807234 | 61.42 |
| പ്രിൻസിപ്പൽ, ഗവ. ഹയർ സെക്കന്ററി സ്കൂൾ | 6 | 4 | 2825000 | 1884670 | 66.71 |
| ഹെഡ്മാസ്റ്റർ | 5 | 4 | 1750000 | 1439941 | 82.28 |
| ആകെ | 334 | 234 | 483644821 | 193655653 | 40.04 |

അംഗീകാരം ലഭിച്ച പദ്ധതികളിൽ 100 എണ്ണം നടപ്പാക്കാൻ സാധിച്ചിട്ടില്ല. വകയിരുത്തിയ തുകകളിൽ 40.04% മാത്രമാണ് ചെലവഴിക്കാനായത്. പ്രൊജക്ട് ആവിഷ്കരിക്കുന്നതിലും അംഗീകാരം നേടുന്നതിലും സമയക്രമം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പ്രൊജക്ട് അംഗീകാരം ലഭ്യമാക്കിയാലുടൻ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ ആരംഭിക്കേണ്ടതും കരാറിൽ പറഞ്ഞ സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിലെ കാലതാമസം മൂലം പ്രൊജക്ട് നടപ്പാക്കുന്നതിന് തടസം നേരിടുന്നത് ഒഴിവാക്കേണ്ടതാണ്. സമയബന്ധിതമായി പ്രൊജക്ട് നടപ്പാക്കുന്നതിലൂടെ

സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ നഷ്ടപ്പെടാതെ പൂർണ്ണമായും ചെലവഴിക്കുന്നതിനും നഗരസഭയുടെ വികസനത്തിന് വേഗം കൂട്ടുന്നതിനും സാധിക്കും.

### 1-6 അയ്യങ്കാളി - നഗര തൊഴിലുറപ്പ് പദ്ധതി

| ഇനം | വരവ് | ചെലവ് |
|---|---|---|
| മുന്നിരിപ്പ് | 86863 | |
| മുൻവർഷം തിരിച്ചുവന്നത് | 16,146 | |
| ഗ്രാന്റ് | 15,000,000 | |
| പലിശ | 49,547 | |
| ഭരണ നിർവ്വഹണച്ചെലവ് | | 590740.46 |
| തൊഴിലാളികളുടെ കൂലിയും അനുബന്ധചെലവുകളും | | 12,928,240 |
| ഉൽസവ ബത്ത | | 34,000 |
| മുൻവർഷത്തെ ചെലവുകൾ | | 16,146 |
| കൂലി തിരിച്ചുവന്നത് | | 13569126.46 |
| നീക്കിയിരിപ്പ് | | 1583429.54 |
| കആകെ | 15152556 | 15152556 |

നീക്കിയിരിപ്പായ ₹1583429.54 കൂടാതെ മുൻ വർഷം നൽകിയ കൂലിയിൽ തിരിച്ചുവന്ന ₹20766/- കൂടി 31.03.2021ന് ബാങ്ക് അക്കൗണ്ടിൽ ഉണ്ട്.

### 1-6-1 അയ്യങ്കാളി നഗര തൊഴിലുറപ്പ പദ്ധതി - പൊതുവിവരങ്ങൾ

| ക്രമ നം. | വിശദാംശം | വിവരം |
|---|---|---|
| 1 | 2020-21 വർഷം രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 369 |
| 2 | ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 2278 |
| 3 | 2020-21 വർഷം തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 369 |
| 4 | ആകെ തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 2278 |
| 5 | തൻവർഷം അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 620 |
| 6 | തൻവർഷത്തെ ആകെ അടങ്കൽ | 116583000 |
| 7 | തൻവർഷം നടപ്പിലാക്കിയ ആകെ പദ്ധതികളുടെ എണ്ണം | 106 |
| 8 | തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 106 |
| 9 | സാധന സാമഗ്രികൾ ഉൾപ്പെടുന്ന പ്രവൃത്തികളുടെ എണ്ണം, മെറ്റീരിയൽസിന്റെ ചെലവ് | ഒന്നുമില്ല. |
| 10 | തൻവർഷത്തെ വരവ് (മുന്നിരിപ്പും പലിശയും ഉൾപ്പെടെ) | 15152556.2 |
| 11 | തൻവർഷത്തെ ചെലവ് (ബാങ്ക് ചാർജ്ജ് ഉൾപ്പെടെ) | 13569126.46 |
| 12 | തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 1202 |
| 13 | തൻവർഷം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 1202 |
| 14 | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 63 |
| 15 | (A) തൊഴിൽ ആവശ്യപ്പെട്ടിട്ടും ലഭിക്കാതിരുന്നവരുടെ എണ്ണം. | 0 |
| | (B) തൊഴിൽ രഹിത വേതനം ലഭ്യമായവരുടെ എണ്ണം. | 0 |

| ക്രമ നം. | വിശദാംശം | വിവരം |
|---|---|---|
| | (C) നൽകിയ തുക | |
| 16 | തൊഴിൽ സ്ഥലത്ത് സംഭവിച്ച അപകടങ്ങളുടെ എണ്ണം, ചെലവഴിച്ച തുക | 0 |
| 17 | തൊഴിൽ സ്ഥലങ്ങളിൽ പ്രവൃത്തികളുടെ വിവരം കാണിക്കുന്ന ബോർഡ് സ്ഥാപിക്കുന്നതിന്റെ വിവരം | ബാനറുകളാണ് സ്ഥാപിക്കുന്നത് |
| 18 | തൻവർഷം സൃഷ്ടിക്കപ്പെട്ട സ്ഥിര ആസ്തികളുടെ വിവരം (ആസ്തിയുടെ പേര്/എണ്ണം) | ഒന്നുമില്ല |
| 19 | സോഷ്യൽ ഓഡിറ്റ് നടന്ന മാസം | കോവിഡ് സാഹചര്യത്തിൽ സോഷ്യൽ ഓഡിറ്റ് നടന്നില്ല. |
| 20 | പരാതി രജിസ്റ്ററിന്റെ വിവരം | രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്.<br>പരാതികളൊന്നും ഉണ്ടായിട്ടില്ല. |
| 21 | സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് പൊതു ആവശ്യത്തിനായി സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം (ആസ്തി, വിവരം) | ഒന്നുമില്ല |
| 22 | വേതനം നൽകുവാൻ കാലതാമസം സംബന്ധിച്ച വിവരം | നഗരസഭാഡയറക്ടറേറ്റിൽ നിന്നും തുക ലഭിക്കുന്നമുറയ്ക്ക് വേതനം നൽകുന്നുണ്ട്. |

നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം

| ക്രമ നം. | പദ്ധതികൾ ഉൾപ്പെടുന്ന വിഭാഗം | 2020-21 വർഷം | |
|---|---|---|---|
| | | നടപ്പിലാക്കിയ പദ്ധതികളുടെഎണ്ണം | ചെലവഴിച്ച തുക |
| 1 | മണ്ണ്-ജല സംരക്ഷണം | 2 | 260454 |
| 2 | വരൾച്ച തടയൽ, വനവത്കരണം | 3 | 153094 |
| 3 | ചെറുകിട ജലസേചനം | 9 | 1170881 |
| 4 | പട്ടികജാതി-പട്ടിക വർഗ്ഗക്കാർ തുടങ്ങിയവരുടെ ഭൂമിയിൽ ജല സംരക്ഷണം, ഭൂവികസനം | 0 | 0 |
| 5 | പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 4 | 807180 |
| 6 | ഭൂവികസനം | 0 | 0 |
| 7 | വെള്ളപ്പൊക്ക നിയന്ത്രണ നിവാരണ പ്രവർത്തനങ്ങൾ | 86 | 5763383 |
| 8 | വീട്ട നിർമ്മാണം - പ.എം.എ.വൈ | 1 | 3041162 |
| 9 | റോഡ് നിർമ്മാണം | 0 | 0 |
| 10 | ക്ഷീര കർഷകർ | 1 | 1732086 |
| | ആകെ | | 12928240 |

അയ്യങ്കാളി പദ്ധ.തിയിൽ 2020-21 വർഷം നടപ്പാക്കിയ പദ്ധതികളുടെ ഓഡിറ്റിൽ കണ്ടെത്തിയ കാര്യങ്ങൾ ഓഡിറ്റ് അന്വേഷണം നമ്പർ 28/26-07-2022 മുഖേന ശ്രദ്ധയിൽപെടുത്തിയപ്പോൾ അപാകങ്ങൾ പരിഹരിച്ച് മറുപടി സമർപ്പിച്ചിട്ടുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾ

ഓഡിറ്റ് വർഷത്തിൽ നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണ ഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 7645100 | 403 |
| 2 | വിധവാ പെൻഷൻ | 49972800 | 2682 |

| | | | |
|---|---|---|---|
| 3 | വാർദ്ധക്യകാല പെൻഷൻ | 69636800 | 4062 |
| 4 | വികലാംഗ പെൻഷൻ | 11747200 | 613 |
| 5 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 4717300 | 250 |
| 6 | വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 1680000 | 56 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22-07-2022 ന് ഉച്ചക്ക് ശേഷം 12.15 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 18,243/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

വരവുചെലവു കണക്കുകൾ തയ്യാറാക്കി സൂക്ഷിക്കുന്നതിൽ കൃത്യത പാലിക്കേണ്ടതാണ്. പദ്ധതി നടത്തിപ്പിനായി സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ സമയബന്ധിതമായി വിനിയോഗിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്. ഇതിനായി പദ്ധതി നിർവ്വഹണം പ്രവർത്തനക്കലണ്ടറിനനുസരണമായി ക്രമീകരിക്കണം. മുഴുവൻ പ്രൊജക്ടുകളും അതാതുവർഷം തന്നെ പൂർത്തീകരിക്കുന്നതിന് ശ്രമിക്കണം.

പണം കൈകാര്യം ചെയ്യുന്നതിൽ കേരള ട്രഷറിക്കോഡിലെയും ഫിനാൻഷ്യൽ കോഡിലെയും വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

നികുതികൾ നിർണ്ണയിക്കുന്നതിൽ ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. നികുതികൾ, വാടക എന്നിവയുടെ പിരിവ് ഊർജ്ജിതമാക്കി കുടിശികമുഴുവൻ പിരിച്ചെടുത്ത് അതാതുവർഷം 100% നികുതി പിരിച്ചെടുക്കുന്നതിന് തയ്യാറെടുക്കണം.

വിവിധ പദ്ധതികളുടെ നടത്തിപ്പിനായി വിവിധ ഏജൻസികൾക്ക് മുൻകൂറായി നൽകുന്ന തുകകളുടെ വിനിയോഗം ഉറപ്പാക്കണം. വാങ്ങലുകൾക്കായി തുക മുൻകൂർ നൽകിയാൽ ആവശ്യപ്പെട്ട സാധനസാമഗ്രികൾ ഗുണനിലവാരത്തോടെ കരാറിൽ പറഞ്ഞ സമയത്ത് ലഭ്യമാവുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. പദ്ധതി നടത്തിപ്പ് പദ്ധതി മാർഗരേഖ, സബ്സിഡി മാർഗരേഖ, സർക്കാർ ഉത്തരവുകൾ ഇവ അനുസരിച്ചായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി നടത്തിപ്പിന്റെ മുഴുവൻ രേഖകളും കൃത്യതയോടെ സൂക്ഷിക്കുകയും പരിശോധയ്ക്ക് ഹാജരാക്കുന്നതിന് തയ്യാറാക്കിവെക്കുകയും ചെയ്യേണ്ടതാണ്.

മരാമത്ത് പണികളിൽ കേരള മുനിസിപ്പാലിറ്റി (മരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ജീവനക്കാർക്ക് വിവിധ ആവശ്യങ്ങൾക്കായി അനുവദിക്കുന്ന മുൻകൂറുകൾ സമയബന്ധിതമായി ക്രമീകരിക്കുന്നുണ്ടെന്നകാര്യം ഉറപ്പാക്കണം.

കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ലഭ്യമാവുന്ന ഫണ്ടുകൾ സമയബന്ധിതമായി വിനിയോഗിക്കുന്നതിനും ബാക്കിവരുന്ന ഫണ്ടിൻ മേൽ സർക്കാർ നിർദ്ദേശങ്ങൾക്കനുസരണമായി നടപടികൾ സ്വീകരിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

മുനിസിപ്പാലിറ്റിയിലെ റഗുലർ, കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് ചട്ടപ്രകാരം പരിപാലിച്ച് കണക്കുകൾ സൂക്ഷിക്കുന്നതിൽ കൃത്യത പാലിക്കേണ്ടതാണ്. റഗുലർ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കുന്നതിന്റെയും പെൻഷൻ ആനുകൂല്യങ്ങൾക്കായി വേണ്ടിവരുന്ന തുകകളുടെയും പെൻഷൻ ഫണ്ടിൽ നിന്നും ലഭ്യമാവുന്ന തുകകളുടെയും കണക്ക് കൃത്യമായി സൂക്ഷിച്ച് കൃത്യമായ ഇടവേളകളിൽ മുനിസിപ്പൽ ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

KURDFC ലോൺ തിരിച്ചടവിനായി ബഡ്ജറ്റിൽ ₹25,000,000/- വകയിരുത്തിയിരുന്നെങ്കിലും ₹630,000/- മാത്രമാണ് അടവാക്കിയത്. കൃത്യമായി വായ്പകൾ തിരിച്ചടക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനായി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | വിവരം ലഭ്യമല്ല | | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.8.18 – 13.9.18 | 2014-15 മുതൽ 2017-18 വരെ | 13.11.18 |

അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ട് തീർപ്പാക്കിയിട്ടില്ല. പെർഫോമൻസ് ഓഡിറ്റ് സംബന്ധിച്ച ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് സംബന്ധിച്ച രജിസ്റ്റർ നഗരസഭ സൂക്ഷിക്കുന്നില്ല.

### 1-11 രശീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

| ക്രമ നം. | രശീത് ബുക്ക് കൈപ്പറ്റിയ ഉദ്യോഗസ്ഥൻ | രശീത് ബുക്ക്/ കൈപ്പറ്റിയ തിയതി | അപാകതകൾ |
|---|---|---|---|
| 1 | അനിത. കെ.എസ്. (RI) | 353 - 09-11-2021<br>369 – 10-02-2022<br>377,378 - 07-03-2022<br>379,381,382 - 09-03-22<br>383 - 07-04-2022 | രശീതുകളിൽ ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ചിട്ടില്ല. |
| 2 | സുരേഷ് കുമാർ. പി.എസ്. (HI) | 370 മുതൽ 374 വരെ 21-02- 2022<br>375,376 - 05-03-2022 | രശീതുകളിൽ ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ചിട്ടില്ല. രശീത് ബുക്കിന്റെ അവസാന പേജിന്റെ പുറം ചട്ടയിൽ പേജ് നമ്പറുകളുടെ എണ്ണം സാക്ഷ്യപ്പെടുത്തിയിട്ടില്ല. രശീത് ബുക്ക് 370 ലെ രശീത് നമ്പർ 36901 മുതൽ 37000 വരെയുള്ള ഒറിജിനൽ രശീതുകൾ ബന്ധപ്പെട്ടവർക്ക് നൽകിയിട്ടില്ല. |
| 3 | കൃഷി ഓഫീസർ | 354 മുതൽ 368 വരെ 07-02-2022 (362 മുതൽ 368 വരെ ഉപയോഗിച്ചിട്ടില്ല) | രശീതുകളിൽ ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ചിട്ടില്ല. രശീത് ബുക്കിന്റെ അവസാന പേജിന്റെ പുറം ചട്ടയിൽ പേജ് നമ്പറുകളുടെ എണ്ണം സാക്ഷ്യപ്പെടുത്തിയിട്ടില്ല. |

TR 5 -KTC Vol/1 Article 90(a) പ്രകാരം മാന്വൽ രശീതുകളിൽ ഡബിൾസൈഡ് കാർബൺ ഉപയോഗിക്കേണ്ടതാണ്. KTC Vol/I Article 92(b) കുറിപ്പ് 2 പ്രകാരം ഓരോ രശീത് ബുക്കും സൂക്ഷ്മമായി പരിശോധിക്കേണ്ടതും ഓരോ ബുക്കിലേയും ഫോറങ്ങളുടെയും എണ്ണം പരിശോധിച്ച് സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് പുറം ചട്ടയുടെ ഉൾഭാഗത്ത് ചേർക്കേണ്ടതുമാണ്.

മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം : 2/21-07-2022 ന് നൽകിയ മറുപടിയിൽ ക്രമ നമ്പർ 1. R1 സെക്ഷൻ ക്ലാർക്കായ ശ്രീമതി. അനിത. കെ.എസ്. R1, R4 സെക്ഷനുകളും, രശീതും കൈകാര്യം ചെയ്തിരുന്നതിനാൽ ജോലി ഭാരം കൂടുതലായതിനാൽ ഡബിൾ സൈഡ് ഉപയോഗിക്കണമെന്ന കാര്യം ശ്രദ്ധയിൽ നിന്ന് വിട്ടു പോയെന്നും, ഇനി മുതൽ തെറ്റ് ആവർത്തിക്കാതെ രശീതുകൾ കൈകാര്യം ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ക്രമ നമ്പർ 2. മേലിൽ ഇത്തരം തെറ്റുകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധ പുലർത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ക്രമ നമ്പർ 3. ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കാത്തതും, പേജ് നമ്പറുകളുടെ എണ്ണം സാക്ഷ്യപ്പെടുത്താത്തതും അറിയാത്തതിനാലായിരുന്നെന്നും, മേലിൽ ഇത് ആവർത്തിക്കില്ലെന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

രശീത് ബുക്ക് കൈപ്പറ്റുന്നവേളയിൽ തന്നെ രശീതുകളുടെ എണ്ണം നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതും, രശീതുകളിൽ ഡബിൾസൈഡ് കാർബൺ ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

### 1-12 തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 245-ാം വകുപ്പ് പ്രകാരം ഏതെങ്കിലും അർദ്ധവർഷത്തിൽ ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ മുനിസിപ്പൽ പ്രദേശത്ത് തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, ബിസിനസ്സ് നടത്തുകയോ, പൊതുവോ, സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുകയോ ചെയ്യുന്നവെങ്കിൽ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥനാണ്.

അത്തരത്തിൽ നിയമ വ്യവസ്ഥ പാലിച്ചുകൊണ്ടും 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി)ചട്ടങ്ങൾ

പ്രകാരവും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. എന്നാൽ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേൺസ് എന്നിവ പരിശോധിച്ചതിൽ ജീവനക്കാരുടെ തൊഴിൽനികുതി രേഖപ്പെടുത്തുന്നതിനായി സൂക്ഷിച്ചിട്ടുള്ള ഡിമാന്റ് രജിസ്റ്റർ 2005 ലെ കേരള മുനിസിപ്പാലിറ്റി(തൊഴിൽ നികുതി)ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരമുള്ള നിശ്ചിത മാതൃകയിൽ അല്ല സൂക്ഷിക്കുന്നത്. സ്ഥാപനത്തിന്റെ പേരും രണ്ട് അർദ്ധവർഷങ്ങളിലും ഈടാക്കിയ തുക എന്നിവയും മാത്രമാണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്. ആയതിനാൽ സ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരുടേയും നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടോ എന്ന് ഉറപ്പാക്കുവാൻ സാധിക്കുന്നില്ല. മാത്രമല്ല, ഡിമാന്റ് രജിസ്റ്ററിൽ ഡിമാന്റ് , കളക്ഷൻ, ബാലൻസ് എന്നിവയുടെ വാർഷിക സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. പരിശോധനയിലെ നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1) താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| അപരാജിത ഡൈനാമിക്സ് സിനർജീസ് (P) ലിമിറ്റഡ് | II |
| കവിത ജ്വല്ലറി | II |
| കെൽകോ റെസിഡൻസി | I & II |
| കെ.വി.കെ. ബ്രദേഴ്സ് ലക്ഷ്മി വസ്ത്രാലയ | I & II |
| ഇന്റൽ മണി പ്രൈവറ്റ് ലിമിറ്റഡ് | I & II |
| പ്രൊഫഷണൽ കൊറിയേഴ്സ് | I |
| നിള ബേക്ക് ഹൗസ് | I & II |
| നിള കാറ്ററിംഗ് കണ്ണിയംപുറം | I & II |
| താജ് ഹാന്റ് ലൂംസ് | I |
| കോ. ഓപ്പറേറ്റീവ് കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസ് | II |
| സെവൻത്ത് ഡേ അഡ് വെന്റിസ്റ്റ് ഹയർ സെക്കന്ററി സ്കൂൾ | I & II |
| ഡോ. പി.പി.പ്രഭാകരൻ ഫുഡ് മാൻസ് ഫോർമുലേഷൻസ് | I & II |
| അസ്ന ഫർണിച്ചർ തോട്ടക്കര | I |
| സിൻഡിക്കേറ്റ് ബാങ്ക് | I & II |
| മാവേലി മെഡിക്കൽസ് ടി.ബി. റോഡ് | I & II |
| റോയൽ ഹൈപ്പർ മാർക്കറ്റ് | I & II |

2) 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3(2) പ്രകാരം നഗരസഭാ പരിധിയിൽ 60 ദിവസത്തിൽ കൂടുതൽ കാലയളവിൽ പ്രവൃത്തി ചെയ്തുവരുന്ന കരാറുകാർ, സ്വകാര്യ പ്രാക്ടീസ് നടത്തുന്ന അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ എന്നിവരിൽ നിന്നും ഈടാക്കേണ്ടതായ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

3) 2005 ലെ കേരള മുനിസിപ്പാലിറ്റി(തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം ആധാരമെഴുത്തുകാർ തൊഴിൽനികുതി അടക്കുന്നതിന് ബാദ്ധ്യസ്ഥരാണ്. സബ് രജിസ്ട്രാർ ഓഫീസുമായി ബന്ധപ്പെട്ട് പ്രവൃത്തിക്കുന്ന ആധാരമെഴുത്തുകാർ, സ്റ്റാമ്പ് വെണ്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ഒറ്റപ്പാലം സബ് രജിസ്ട്രാർ /പാലക്കാട് ജില്ലാ രജിസ്ട്രാറിൽ നിന്നും ഒറ്റപ്പാലം നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന ആധാരമെഴുത്തുകാരുടെ പട്ടികയും, ഒറ്റപ്പാലം സബ് ട്രഷറി ഓഫീസിൽ നിന്നും സ്റ്റാമ്പ് വെണ്ടർമാരുടെ പട്ടികയും ലഭ്യമാക്കി തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

4) നഗരസഭാപരിധിയിലുള്ള പൊതുവിതരണ കേന്ദ്രങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

5) കിൻഫ്ര ഇൻറഗ്രേറ്റഡ് ഇൻഡസ്ട്രിയൽ പാർക്കിലെ നഗരസഭാപരിധിയിൽ വരുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

6) തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 8 ാം വാർഡിലെ ക്രമ നമ്പർ 568 മുതൽ 699 വരെയുള്ള 132 ട്രേഡേഴ്സിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.
ചട്ടപ്രകാരം തൊഴിൽനികുതി അടക്കുവാൻ ബാധ്യസ്ഥരായ ജീവനക്കാർ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം : 3/21-07-2022 ന് നൽകിയ മറുപടിയിൽ ക്രമ നമ്പർ 1 ലെ എല്ലാ സ്ഥാപനങ്ങളിലേയും ജീവനക്കാർക്ക് നോട്ടീസ് നൽകി കുടിശ്ശിക പിഴയോടുകൂടി ഈടാക്കുന്നതാണെന്നും, ക്രമ നമ്പർ 2, 3, 4, 5, 6, എന്നിവയിൽ പരാമർശിച്ച ജീവനക്കാരിൽ നിന്നും നോട്ടീസ് നൽകി

തൊഴിൽ നികുതി അടവാക്കുന്നതിനുള്ള നടപടികൾ ഉടനടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

1-13 സർക്കാർ വിജ്ഞാപനങ്ങൾക്ക് അനുസൃതമായി എല്ലാ ഉപയോഗക്രമങ്ങൾക്കും വസ്തു നികുതി നിരക്കുകൾ നിശ്ചയിച്ചിട്ടില്ല.

2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗക്രമമനുസരിച്ച് ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് സർക്കാർ നിർദ്ദേശിക്കുന്ന കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി മുനിസിപ്പാലിറ്റി പ്രദേശത്ത് ചുമത്തേണ്ട വസ്തുനികുതി നിരക്കുകൾ മുനിസിപ്പാലിറ്റി പ്രമേയം മൂലം നിശ്ചയിച്ച് ആയതിനുസൃതമായി നികുതി നിർണ്ണയം നടത്തേണ്ടതാകുന്നു.

14.01.2011-ലെ സ.ഉ(അ)നം.17/2011/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച വിജ്ഞാപനം പ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ സർക്കാർ നിശ്ചയിച്ചിരുന്നു. ഇതിൽ 18.11.2019-ലെ സ.ഉ(അ)നം.82/2019/തസ്വഭവ പ്രകാരം 2006-ലെ മൈക്രോ സ്മാൾ ആൻഡ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾക്കും 08.09.2020-ലെ സ.ഉ(അ)നം.52/2020/തസ്വഭവ പ്രകാരം റസിഡൻഷ്യൽ ഹോംസ്റ്റേകൾക്കും ബാധകമായ നികുതി നിരക്കുകളുടെ പരിധികൾ കൂട്ടിച്ചേർത്ത് വിജ്ഞാപനം ചെയ്തിരുന്നു.

എന്നാൽ മൈക്രോ സ്മാൾ ആൻഡ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾക്കും റസിഡൻഷ്യൽ ഹോംസ്റ്റേകൾക്കും ഒറ്റപ്പാലം നഗരസഭാ പ്രദേശത്ത് ബാധകമായ നികുതി നിരക്കുകൾ നിശ്ചയിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം : 6/23-07-2022 ന് നൽകിയ മറുപടിയിൽ പരാമർശം കൗൺസിലിൽ സമർപ്പിച്ച് നികുതി നിശ്ചയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

ബാധകമായ നികുതി നിരക്കുകൾ കൗൺസിൽ അനുമതിയോടെ നിശ്ചയിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തേണ്ടതാണ്.

1-14 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല

സഞ്ചയയിലെ നിലവിലെ ഡാറ്റാ എൻട്രി പ്രകാരം നഗരസഭാ പരിധിയിൽ 10 മൊബൈൽ ടെലഫോൺ ടവറുകളാണുള്ളത്. മൊബൈൽ ടവറുകളുടെ വിശദാംശങ്ങളും നികുതി കുടിശ്ശിക വിവരങ്ങളും താഴെ ചേർക്കുന്നു.

| ക്രമ നം | കെട്ടിടം നം | ഉടമയുടെ പേര് (സഞ്ചയയിൽ ലഭ്യമായ വിവരം ) | കുടിശ്ശികയായ വർഷം | 2021-2022 വരെയുള്ള നികുതി കുടിശ്ശിക |
|---|---|---|---|---|
| 1 | 4/282/1 | കെ. ജയകുമാർ | 2013-2014 മുതൽ (അർദ്ധവർഷം 9265/- രൂപ) | 185280 |
| 2 | 8/114 | ഭാരതി എയർടെൽ | 2011-2012 മുതൽ (അർദ്ധവർഷം 5092/- രൂപ) | 118189 |
| 3 | 15/91/B | ചെന്നൈ നെറ്റ് വർക്ക് ഇൻഫ്രാ സ്ട്രക്ചർ ലിമിറ്റഡ് | 2013-2014 മുതൽ (അർദ്ധവർഷം 3481/- രൂപ) | 117490 |
| 4 | 24/408/1 | വോഡാഫോൺ എസ്സാർ സെല്ലുലാർ ലിമിറ്റഡ് | 2013-2014 മുതൽ 2015-2016 വരെ (അർദ്ധ വർഷം 6300/- രൂപ), 2016-17 മുതൽ 2018-19 വരെ അടവാക്കിയിട്ടുണ്ട്. 2019-20 മുതൽ 2020-21 വരെ | |

| | | | | |
|---|---|---|---|---|
| | | | (അർദ്ധ വർഷം 5328/-രൂപ) | |
| 5 | 25/1019 | ടവറിന്റെ പേര് രേഖപ്പെടുത്തിയിട്ടില്ല (ഹൈദർ) | 2016-17 മുതൽ 2019-20 വരെ (അർദ്ധ വർഷം 2413/- രൂപ) | |
| 6 | 25/1020 | ഇൻഡസ് ടവർ | 2013-14 മുതൽ (അർദ്ധ വർഷം 10238/- രൂപ) | 204750 |
| 7 | 26/896 | ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻ | 2010-11 മുതൽ 2015-16 വരെ (അർദ്ധ വർഷം 15750/- രൂപ) 2016-17 മുതൽ (അർദ്ധ വർഷം 15203/- രൂപ) | 386092 |
| 8 | 34/394/1 | എയർടെൽ | 2013-14 മുതൽ (അർദ്ധ വർഷം 11979/- രൂപ) | 239560 |
| 9 | 36/380/5 | വോഡഫോൺ | 2011-12 II Nd Half 5250/- 2013-14 മുതൽ 2014-15 വരെ (അർദ്ധ വർഷം 5250/- രൂപ), 2015-16 II Nd Half, 2016-17 II Nd Half 9501/- 2017-18 II Nd Half 9501/- 2018-19 II Nd Half 9501/- 2019-20 II Nd Half 9501/- 2020-21 II Nd Half 9501/- | |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം : 7/23-07-2022 ന് നൽകിയ മറുപടിയിൽ ക്രമ നമ്പർ 1,4,6,7,8,9 ൽ പരാമർശിച്ച മൊബൈൽ ടവറുകൾക്ക് വസ്തു നികുതി ഒടുക്കുന്നതിനുള്ള ഡിമാന്റ് നോട്ടീസ് പല പ്രാവശ്യം നൽകിയിട്ടുള്ളതാണെന്നും , 03-06-2022 ന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്ന് കാണിച്ച് നോട്ടീസ് നൽകിയിട്ടുണ്ടെന്നും, 10 ദിവസത്തിനുള്ളിൽ വസ്തു നികുതി ഒടുക്കാത്ത പക്ഷം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്നും , ക്രമ നമ്പർ 2,3,5 എന്നീ മൊബൈൽ ടവറുകൾക്ക് ഡിമാന്റ് നോട്ടീസ് നൽകി വസ്തു നികുതി അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വസ്തു നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

### 1-15 വസ്തു നികുതി പരിശോധന - അപാകതകൾ

സർക്കാർ ഉത്തരവ് (പി) നമ്പർ 3/2016/വ്യവ. തീയ്യതി 2.01.2016 പ്രകാരം ഒറ്റപ്പാലം നഗരസഭയിലും, ലെക്കിടി-പേരൂർ ഗ്രാമ പഞ്ചായത്തിലും സ്ഥിതിചെയ്യുന്ന പ്രദേശങ്ങൾ ഉൾപ്പെടുത്തി "കിൻഫ്ര ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ പാർക്ക് ഒറ്റപ്പാലം വ്യവസായ പ്രദേശ ഏകജാലക ക്ലിയറൻസ് ബോർഡ് " രൂപീകരിച്ചിട്ടുണ്ട്. കിൻഫ്ര ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ പാർക്കിൽ ഒറ്റപ്പാലം നഗരസഭ പരിധിയിലെ താഴെ പറയുന്ന പ്രദേശങ്ങൾ ഉൾപ്പെടുന്നുണ്ട്.

| ക്രമ നം. | വില്ലേജ് ഓഫീസ് | ദേശം നമ്പരും പേരും | റീ സർവേ ബ്ലോക്ക് നമ്പർ, റീ സർവേ സബ് ഡിവിഷൻ നമ്പർ | വിസ്തീർണ്ണം ( ആർ) |
|---|---|---|---|---|
| 1 | ഒറ്റപ്പാലം 2 | 206,പാലപ്പുറം | 92/7 | 7.90 |
| 2 | ഒറ്റപ്പാലം 2 | 206,പാലപ്പുറം | 97/3 | 195.00 |
| 3 | ഒറ്റപ്പാലം 2 | 206,പാലപ്പുറം | 97/4 | 30.58 |

| | | | | |
|---|---|---|---|---|
| 4 | ഒറ്റപ്പാലം 2 | 206,പാലപ്പുറം | 97/5 | 30.28 |
| ആകെ | | | | 263.76 |

മേൽ പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന കിൻഫ്ര ഇൻറഗ്രേറ്റഡ് ഇൻഡസ്ട്രിയൽ പാർക്ക്, കിൻഫ്ര ഡിഫൻസ് പാർക്ക് എന്നിവിടങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കിയതായി കാണുന്നില്ല.

കിൻഫ്ര ഇൻറഗ്രേറ്റഡ് ഇൻഡസ്ട്രിയൽ പാർക്കിലുള്ള കെട്ടിടങ്ങളിൽ നിന്നും 1994 ലെ കേരള കേരള മുനിസിപ്പാലിറ്റി ആക്ട്, 2011- ലെ കേരള മുനിസിപ്പാലിറ്റി ആക്ട് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എന്നിവ അനുസരിച്ച് വസ്തു നികുതി ഈടാക്കേണ്ടതാണ്.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 28.05.2011ലെ സ.ഉ(എംഎസ്) നം.98/2011 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വരവുകൾ IKM ഇ-പേയ്മെന്റ് ഗേറ്റ് വേയിലൂടെ ഇ-പെയ്മെന്റായും, ഇലക്ട്രോണിക് ട്രാൻസ്ഫറായും സ്വീകരിക്കാൻ അനുവാദം നൽകിയിട്ടുണ്ട്. വസ്തുനികുതി പിരിവ് ഊർജ്ജിതമാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കറന്റ് അക്കൗണ്ടിലേക്ക് സഞ്ചയ സോഫ്റ്റ് വെയർ മുഖേന ഐകെഎം ഇ-പെയ്മെന്റ് ഗേറ്റ് വേയിലൂടെ നികുതി സ്വീകരിക്കുന്നതിനുള്ള സൗകര്യമൊരുക്കാൻ സർക്കാർ നിർദ്ദേശം നൽകിയിരുന്നു.

2020-21വർഷത്തിലെ വാർഷിക കണക്കിലെ ബി-15 ഷെഡ്യൂൾ പ്രകാരം നഗരസഭക്ക് വസ്തുനികുതി ഇനത്തിൽ (13306491+2206884) = 15513375.00 രൂപ കുടിശികയായി ലഭിക്കാനുണ്ട്. ഇ-പെയ്മെന്റ് സംവിധാനം ഏർപ്പെടുത്തുന്നത് കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സഹായകരമാകും. നഗരസഭക്ക് ലഭിക്കേണ്ട വരവുകൾ കാര്യക്ഷമമായി പിരിച്ചെടുക്കുന്നതിനും, നികുതിദായകർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമുള്ള നടപടികൾ നഗരസഭ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം : 14/25-07-2022 ന് നൽകിയ മറുപടിയിൽ ഒറ്റപ്പാലം നഗരസഭാ പരിധിയിൽ സ്ഥിതി ചെയ്യുന്ന കിൻഫ്രാ ഇൻഡസ്ട്രിയൽ പാർക്ക്, കിൻഫ്രാ ഡിഫൻസ് പാർക്ക് എന്നീ സ്ഥലത്ത് റവന്യൂ വിഭാഗം പരിശോധിച്ചതിൽ നഗരസഭാ പരിധിയിൽ കിൻഫ്രാ ഡിഫൻസ് പാർക്കാണ് വരുന്നതെന്നും ആയതിന് അനുമതി ആവശ്യമില്ലെന്നുമാണ് അറിയിച്ചിട്ടുള്ളത്. നഗരസഭയിൽ ജീവനക്കാരുടെ കുറവുമൂലം ബിൽ കളക്ടർമാരായി ആരേയും നിയമിച്ചിട്ടില്ലെന്നും, ആയതിനാൽ ഫീൽഡിൽ പോയി നികുതി കുടിശ്ശിക പിരിക്കാൻ കഴിഞ്ഞിരുന്നില്ല. 1-4-2022 മുതൽ വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി ജോലി ചെയ്തിരുന്ന 5 ഡാറ്റാ എൻട്രി ജീവനക്കാരെ താത്കാലികമായി ബിൽ കളക്ടർമാരായി നിയമിച്ചിട്ടുണ്ടെന്നും, ആയത് പൂർത്തീകരിച്ചതിനുശേഷം കുടിശ്ശിക പിരിച്ചെടുക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഓൺലൈൻ സഞ്ചയ സോഫ്റ്റ് വെയർ സംവിധാനത്തിൽ ഇ-പെയ്മെന്റ് സൗകര്യം നികുതിദായകർ പ്രയോജനപ്പെടുത്തുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. കിൻഫ്രാ ഇൻഡസ്ട്രിയൽ പാർക്ക്, കിൻഫ്രാ ഡിഫൻസ് പാർക്ക് എന്നിവയിൽ നിന്നും വസ്തു നികുതി പിരിച്ചെടുക്കുന്നത് സംബന്ധിച്ച് മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശമുണ്ടായിരുന്നു (2018-19, 2019-20). കിൻഫ്രാ ഇൻഡസ്ട്രിയൽ പാർക്ക് നഗരസഭാ പരിധിയിൽ വരുന്നില്ലെന്നതിന് രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ വ്യക്തത വരുത്തേണ്ടതാണ്.
2. വസ്തു നികുതി കുടിശ്ശിക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-16 ഒരു ഉടമസ്ഥന്റെ കീഴിലുള്ളതും ഒരേ ഉപയോഗക്രമം ഉള്ളതുമായ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ചതിൽ അപാകതകൾ

2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 (4) പ്രകാരം ഒരു കെട്ടിടത്തിന്റെ തന്നെ വ്യത്യസ്ത ഭാഗങ്ങൾ (മുകൾ നിലകൾ ഉൾപ്പെടെ) വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണെങ്കിലോ, ഒരാളിന്റെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണങ്ങളാൽ ആ കെട്ടിടഭാഗങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പരുകൾ നൽകിയിട്ടുണ്ടെങ്കിലോ, ഓരോ ഭാഗത്തെയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് ഓരോന്നിനും വസ്തു നികുതി ചുമത്തേണ്ടതാണ്. ചട്ടം 3 (5)പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം 4-ാം ചട്ടം (1)-ാം ഉപചട്ടത്തിൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടഭാഗത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തു നികുതി ചുമത്തേണ്ടതുമാണ്.

4-ാം ചട്ടം (1)-ാം പ്രകാരമുള്ള ഉപയോഗ ക്രമം

(I) പാർപ്പിട ആവശ്യത്തിനായി ഉപയോഗിക്കുന്നവ;

(Ii) വ്യാവസായിക ആവശ്യത്തിനായി ഉപയോഗിക്കുന്നവ,

(Iii) വിദ്യാലയങ്ങൾക്കോ ആശുപ്രതികൾക്കോ ആയി ഉപയോഗിക്കുന്നവ;

(Iv) അമ്യൂസ്മെന്റ് പാർക്കുകൾ, മൊബൈൽ ടെലിഫോൺ ടവർ എന്നിവയ്ക്കായി ഉപയോഗിക്കുന്നവ,

(V) വാണിജ്യ ആവശ്യത്തിനായി ഉപയോഗിക്കുന്നവ. (Vi) മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നവ,

(Vii) സർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റേതെങ്കിലും ഇനം കെട്ടിടങ്ങൾ.

വസ്തു നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ ഫയലുകൾ, സഞ്ചയ വസ്തുനികുതിനിർണ്ണയ സോഫ്റ്റ് വെയർ എന്നിവ പരിശോധിച്ചതിൽ മേൽ ചട്ടപ്രകാരമല്ല വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നത് എന്ന് കാണുന്നു. വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നഗരസഭ നിർണ്ണയിച്ചിരിക്കുന്ന വസ്തുനികുതി ചതുരശ്ര മീറ്ററിന് 70 രൂപ എന്ന നിരക്കിലും 100 ച.മീറ്ററിന് മുകളിൽ ഉള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 90 രൂപ എന്ന നിരക്കിലുമാണ്. ഒരു ഉടമസ്ഥന്റെ കീഴിലുള്ളതും ഒരേ ഉപയോഗക്രമം ഉള്ളതുമായ ഒരു കെട്ടിടത്തിലുള്ള എല്ലാ മുറികളെയും ചേർത്ത് ഒരു യൂണിറ്റായി കണക്കാക്കി അവയുടെ ആകെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കേണ്ടതിനു പകരം ഒരു കെട്ടിടത്തിലെ വിവിധ മുറികളെ വിവിധ കെട്ടിടങ്ങളായി പരിഗണിക്കുകയും ഓരോ മുറിയുടെയും വിസ്തീർണ്ണം 100ച.മീറ്ററിൽ കുറവായതിനാൽ 70 രൂപ/ച.മീ. എന്ന നിരക്കിൽ നികുതി നിർണ്ണയിക്കുകയും ചെയ്തതായി കാണുന്നു. വസ്തു നികുതി നിർണ്ണയിച്ച ഏതാനും കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമ, കെട്ടിടത്തിന്റെ ഉപയോഗക്രമം, കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം. | അനുവദിച്ച കെട്ടിട നമ്പർ | തറവിസ്തീർണ്ണം | നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി (70 രൂപ/ച.മീ. എന്ന നിരക്കിൽ ) |
|---|---|---|---|---|
| 1 | കിരൺ നായർ , വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള കെട്ടിടങ്ങൾ, 184.66 ച.മീറ്റർ | 12/467 | 34.07 | 2384.9 |
| | | 12/467/1 | 17.78 | 1244.6 |
| | | 12/467/2 | 8.66 | 606.2 |
| | | 12/467/3 | 46.29 | 3240.3 |
| | | 12/467/4 | 77.86 | 5450.2 |
| 2 | റംല അബൂബക്കർ, വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള കെട്ടിടങ്ങൾ, 339.13 ച.മീറ്റർ | 25/973/1 | 19.95 | 1396.5 |
| | | 25/973/1 | 19.95 | 1396.5 |
| | | 25/973/2 | 19.95 | 1396.5 |
| | | 25/973/3 | 19.95 | 1396.5 |
| | | 25/973/4 | 19.95 | 1396.5 |
| | | 25/973/5 | 19.95 | 1396.5 |
| | | 25/973/6 | 19.95 | 1396.5 |
| | | 25/973/7 | 19.95 | 1396.5 |
| | | 25/973/8 | 19.95 | 1396.5 |
| | | 25/973/9 | 19.92 | 1394.4 |
| | | 25/973/10 | 19.95 | 1396.5 |
| | | 25/973/11 | 19.95 | 1396.5 |
| | | 25/973/12 | 19.96 | 1397.2 |
| | | 25/973/13 | 19.95 | 1396.5 |
| | | 25/973/14 | 19.95 | 1396.5 |
| | | 25/973/15 | 19.95 | 1396.5 |
| | | 25/973/16 | 19.95 | 1396.5 |
| | | 25/973/17 | 19.95 | 1396.5 |
| 3 | വി.പി.അശോക്, വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള കെട്ടിടങ്ങൾ, 184.66 ച.മീറ്റർ | 27/36/1 | 33.66 | 2356.2 |
| | | 27/36/3 | 65 | 4550 |
| | | 27/36/4 | 65 | 4550 |
| | | 27/36/5 | 65 | 4550 |
| | | 27/36/6 | 65 | 4550 |
| | | 27/36/7 | 63.6 | 4452 |
| | | 27/36/8 | 63.6 | 4452 |
| | | 27/36/9 | 63.6 | 4452 |
| | | 27/36/10 | 63.6 | 4452 |

| | | | | |
|---|---|---|---|---|
| | | 27/36/11 | 63.6 | 4452 |
| | | 27/36/12 | 63.6 | 4452 |
| | | 27/36/13 | 67.28 | 4709.6 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/26.07.2022) ലഭിച്ച മറുപടി നിലവിലെ ചട്ടപ്രകാരം അംഗീകരിക്കാവുന്നതല്ല. വസ്തുനികുതിനിർണ്ണയിക്കുന്നത് പുനപരിശോധിക്കേണ്ടതും തെറ്റായി നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-17 വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകതകൾ മൂലം നികുതി വരവിൽ നഗരസഭയ്ക്ക് നഷ്ടം

വസ്തു നികുതി നിർണ്ണയ രജിസ്റ്റർ(സഞ്ചയ സോഫ്റ്റ്‌വെയറിലെ ഫോറം-6), മറ്റ് അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചപ്പോൾ, നഗരസഭ പ്രദേശത്തെ വിവിധ വാണിജ്യ/ വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളെ നികുതി നിർണ്ണയിച്ചിട്ടുള്ളത് അവയുടെ യഥാർത്ഥ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിലല്ല എന്ന് കണ്ടെത്തി.

നഗരസഭ നിർണ്ണയിച്ച നികുതി നിരക്ക് (ച.മീറ്ററിന്)

100 ച.മീറ്ററിൽ താഴെ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ- 70/- രൂപ

100 ച.മീറ്ററിൽ കൂടുതലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ- 90/- രൂപ

എന്നാൽ 100 ച.മീറ്ററിൽ കൂടുതലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ 100 ച.മീറ്ററിൽ താഴെ വിസ്തീർണ്ണമുള്ളവ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി ഈടാക്കുന്നതിൻമൂലം നഗരസഭയ്ക്ക് നികുതി ഇനത്തിൽ വർഷംതോറും വൻതുക നഷ്ടം സംഭവിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ, ഉടമ | തറവിസ്തീർണ്ണം | നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി നിരക്ക് (70/- രൂപ) | നിർണ്ണയിക്കേണ്ട അടിസ്ഥാന വസ്തുനികുതി നിരക്ക് (90/- രൂപ) | പ്രതി വർഷം വസ്തുനികുതി നഷ്ടം |
|---|---|---|---|---|---|
| 1 | 33/122/1/ ശിവപ്രിയ ശ്രീജിത്ത് | 278.14 M2 | 19469.8/- | 25032.6/- | 5562.8/- |
| 2 | 15/324/35 കമ്പനി ചെയർമാൻ . & എം.ഡി | 121.22 M2 | 8485.4/- | 10909.8/- | 2424.4/- |
| 3 | 28/309/1 കമലം | 194.98 M2 | 13648.6/- | 17548.2/- | 3899.6/- |
| 4 | 23/360/1 ഫാറൂഖ് & റഷീദ | 1150.91 M2 | 80563.7/- | 103581.9/- | 23018.2/- |
| 5 | 23/360/2 ഫാറൂഖ് & റഷീദ | 360.28 M2 | 25219.6/- | 35425.2/- | 10205.6 |
| 6 | 23/360/3 ഫാറൂഖ് & റഷീദ | 176.43 M2 | 12350.1/- | 15878.7/- | 3528.6/- |
| 7 | 7/536/2 പ്രസിഡന്റ്, എൻ.എസ്.എസ് | 349.5 M2 | 24465/- | 31455/- | 6990/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 26/26.07.2022മറുപടിയായി വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ടുള്ള ഡാറ്റാ എൻട്രി നടത്തുമ്പോൾ സംഭവിച്ച പിഴവാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. വസ്തുനികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-18 ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുന്നതിലെ അപാകതകൾ

2020-21 സാമ്പത്തിക വർഷത്തിലെ കെട്ടിടനിർമ്മാണത്തിന് അനുമതി നൽകിയത്, ഫീസ് ഈടാക്കിയത് എന്നിവ നിയമാനുസൃതമായാണോ എന്നും സമയബന്ധിതമായി പെർമിറ്റ് അനുവദിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. കെട്ടിടനിർമ്മാണ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ തുടർ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

1-18-1 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല.

കെട്ടിടനിർമ്മാണ രജിസ്റ്റർ പരിശോധിച്ചതിൽ തൻവർഷം 787 കെട്ടിടങ്ങൾക്ക് നിർമ്മാണ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. രജിസ്റ്ററിൽ അപേക്ഷ ലഭിച്ച തിയതി , എഫ്.എ.ആർ, സെക്ഷനിൽനിന്നും സബ്മിറ്റ് ചെയ്ത തിയതി, ഈടാക്കിയ പെർമിറ്റ് ഫീസ്, പെർമിറ്റ് നിരസിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണങ്ങൾ, അപേക്ഷകന് അറിയിപ്പ് നൽകിയത് മുതലായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. തൻമൂലം അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നുണ്ടോ എന്ന് ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

1-18-2 കെട്ടിട നിർമ്മാണങ്ങളുടെ വിവരങ്ങൾ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല.

2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 104 ൽ ഓരോ 3 മാസം കൂടുമ്പോളും നഗരസഭയിൽ ബിൽഡിംഗ് പെർമിറ്റിനായി ലഭിച്ച അപേക്ഷകളുടെ എണ്ണം, ഇതിൽ നടപടികൾ സ്വീകരിച്ചവ, നിശ്ചിത സമയപരിധിക്കകം നടപടികൾ സ്വീകരിക്കാത്ത ഫയലുകൾ, റഗുലറൈസേഷനായി ലഭിച്ച അപേക്ഷകൾ, അതിൽ നടപടികൾ എടുക്കാൻ ബാക്കിയുള്ളത്, പ്രദേശത്ത് നടന്നിട്ടുള്ള അനധികൃത നിർമ്മാണങ്ങളുടേയും ആയതിന്മേൽ സ്വീകരിച്ച തുടർനടപടികളുടേയും വിവരം എന്നീ വിവരങ്ങൾ സർക്കാറിനെ അറിയിക്കേണ്ടതാണ്. എന്നാൽ ഇത്തരം വിവരങ്ങൾ സർക്കാറിലേക്ക് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (27/26.07.22) മറുപടി ലഭിച്ചിട്ടില്ല.

1-19 അനധികൃത നിർമ്മാണങ്ങളുടെ ക്രമവൽക്കരണവും, വസ്തു നികുതി നിർണ്ണയവും നികുതി ചുമത്തലും- അപാകതകൾ

2020-21 സാമ്പത്തിക വർഷത്തിലെ വസ്തു നികുതി നിർണ്ണയവും നികുതി ചുമത്തലും, അനധികൃത നിർമ്മാണങ്ങളുടെ ക്രമവൽക്കരണവും, ക്രമവൽക്കരണത്തിന്റെ രാജിയാക്കൽ ഫീസ് ഈടാക്കലും നിയമാനുസൃതമായാണോ എന്ന് പരിശോധിക്കുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. ബിൽഡിംഗ് റെഗുലറൈസേഷൻ രജിസ്റ്റർ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ തുടർ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

1-19-1 റെഗുലറൈസേഷൻ രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല

2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 95 ൽ റെഗുലറൈസേഷൻ അനവദിച്ചിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ Appendix-G2 മാതൃകയിലുള്ള രജിസ്റ്ററിൽ എഴുതി സൂക്ഷിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ നഗരസഭയിൽ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും രജിസ്റ്ററിൽ പൂർണ്ണ വിവരങ്ങൾ , റെഗുലറൈസേഷനായി അപേക്ഷ ലഭിച്ച തിയതി, കെട്ടിടങ്ങളുടെ വിവരങ്ങൾ മുതലായവ എഴുതിയിട്ടില്ല. റെഗുലറൈസേഷനായുള്ള അപേക്ഷകളിൽ ഒരു പുതിയ പെർമിറ്റ് അനുവദിക്കുന്നതുപോലെയുള്ള സമയക്രമം പാലിക്കേണ്ടതാണ്. എന്നാൽ റെഗുലറൈസേഷൻ രജിസ്റ്ററിൽ അപേക്ഷ ലഭിച്ച തിയതി രേഖപ്പെടുത്തുന്നില്ല. തൻമൂലം അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നുണ്ടോ എന്ന് ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

1-19-2 റെഗുലറൈസേഷന് ചട്ടപ്രകാരം ഈടാക്കേണ്ട ഫീസിനേക്കാളും ഉയർന്ന നിരക്കിൽ ഫീസ് ഈടാക്കുന്നു.

2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 93 പ്രകാരം ഒരു ക്രമവൽക്കരണത്തിനുള്ള അപേക്ഷയുടെ തീർപ്പാക്കൽ നടപടിക്രമം ഒരു പുതിയ പെർമിറ്റിനുള്ള അപേക്ഷയുടെ കാര്യത്തിലെന്നപോലെ തന്നെയായിരിക്കേണ്ടതും ചട്ടം 95 പ്രകാരം പെർമിറ്റ് എടുക്കാതെയുള്ളവ ആല്ലെങ്കിൽ ആംഗീകൃത പെർമിറ്റിൽ നിന്ന് വ്യതിചലിച്ച് നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് അപ്രകാരമുള്ള നിർമ്മാണങ്ങൾ ചട്ടങ്ങൾ പാലിച്ചിട്ടുണ്ടെങ്കിൽ പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടി രാജിയാക്കൽ ഫീസായി ഈടാക്കിക്കൊണ്ട് നിർമ്മാണം സെക്രട്ടറിക്ക് ക്രമവൽക്കരിക്കാവുന്നതാണ്. എന്നാൽ സെക്രട്ടറിയുടെ കെട്ടിട നിർമ്മാണ അനുമതിയില്ലാതെ നിർമ്മാണം പൂർത്തീകരിച്ച വിവിധ കെട്ടിടങ്ങളുടെ നിർമ്മാണങ്ങൾ ക്രമവൽക്കരിച്ച് നൽകുമ്പോൾ നിയമാനുസൃത രാജിയാക്കൽ ഫീസ് പെർമിറ്റ് ഫീസിന്റെ രണ്ട് ഇരട്ടി ഈടാക്കുന്നതിന് പകരം പെർമിറ്റ് ഫീസിന്റെ മൂന്നിരട്ടി ഈടാക്കുന്നതായി കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 27/26.07.22 മറുപടി ലഭിച്ചിട്ടില്ല. ചട്ട പ്രകാരമുള്ള നിരക്കിൽ മാത്രം റെഗുലറൈസേഷൻ ഫീസ് ഈടാക്കേണ്ടതാണ്.

1-20 ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല

നഗരസഭാ പരിധിയിലെ ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കാത്തതിനാൽ ലൈസൻസ് പരിധിയിൽ വരുന്ന മുഴുവൻ സ്ഥാപനങ്ങളും ഡിമാന്റിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നും ലൈസൻസ് എടുത്തിട്ടുണ്ടോ എന്നും ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ലൈസൻസ് ഫീ ഡിമാന്റ് കൃത്യത ഉറപ്പാക്കുന്നതിന് ഫീൽഡ് വെരിഫിക്കേഷൻ നടത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതുമാണ്.

1-21 വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ- ചട്ടപ്രകാരമുള്ള നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്.

30.11.2020 ലെ കേരള മുനിസിപ്പാലിറ്റി ലൈസൻസ് അനുവദിക്കൽ ഭേദഗതി ചട്ടങ്ങൾ പ്രകാരം, 2011 ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നാണ് നിലവിൽ അറിയപ്പെടുന്നത്. പട്ടിക മൂന്ന് ഭേദഗതി ചെയ്ത് മൂലധനത്തിന്റെ അടിസ്ഥാനത്തിലാണ് ഫീസ് ഈടാക്കേണ്ടത് എന്നാക്കിയിട്ടുണ്ട്. ലൈസൻസ് ഫീസിനത്തിൽ ചുമത്താവുന്ന ഉയർന്ന ഫീസ്/ഈടാക്കാവുന്ന വാർഷിക ലൈസൻസ് ഫീസ് ഈടാക്കേണ്ടത് താഴെ പറയുന്ന നിരക്കിലാണ്.

1.സൂക്ഷ്മസംരംഭങ്ങൾ ( Micro Enterprises) ( മൂലധന നിക്ഷേപം ഉൽപാദന മേഖലയിൽ ഇരുപത്തിയഞ്ചുലക്ഷം രൂപയിൽ കവിയാത്തതും സേവന മേഖലയിൽ പത്തു ലക്ഷം രൂപയിൽ കവിയാത്തതും) 500/-ക.

2.ലഘു സംരംഭങ്ങൾ (Mini Enterprises) ( മൂലധന നിക്ഷേപം ഉൽപാദന മേഖലയിൽ ഇരുപത്തിയഞ്ചു ലക്ഷം രൂപയിൽകവിയുന്നതും ഒരു കോടി രൂപയിൽ കവിയാത്തതും സേവന മേഖലയിൽ പത്തു ലക്ഷം രൂപയിൽകവിയുന്നതും അമ്പതു ലക്ഷം രൂപയിൽ കവിയാത്തതും) 1000/-ക.

3.ചെറു സംരംഭങ്ങൾ (Small Enterprises) ( മൂലധന നിക്ഷേപം ഉൽപാദന മേഖലയിൽ ഒരു കോടി രൂപയിൽകവിയുന്നതും അഞ്ചു കോടി രൂപയിൽ കവിയാത്തതും സേവന മേഖലയിൽ അമ്പതു ലക്ഷം രൂപയിൽകവിയുന്നതും രണ്ടു കോടി രൂപയിൽകവിയാത്തതും) 5000/-ക.

4.ഇടത്തരംസംരംഭങ്ങൾ (Medium Enterprises) ( മൂലധന നിക്ഷേപം ഉൽപാദന മേഖലയിൽ അഞ്ചു കോടിരൂപയിൽ കവിയുന്നതും പത്തു കോടി രൂപയിൽ കവിയാത്തതും സേവന മേഖലയിൽ രണ്ടു കോടിരൂപയിൽ കവിയുന്നതും അഞ്ചു കോടി രൂപയിൽകവിയാത്തതും) 10000/-ക.

5.വലിയ സംരംഭങ്ങൾ (Large Enterprises) ( മൂലധന നിക്ഷേപം ഉൽപാദന മേഖലയിൽ പത്തു കോടി രൂപയിൽകവിയുന്നതുംസേവന മേഖലയിൽ അഞ്ചു കോടിരൂപയിൽ കവിയുന്നതും 15000/-ക.

എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ തൻവർഷം മൂലധനത്തിന്റെ അടിസ്ഥാനത്തിലല്ല ലൈസൻസ് ഫീ ഈടാക്കിയിരിക്കുന്നത് എന്ന് കാണുന്നു. ചട്ടങ്ങളിലെ ഭേദഗതി പ്രകാരമുള്ള നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്.

1-22 ലീസ് ഓൺ ലാന്റെ - കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

അബ്ദുൽ റഷീദ് എന്നവർക്ക് നഗരസഭയുടെ ഉടമസ്ഥതയിലുള്ള സ്ഥലം വാടകയ്ക്ക് നൽകിയിരുന്നു. ടി സ്ഥലത്തിൽ ചൈനീസ് മേള എന്നപേരിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന് 2018- 2019 വർഷം ലൈസൻസ് പുതുക്കി നൽകിയിരുന്നില്ല. ഇതിനെതിരായി ടിയാൻ ഹൈക്കോടതിയിൽ Wpc No. 18584/2020 നമ്പറായി കേസ് ഫയൽ ചെയ്യുകയും ടി കേസിൽ നഗരസഭയ്ക്കനുകൂലമായി 14.09.2020 ൽ കോടതി വിധി പുറപ്പെടുവിച്ചിട്ടുമുണ്ട്. എന്നാൽ ഇതുവരെയായും കോടതി വിധി നടപ്പിലാക്കുകയോ കക്ഷിയിൽനിന്നും വാടക കുടിശ്ശിക ഈടാക്കുകയോ ചെയ്തിട്ടില്ല.
വാർഷിക ധനകാര്യ പത്രികയിൽ Lease On Land എന്ന ഹെഡിൽ 5,50,639/- രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. എന്നാൽ വാടക രജിസ്റ്ററിൽ കുടിശ്ശിക തുകയുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഇവയുടെ വിശദവിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 20/25.07.22 മറുപടി ലഭിച്ചിട്ടില്ല. നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-23 ഭൂരിഭാഗം കടമുറികളും വാടകക്ക് നൽകാതെ ഒഴിഞ്ഞ് കിടക്കുന്നു

2020-21 വർഷം നഗരസഭയിലെ വിവിധ കെട്ടിടങ്ങൾ വാടകക്ക് നൽകിയത് സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 565 -(ബി) പ്രകാരം നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകക്ക് നൽകുന്നതിന് ബൈലോ തയ്യാറാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ നഗരസഭയിലെ കെട്ടിടങ്ങൾ വാടകക്ക് നൽകുന്നതിനുള്ള ബൈലോ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കിയിട്ടില്ല.

2)2000 ലെ മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ 10 പ്രകാരം നഗരസഭയിലെ ലൈസൻസ് വ്യവസ്ഥയിൽ വാടകയ്ക്കോ, പാട്ടത്തിനോ നൽകുന്ന കടമുറികൾ/ബങ്കുകൾ/സ്റ്റാളുകൾ മുതലായവയുടെ ഓരോ ഇനത്തിലും 10% പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട ആളുകൾക്കുവേണ്ടി സംവരണം ചെയ്തു നൽകേണ്ടതാണ്. എന്നാൽ മുറികൾ വാടകയ്ക്ക് നൽകുന്നതിൽ ഈ സംവരണതത്വം പാലിക്കപ്പെട്ടിട്ടില്ല.
3) 2020-21 കാലയളവിലെ നഗരസഭ ഷോപ്പിംഗ് കോംപ്ലക്സുകളിലെ മുറികൾ സംബന്ധിച്ച വാടക രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | ബസ് സ്റ്റാന്റെ ഷോപ്പിംഗ് കോംപ്ലക്സ് (Old)& മിനി ഷോപ്പിംഗ് കോംപ്ലക്സ് (Old) | മാർക്കറ്റ് കം ഷോപ്പിംഗ് കോംപ്ലക്സ് | ബസ് സ്റ്റാന്റെ കം ഷോപ്പിംഗ് കോംപ്ലക്സ് (New) |
|---|---|---|---|
| ആകെ മുറികളുടെ എണ്ണം | 71 | 37 | 82 |
| വാടകക്ക് നൽകിയവയുടെ എണ്ണം | 71 | 18 | 24 |
| ഒഴിഞ്ഞു കിടക്കുന്നവയുടെ എണ്ണം | - | 19 | 59 |
| ഒഴിഞ്ഞു കിടക്കുന്നവയുടെ ശതമാനം | 0 | 51% | 72% |

ഒഴിവായി കിടക്കുന്ന കടമുറികൾ ലേലം നടത്തി എല്ലാ മുറികളും വാടകയ്ക്ക് നൽകുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് വാടക വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.
4)വാടക രജിസ്റ്ററിലെ രേഖപ്പെടുത്തലുകളുടെ കൃത്യത മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ പരിശോധിക്കുകയോ, സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

5)2000 ലെ മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾചട്ടം 7(2)- പ്രകാരം വാടകക്കാരുമായി ഏർപ്പെടുന്ന കരാർ പത്രങ്ങളിൽ കടമുറിയുടെ വിശദാംശങ്ങൾ, കെട്ടിട നമ്പർ, ലൈസൻസികളുടെ ഒപ്പ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. മതിയായ വിവരങ്ങൾ ഉൾപ്പെടുത്തി കരാർ പത്രങ്ങൾ ചമക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

6)വാർഷിക ധനകാര്യപത്രിക പ്രകാരം കടമുറികളുടെ വാടക ഇനത്തിൽ 22,31,091/- രൂപ കുടിശ്ശിക ഉണ്ട്. വാടക രജിസ്റ്ററിൽ സംക്ഷിപ്തം തയ്യാറാക്കി എഴുതി സൂക്ഷിച്ചിട്ടില്ല. ഇവ പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 19/25.07.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-24 എസ്.എസ്.എ. നഗരസഭ വിഹിതം-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

തൻവർഷം ഹെഡ്മാസ്റ്റർ, ഗവൺമെന്റെ ഹൈസ്കൂൾ നിർവ്വഹണം നടത്തിയ എസ്.എസ്.എയ്ക്ക് വിഹിതം നൽകൽ എന്ന പ്രോജക്ടുകളുമായി ബന്ധപ്പെട്ട് താഴെപ്പറയും പ്രകാരം ചെലവുകൾ നിർവ്വഹിച്ചിട്ടുണ്ട്.

| പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | ചെലവഴിച്ച തുക | ബിൽ വിവരങ്ങൾ (നം, തീയ്യതി,തുക) |
|---|---|---|---|
| 185/ 20-21 എസ്.എസ്.എ. നഗരസഭ വിഹിതം | 10,00,000/- (വികസന ഫണ്ട്, പൊതുവിഭാഗം) | 10,00,000/- | 1/20-21, Rs. 10,00,000/- Dated 22.04.20 |

നഗരസഭയിൽ നിന്ന് തൻവർഷം 10,00,000/-രൂ. എസ്.എസ്.എ നഗരസഭ വിഹിതമായി ജില്ലാ പ്രോജക്ട് കോർഡിനേറ്ററുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം. 0812101063416 CNRB0000812) കൈമാറിയിട്ടുണ്ട്. എന്നാൽ എസ്.എസ്.എയിൽ നിന്നുള്ള ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഏതൊക്കെ

ഇനങ്ങൾക്ക് എത്രവീതം ചിലവഴിച്ചു എന്നത് വ്യക്തമാകുന്ന രീതിയിൽ വിനിയോഗ സാക്ഷ്യപത്രം(ഘടകങ്ങളുടെ വ്യക്തമായ ചെലവ് സഹിതം) പരിശോധനയക്ക് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 17/25.07.22)

1-25 പഠനത്തിൽ പിന്നോക്കം നിൽക്കുന്ന പത്താംതരം വിദ്യാർത്ഥികൾക്ക് സ്പെഷൽ കോച്ചിംഗിന് റീഫ്രെഷ്മെന്റെ - മാർഗരേഖയ്ക്ക് വിരുദ്ധം

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവൺമെന്റെ ഹൈസ്കൂൾ |
| പ്രോജക്ട് നമ്പർ/പേര് | 479/21 നഗരസഭാ പരിധിയിലെ ഹൈസ്കൂളുകളിൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന പത്താംതരം വിദ്യാർത്ഥികൾക്ക് സ്പെഷൽ കോച്ചിംഗിന് റീഫ്രെഷ്മെന്റെ (സ്പിൽ ഓവർ) |
| അടങ്കൽ | ₹1,00,000 /- വികസനഫണ്ട് ജനറൽ |
| ചെലവ് | ₹1,00,000/- 2/26-05-2020 |

പ്രോജക്ട് പ്രകാരം നഗരസഭാ പരിധിയിലെ 4 ഹൈസ്കൂളുകളിൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന പത്താംതരം വിദ്യാർത്ഥികൾക്ക് മികച്ച വിജയം നേടുന്നതിനായി സ്പെഷൽ കോച്ചിംഗിന് 15-01-2020 മുതൽ 27-02-2020 തിയതി വരെ വൈകുന്നേരം 4 മണി മുതൽ 7 മണി പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് ചായയും ലഘുഭക്ഷണവും കൊടുക്കുന്നതിനായി ഒരു വിദ്യാർത്ഥിക്ക് @20 പ്രകാരം ഒരു സ്കൂളിലേക്ക് 25,000/- രൂപ വീതം ആകെ 1,00,000/- വികസന ഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ)17/2018/ത.സ്വ.ഭ.വ തീയതി 02-02-2018 ഖ. 7-8.3 ൽ വിദ്യാഭ്യാസ മേഖലയിൽ നടത്താവുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ചും, നഗരസഭകൾക്ക് ഏറ്റെടുക്കാവുന്ന ഭക്ഷണ വിതരണ പരിപാടികളെക്കുറിച്ചും, ഭക്ഷണ വിതരണം നടത്താവുന്ന ഇനങ്ങളെ കുറിച്ചും വ്യക്തമാക്കിയിട്ടുണ്ട്. ഇതിൻ പ്രകാരം സർക്കാർ സ്കൂളുകളിലെ ഏഴാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് പ്രഭാതഭക്ഷണം നൽകുന്നതിനുള്ള പദ്ധതികളാണ് നഗരസഭകൾക്ക് ഏറ്റെടുക്കാവുന്നത്. സർക്കാർ നിർദ്ദേശം പാലിക്കാതെ ലഘുഭക്ഷണ വിതരണത്തിനായി 1,00,000/- ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (17/25.07.22) സ്കൂളിൽ വളരെ പിന്നോക്കാവസ്ഥയിൽ നിന്ന് വരുന്ന വിദ്യാർത്ഥികളാണ് ഏറിയ പങ്കം വരുന്നതെന്നും അതിനാലാണ് ഭക്ഷണ വിതരണം നടത്തിയതെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. ലഘുഭക്ഷണ വിതരണത്തിനായുള്ള ഫണ്ട് സ്പോൺസർഷിപ്പ് മുഖാന്തിരവും, പി ടി എ ഫണ്ടുപയോഗിച്ചും കണ്ടെത്തേണ്ടതാണ്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് കൊണ്ട് വികസന ഫണ്ട് ചെലവഴിക്കേണ്ടതാണ്.

1-26 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമേശയും കസേരയും - സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി പ്രൊജക്ട് നിർവ്വഹിച്ചു

ഹെഡ് മാസ്റ്റർ, ഗവൺമെന്റെ ഹൈസ്കൂൾ നിർവ്വഹണ ഉദ്യോഗസ്ഥനായി പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമേശയും കസേരയും എന്ന പദ്ധതി പ്രകാരം ആർട്ട്കോ എന്ന സ്ഥാപനത്തിൽനിന്നും 2,54,796/- രൂപ ചിലവിൽ 51 പഠനമേശയും കസേരയും വാങ്ങിയിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

| | | |
|---|---|---|
| പ്രോജക്ട് നം & പേര് | : | 103/21 (SO) – പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമേശയും കസേരയും |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | ഹെഡ് മാസ്റ്റർ, ഗവൺമെന്റെ ഹൈസ്കൂൾ |
| ഫണ്ടിനം | : | എസ്.സി.പി |
| വകയിരുത്തിയ തുക | : | 4,00,000/- രൂപ |
| ചെലവഴിച്ച തുക | : | 2,54,796/- രൂപ ബിൽ നം.4/21 തീയതി 27.03. 21 |

സ.ഉ.(സാധാ) നം. 08/2020 എസ്.പി.ഡി തീ.10.02.2020 ഖണ്ഡിക 4 ലെ ഉത്തരവിലെ അനുബന്ധ പട്ടികയിൽ ഉൾപ്പെടുത്തിയ ഇനങ്ങൾ മാത്രമേ ടെണ്ടർ / ക്വട്ടേഷൻ നടപടികൾ ഇല്ലാതെ വാങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുള്ളത്.

സർക്കാർ ഉത്തരവ് (പി) 7/19/ എസ് പി ഡി തീയതി 26.4.19 പ്രകാരം 25000 രൂപക്ക് മുകളിലുള്ളതും Gem -ൽ ലഭ്യമായതുമായ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നത് GeM പോർട്ടൽ മുഖേനയാകണമെന്നും അല്ലാത്തവ മറ്റു മാർഗ്ഗങ്ങളിലൂടെ വാങ്ങണമെന്നും നിഷ്കർഷിച്ചിട്ടുണ്ട് . മേൽ പ്രതിപാദിച്ച സാധനങ്ങൾ Gem -ൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് ഉറപ്പു വരുത്താതെയാണ് അക്രഡിറ്റഡ് ഏജൻസി മുഖേന വാങ്ങലുകൾ നടത്തിയിട്ടുള്ളത്. (ഓഡിറ്റ് എൻക്വയറി നം. 17/25.07.2022)

പദ്ധതി/സബ്സിഡി മാർഗ്ഗരേഖകളിലെ നിർദേശങ്ങൾക്കും, പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ വ്യവസ്ഥകൾക്കും അനുസൃതമായി പദ്ധതി നടപ്പിലാക്കേണ്ടതാണ്.

1-27 എസ്.എസ്.എ. നഗരസഭ വിഹിതം-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

തൻവർഷം പ്രിൻസിപ്പാൾ, ജി.എച്ച്.എസ് നിർവ്വഹണം നടത്തിയ എസ്.എസ്.എയ്ക്ക് വിഹിതം നൽകൽ എന്ന പ്രോജക്റ്റുകളുമായി ബന്ധപ്പെട്ട് താഴെപ്പറയും പ്രകാരം ചെലവുകൾ നിർവ്വഹിച്ചിട്ടുണ്ട്.

| പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | ചെലവഴിച്ച തുക | ബിൽ വിവരങ്ങൾ (നം, തീയ്യതി,തുക) |
|---|---|---|---|
| 5/ 20-21 എസ്.എസ്.എ. നഗരസഭ വിഹിതം | 10,00,000/-(വികസന ഫണ്ട്, പൊതുവിഭാഗം) | 10,00,000/- | 1/20-21, Rs. 10,00,000/- Dated 30.03.21 |

നഗരസഭയിൽ നിന്ന് തൻവർഷം 10,00,000/- രൂ. എസ്.എസ്.എ നഗരസഭ വിഹിതമായി ജില്ലാ പ്രോജക്ട് കോർഡിനേറ്ററുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം. 0812101063416 CNRB0000812) കൈമാറിയിട്ടുണ്ട്. എന്നാൽ എസ്.എസ്.എയിൽ നിന്നുള്ള ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഏതൊക്കെ ഇനങ്ങൾക്ക് എത്രവീതം ചിലവഴിച്ചു എന്നത് വ്യക്തമാകുന്ന രീതിയിൽ വിനിയോഗ സാക്ഷ്യപത്രം (ഘടകങ്ങളുടെ വ്യക്തമായ ചെലവ് സഹിതം) പരിശോധനയക്ക് ഹാജരാക്കേണ്ടതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 16/25.07.2022 ന് ലഭ്യമാക്കിയ മറുപടിയിൽ ഇതു സംബന്ധിച്ച് എസ്.എസ്.എ . കോർഡിനേറ്ററുമായി ബന്ധപ്പെട്ട് വ്യക്തത വരുത്താം എന്ന് അറിയിച്ചിട്ടുണ്ട്.

1-28 സ്കൂൾ സൗകര്യം മെച്ചപ്പെടുത്തുന്നതിനായി ഫർണ്ണിച്ചർ വാങ്ങൽ- സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി പ്രൊജക്ട് നിർവ്വഹിച്ചു

പ്രിൻസിപ്പാൾ (ഗവ ഹയർ സെക്കണ്ടറി സ്കൂൾ) നിർവ്വഹണ ഉദ്യോഗസ്ഥനായി *'ഗവ ഹയർ സെക്കണ്ടറി സ്കൂൾ സൗകര്യം മെച്ചപ്പെടുത്തുന്നതിനായി ഫർണ്ണിച്ചർ വാങ്ങൽ'* എന്ന പദ്ധതി പ്രകാരം ആർട്ട്കോ എന്ന സ്ഥാപനത്തിൽനിന്നും 30 ബെഞ്ച്, 30 ഡെസ്ക്ക് എന്നിവ വാങ്ങിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നം & പേര് | : 255/21 (SO) - ഗവ ഹയർ സെക്കണ്ടറി സ്കൂൾ സൗകര്യം മെച്ചപ്പെടുത്തൽ,(ഫർണ്ണിച്ചർ, പാചകപാത്രങ്ങൾ ഉൾപ്പെടെ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : പ്രിൻസിപ്പാൾ, ഗവ ഹയർ സെക്കണ്ടറി സ്കൂൾ |
| ഫണ്ടിനം | : ധനകാര്യ കമ്മീഷൻ അവാർഡ് |
| വകയിരുത്തിയ തുക | : 4,00,000/- രൂപ |
| ചെലവഴിച്ച തുക | : 2,89,670/- രൂപ ബിൽ നം.2/21 തീയതി 15.05.2020 |

ടി പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് സ.ഉ.(സാധാ) നം. 08/2020 എസ്.പി.ഡി തീ.10.02.2020 ഖണ്ഡിക 4 ലെ അനുബന്ധ പട്ടികയിൽ ഉൾപ്പെടുത്തിയ ഇനങ്ങൾക്ക് മാത്രമാണ് ടെണ്ടർ / ക്വട്ടേഷൻ നടപടികൾ ഇല്ലാതെ വാങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. സർക്കാർ ഉത്തരവ് (പി) 7/19/ എസ് പി ഡി തീയതി 26.4.19 പ്രകാരം 25000 രൂപക്ക് മുകളിലുള്ളതും Gem -ൽ ലഭ്യമായതുമായ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നത് GeM പോർട്ടൽ മുഖേനയാകണമെന്നും അല്ലാത്തവ മറ്റു മാർഗ്ഗങ്ങളിലൂടെ വാങ്ങണമെന്നും നിഷ്കർഷിച്ചിട്ടുണ്ട് . മേൽ പ്രതിപാദിച്ച സാധനങ്ങൾ Gem -ൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് ഉറപ്പു വരുത്താതെയാണ് അക്രഡിറ്റഡ് ഏജൻസി മുഖേന വാങ്ങലുകൾ നടത്തിയിട്ടുള്ളത്. പദ്ധതി/സബ്സിഡി മാർഗ്ഗരേഖകളിലെ നിർദേശങ്ങൾക്കും, പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ വ്യവസ്ഥകൾക്കും അനുസൃതമായി പദ്ധതികൾ നടപ്പിലാക്കേണ്ടതാണ് . (ഓഡിറ്റ് എൻക്വയറി നം. 16/25.07.22)

1-29 അങ്കണവാടികൾക്ക് അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തൽ - സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി പ്രൊജക്ട് നിർവ്വഹിച്ചു

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി അങ്കണവാടികൾക്ക് അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തൽ പാത്രങ്ങൾ ഉൾപ്പെടെ എന്ന പദ്ധതി പ്രകാരം സിഡ്കോ എന്ന സ്ഥാപനത്തിൽനിന്നും 1,98,900/-

രൂപ ചിലവിൽ പ്രഷർകുക്കർ വാങ്ങി അങ്കണവാടികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രോജക്ട് നം & പേര് | : | 205/21 (SO) –അങ്കണവാടികൾക്ക് അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തൽ പാത്രങ്ങൾ ഉൾപ്പെടെ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ഫണ്ടിനം | : | ധനകാര്യകമ്മീഷൻ അവാർഡ് |
| വകയിരുത്തിയ തുക | : | 2,00,000/- രൂപ |
| ചെലവഴിച്ച തുക | : | 1,98,900/- രൂപ ബിൽ നം.4/21 തീയതി 05.06.20 |

സർക്കാർ ഉത്തരവ് (പി) 7/19/ എസ് പി ഡി തീയതി 26.4.19 പ്രകാരം 25000 രൂപക്ക് മുകളിലുള്ളതും Gem -ൽ ലഭ്യമായതുമായ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നത് GeM പോർട്ടൽ മുഖേനയാകണമെന്നും അല്ലാത്തവ മറ്റു മാർഗ്ഗങ്ങളിലൂടെ വാങ്ങണമെന്നും നിഷ്കർഷിച്ചിട്ടുണ്ട് . മേൽ പ്രതിപാദിച്ച സാധനങ്ങൾ Gem -ൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് ഉറപ്പു വരുത്താതെയാണ് അക്രഡിറ്റഡ് ഏജൻസിയായ SIDCO മുഖേന വാങ്ങലുകൾ നടത്തിയിട്ടുള്ളത്. (ഓഡിറ്റ് എൻക്വയറി നം. 18/25.07.22). ഭാവിയിൽ സർക്കാർ ഉത്തരവുകൾക്കനുസൃതമായി മാത്രം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

1-30 അങ്കണവാടി പോഷകാഹാരം - സപ്ലൈകോ വിലയിൽ നിന്നും അധികരിച്ച് സാധനങ്ങൾ വാങ്ങിയതിൻമൂലം അധികചിലവ്

| | | |
|---|---|---|
| പ്രോജക്ട് നം & പേര് | : | 202/21 (SO) അങ്കണവാടി പോഷകാഹാരം<br>41/ 21<br>37/21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ഫണ്ടിനം | : | 202/21 - പൊതുവിഭാഗം സാധാരണ വിഹിതം<br>41/ 21 - പൊതുവിഭാഗം സാധാരണ വിഹിതം<br>37/21 – എസ്.സി.പി |
| വകയിരുത്തിയ തുക | : | 202/21 – 21,23,745/-<br>41/ 21 – 30,00,000/-<br>37/21 – 5,00,000/- |
| ചെലവഴിച്ച തുക | : | 202/21 – 6,88,545/-<br>41/ 21 – 20,00,000/-<br>37/21 – 5,00,000/- |

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് താഴെപറയുന്ന അപാകതകൾ കാണുന്നു.

തദ്ദേശസ്വയം ഭരണ (ഡി.സി) വകുപ്പ്04.05.2011 ലെ സർക്കുലർ നമ്പർ നം. 54814 /ഡി.സി 2/2010 പ്രകാരം അങ്കണവാടികളിലേക്കാവശ്യമായ ഭക്ഷ്യവസ്തുക്കൾ സിവിൽസപ്ലൈസ് കോർപ്പറേഷന്റെ വിതരണകേന്ദ്രങ്ങളായ മാവേലി സ്റ്റോർ , ലാഭം മാർക്കറ്റ് എന്നിവിടങ്ങളിലെ വിലയിൽ അധികരിക്കാതെ ലഭിക്കുകയാണെങ്കിൽ മാത്രമേ നീതി/സഹകരണസ്റ്റോറുകളിൽനിന്നും വാങ്ങുവാൻ പാടുള്ളൂ. എന്നാൽ അങ്കണവാടി പോഷകാഹാരം എന്ന പദ്ധതിയിൽ ഒറ്റപ്പാലം കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽനിന്നും സിവിൽ സപ്ലൈസ് വിലയിൽനിന്നും അധികരിച്ച് ഭക്ഷ്യവസ്തുക്കൾ വാങ്ങിയിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| Description | Rate – Supplyco | Rate - Ottappalam Society | Purchase Value Ottappalam Society | Loss |
|---|---|---|---|---|
| Rate Of Supplyco As Per Rate Chart From Supplyco No: M2/7850/15 (3) CIN- | 113/-<br>33/- | 123/-<br>39.50/- | 920 X 123= 113160 | (113160) - (113×920 = 103960) = 9200/- |

| | | | | |
|---|---|---|---|---|
| U52209KL1974SGC002615 Date: 31.03.2020 W.e.f 01-04-2020<br>April 2020<br>Greegram Premium<br>Ponni Rice | | | 1155×39.5 = 45622.5 | (45622.5)-(33×1155=38115)<br>= 7507/- |
| Rate Of Supplyco As Per Rate Chart From Supplyco<br>No: M2/7850/15 (3)<br>CIN-U52209KL1974SGC002615<br>Date: 30.06.2020 W.e.f 01.07.2020 –<br>July 2020<br>Ponni Rice | 34 | 42 | 550 X 42 = 23100 | (23100)-(550x34=18700)=<br>4400/- |
| Rate Of Supplyco As Per Rate Chart From Supplyco No: M2/7850/15 (3) CIN-U52209KL1974SGC002615 Date: 31.12.2020<br>January 2021<br>Ponni Rice | 34 | 43 | 1885×43 = 81055 | (81055)-(1885x34=64090)=<br>16965 |

സപ്ലൈകോയിലെ സാധനങ്ങളുടെ വില നിർവഹണഉദ്യോഗസ്ഥൻ താരതമ്യം ചെയ്യാത്തത് മൂലം നഗരസഭയ്ക്ക് അധിചെലവ് ഉണ്ടായിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 18/25.07.22)

1-31 പ്രവൃത്തിയിലെ എല്ലാ ഇനങ്ങളും പൂർത്തീകരിച്ചിട്ടും ഫൈനൽ ബിൽ ആയി തുക നൽകിയിട്ടില്ല.

താഴെ രേഖപ്പെടുത്തിയിട്ടുള്ള പ്രവൃത്തിയിലെ എല്ലാ ഇനങ്ങളും പൂർത്തീകരിച്ചിട്ടും ഫൈനൽ ബിൽ ആയി തുക നൽകിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ നം. , പേര് : | SO 305/21- പല്ലാർമംഗലം റോഡിൽ സംരക്ഷണ ഭിത്തി നിർമാണം |
| ചെലവ്: , ബിൽ നം., തീയ്യതി | 597882/-, ബിൽ നം.-153/ 1-1-2019, 352624<br>ബിൽ നം.-222/29-3-2021- 239127/-<br>റീടെൻഷൻ തുക . 6131 /- |
| കരാർ നം., | 11/AE/LSGD/OTP/30-8-2018 |
| കരാറുകാരൻ: | കെ. ഹരിദാസ് |

30-8-2018 ന് ആരംഭിച്ച അടിയന്തിര സ്വഭാവമുള്ള പ്രവൃത്തി മൂന്ന് മാസത്തിനുള്ളിൽ പൂർത്തിയാക്കണമെന്നാണ് കരാറിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പ്രവൃത്തി ഭാഗികമായി 9-11-2018ൽ നിർവ്വഹിച്ച് പാർട്ട് ബിൽ നൽകിയിട്ടുണ്ട്. പിന്നീട് ടി പ്രോജക്ടിന്റെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും 13-1-2020ൽ മാത്രമാണ് പ്രവൃത്തി പുനരാരംഭിച്ചിട്ടുള്ളത്. തുടർന്ന് 30-3-2020ൽ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള എല്ലാ ഇനങ്ങളും (ആകെ 11ഇനങ്ങൾ ) പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും പാർട്ട് ബിൽ ആയിട്ടാണ് ബിൽതുക കരാറുകാരന് നൽകിയിട്ടുള്ളത്. എന്നാൽ 2021-22 വർഷത്തിൽ ടി പ്രോജക്ട് സ്പിൽ ഓവർ ആയി ഉൾപ്പെടുത്തിയിട്ടുമില്ല.

ആയതിനാൽ എല്ലാ ഇനങ്ങളും പൂർത്തീകരിച്ചിട്ടും ഫൈനൽ ബിൽ ആയി തുക നൽകാത്തതിനും പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടും നിയമാനുസൃത പിഴ ഈടാക്കാത്തതിനും റീട്ടെൻഷൻ തുക കരാറുകാരനിൽ നിന്ന് പിടിച്ച് വെച്ചിട്ടും പിന്നീട് പ്രോജക്ട് സ്പിൽ ഓവർ ആയി ഉൾപ്പെടുത്താത്തതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/25-7-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ തൃപ്തികരമായ വിശദീകരണം ലഭ്യമാക്കുന്നതുവരെ ചെലവ് തുക 597882രൂ. തടസ്സത്തിൽ വെയ്ക്കുന്നു.

1-32 മരാമത്ത് പ്രവൃത്തിയുടെ എം. ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

മരാമത്ത് പ്രവൃത്തിയുടെ എം. ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ടിന്റെ നം. , പേര് :240/21- മോളൂകുറുശ്ശി റോഡ് ഡ്രെയിൻ, സെമാൽക്ക് ലക്ഷംവീട് കോളനി ഡ്രെയിൻ.

| | |
|---|---|
| ചെലവ്: , ബിൽ നം. , തീയ്യതി | 693252രൂ.<br>ബിൽ നം.-46/15-5-2020-360379/-<br>ബിൽ നം.-189/19-3-2021-332873/- |
| കരാർ നം., അളവ് പുസ്തകം: | 133/AE/LSGD/OTP/ 10-12-2019<br>MB No. 55/18-19 |
| കരാറുകാരൻ: | പ്രസാദ്.കെ. |

മേൽസൂചിപ്പിച്ചിട്ടുള്ള പ്രവൃത്തിയിൽ അളവുകൾ രേഖപ്പെടുത്തിയ എം.ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട് WP © 23746/2019ആയി കേസ് നിലനിൽക്കുന്നുണ്ട്. ആയതിന്റെ നിലവിലെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/23-7-2022)മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക 693252രൂ. തടസ്സപ്പെടുത്തുന്നു.

## 1-33 മരാമത്ത് പ്രവൃത്തിയിൽ നിലവിലുള്ള എസ്റ്റിമേറ്റിലെ ഒരിനം പോലും ഇല്ലാതെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവ്വഹിച്ചിരിക്കുന്നു.

മരാമത്ത് പ്രവൃത്തിയിൽ നിലവിലുള്ള എസ്റ്റിമേറ്റിലെ ഒരിനം പോലും ഇല്ലാതെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവ്വഹിച്ചിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ടിന്റെ നം. , പേര് : 276/21- നരുമ്പിയംപാടം പാതിരിക്കോട് ആനാരിപ്പാടം ഡ്രെയിനേജ്.

| | |
|---|---|
| ചെലവ്: , ബിൽ നം., തീയ്യതി | ബിൽ നം.-26/24-4-2020-191045/- |
| കരാർ നം., അളവ് പുസ്തകം: | 143/AE/LSGD/OTP/<br>13-3-2019<br>MB No. 73/18-19 |
| കരാറുകാരൻ: | സേതു മാധവൻ |

നരുമ്പിയംപാടം പ്രദേശത്ത് വെള്ളക്കെട്ട് നിലനിൽക്കുന്നതിനാൽ ആയത് ഒഴിവാക്കുന്നതിനായി ഡ്രെയിനേജ് നിർമിക്കാനാണ് പ്രവൃത്തിയിൽ ഇനങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളത്. എന്നാൽ 13-1-2020ന് ചേർന്ന കൗൺസിൽ യോഗതീരുമാനപ്പ്രകാരം ടി പ്രോജക്ട് റിവൈസ് ചെയ്യുകയും നിലവിലുള്ള എല്ലാ ഇനങ്ങളും ഒഴിവാക്കി ടി വാർഡിലെതന്നെ മറ്റൊരു റോഡ് കോൺക്രീറ്റ് പ്രവൃത്തി നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. ടി റിവൈസ്ഡ് എസ്റ്റിമേറ്റിൽ നിലം ഒരുക്കൽ (സർഫസ് ഡ്രെസിങ്ങ്), റോഡ് കോൺക്രീറ്റ് എന്നീ രണ്ട് ഇനങ്ങൾ മാത്രമാണ് ഉൾക്കൊള്ളച്ചിട്ടുള്ളത്. അതായത് നിലവിലുള്ള എസ്റ്റിമേറ്റിലെ ഒരിനം പോലും ഉൾപ്പെടുത്താതെ ഒരു പുതിയ പ്രവൃത്തിയാണ് നിർവ്വഹിച്ചിട്ടുള്ളത്. 2012ലെ മരാമത്ത് മാന്വൽ സെക്ഷൻ 1601.1.6പ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റ് ഇപ്രകാരം തയ്യാറാക്കി പ്രവൃത്തി നിർവ്വഹിക്കുന്നത് ക്രമപ്രകാരമല്ല. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/23-7-2022)മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ തൃപ്തികരമായ വിശദീകരണം ലഭ്യമാക്കുന്നതുവരെ ചെലവ് തുക 1,91,045/- രൂ. തടസത്തിൽ വെയ്ക്കുന്നു.

## 1-34 പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും പിഴ ഈടാക്കിയിട്ടില്ല.

താഴെ പറയുന്ന പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും G.O.(P) No. 13/2012/PWD, Dt 1-2-2012 മുഖേന പ്രസിദ്ധീകരിച്ച 2012 ലെ PWD Manual ലെയും കരാറുകാരനും അസിസ്റ്റന്റ് എഞ്ചിനീയറും തമ്മിലുണ്ടാക്കിയ കരാറിലെയും വ്യവസ്ഥപ്രകാരം ഈടാക്കേണ്ട പിഴ ഈടാക്കിയിട്ടില്ല.

പ്രവർത്തി പൂർത്തീകരണം വൈകിയാൽ കരാറുകാരന്റെ അപേക്ഷയിൻമേൽ തീരുമാനമെടുത്ത് സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കണം എന്നും പ്രവൃത്തിപൂർത്തീകരണം വൈകിയതിന് താഴെസൂചിപ്പിച്ചിട്ടുള്ള നിരക്കിൽ പിഴ ഈടാക്കണം എന്നും മാനവലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.

Fines For Extension Of Time

| Period | Rate Of Fine |
|---|---|

| | |
|---|---|
| First Extension ( Shall Not Exceed 25% Of The Original Time Or Six Months Whichever Is Less) | 1% Of The PAC Subject To A Minimum Of Rs. 1000 And Maximum Of Rs. 50000 |
| Beyond First Extension | 2% Of The PAC Subject To A Minimum Of Rs. 2000 And Maximum Of Rs. 100000 |

പ്രവർത്തി പൂർത്തീകരണം വൈകിയിട്ടും പിഴ ഈടാക്കാത്ത പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1) പ്രോജക്ടിന്റെ നം. , പേര് : SO246/21- അംഗനവാടികളുടെ അറ്റകുറ്റപ്പണികളും നവീകരണവും

| | |
|---|---|
| ചെലവ്: , ബിൽ നം. , തീയ്യതി | 680145/-<br>ബിൽ നം.-29/24-4-2020- 462952/-<br>190/19-3-2021- 84821/-<br>112/13-10-2020- 132372/- |
| കരാർ നം., അളവ് പുസ്തകം: | 107/AE/LSGD/OTP/23-10-2019<br>MB No.71/2019 |
| പി.എ.സി. | 890707 |
| കരാറുകാരൻ: | രമേഷ് ബാബു |
| സ്ഥലം കൈമാറിയ തീയ്യതി. | 23-10-2019 |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: | 30-3-2020 |
| പൂർത്തീകരിച്ച തീയ്യതി: | 28-4-2020 |
| ഈടാക്കേണ്ട പിഴ (1%) | 8907 |
| ഈടാക്കിയത് | 0 |
| ഈടാക്കിയതിൽ കുറവ്: | 8907 |

2. പ്രോജക്ടിന്റെ നം. , പേര് : SO 312/21- കണ്ണിയംപുറം പനമണ്ണ റോഡിൽ കൾവർട്ട് പുനർനിർമാണം, പനമണ്ണ ആരോഗ്യകേന്ദ്രത്തിൽ ചുറ്റമതിൽ നിർമാണം.

| | |
|---|---|
| ചെലവ്: , ബിൽ നം. , തീയ്യതി | 274502/-<br>ബിൽ നം.- 188/19-3-2021- 274502/- |
| കരാർ നം., അളവ് പുസ്തകം: | 85/AE/LSGD/OTP/8-7-2019,<br>MB No.109/2019 |
| പി.എ.സി. | 300275 |
| കരാറുകാരൻ: | പി. ശശികുമാർ |
| സ്ഥലം കൈമാറിയ തീയ്യതി. | 8-7-2019 |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: | 30-12-2019 |
| പൂർത്തീകരിച്ച തീയ്യതി: | 3-3-2020 |
| ഈടാക്കേണ്ട പിഴ (3%) | 9008 |
| ഈടാക്കിയത് | 2745 |
| ഈടാക്കിയതിൽ കുറവ്: | 6263 |

3. പ്രോജക്ടിന്റെ നം. , പേര് : SO 305/21- പല്ലാർമംഗലം റോഡിൽ സംരക്ഷണഭിത്തി നിർമാണം.

| | |
|---|---|
| ചെലവ്: , ബിൽ നം. , തീയ്യതി | 239127/-<br>ബിൽ നം.- 153/1-1-2019,<br>ബിൽ നം.- 222/29-3-2021- 239127/- |
| കരാർ നം., അളവ് പുസ്തകം: | 11/AE/LSGD/OTP/30-8-2018,<br>MB No.204/2017 |
| പി.എ.സി. | 925303 |
| കരാറുകാരൻ: | കെ.ഹരിദാസ് |
| സ്ഥലം കൈമാറിയ തീയ്യതി. | 30-8-2018 |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: | 30-11-2018 |
| പൂർത്തീകരിച്ച തീയ്യതി: | 5-3-2020 |

| | |
|---|---|
| ഈടാക്കേണ്ട പിഴ (3%) | 27759 |
| ഈടാക്കിയത് | 0 |
| ഈടാക്കിയതിൽ കുറവ്: | 27759 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (23/25-7-2022) ഇതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തുക 42929രൂ. ഈടാക്കേണ്ടതാണ്.

1-35 വിവിധ പ്രവൃത്തികൾക്കായി നഗരസഭ വാങ്ങിയ ടാർ നിഷ്ക്രിയമായി അവശേഷിക്കുന്നു.

2018-19സാമ്പത്തിക വർഷത്തെ പ്രവർത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ടാർ ഡിപ്പാർട്ട്മെന്റലായി വാങ്ങുകയും ആയത് 2019-20 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവർ പ്രോജക്റ്റുകൾക്കായി താഴെ പറയും പ്രകാരം 03-03-2020 വരെ വിതരണം ചെയ്തിട്ടുണ്ട്. മൂന്ന് ഇനങ്ങളിലായി വാങ്ങിയതിന്റെയും അവശേഷിക്കുന്നതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

2018-19 സാമ്പത്തിക വർഷത്തെ വരവ്

| തരം | തീയ്യതി | ഇൻവോയ്സ് നം. | കിലോ ഗ്രാം | ബാരൽ |
|---|---|---|---|---|
| RS1, | 6-5-2019 | 4207112785 | 4,000 | 20 |
| SS1, | 6-5-2019 | 4207112786 | 2363.4 | 13 |
| VG30 | 6-5-2019 | 1189GI19000387 | 15532.8 | 96 |
| | 14-5-2019 | 1189GI19000387 | 15532.8 | 96 |
| | 21-5-2019 | 31833GI19000782 | 6310.2 | 39 |

2019-20 സാമ്പത്തിക വർഷത്തെ നീക്കിയിരിപ്പ് (സ്റ്റോക്ക് രജിസ്റ്റർ പ്രകാരം )

| തരം | തീയ്യതി | കിലോ ഗ്രാം | ബാരൽ |
|---|---|---|---|
| RS1, | 3-3-2020 | 566.95 | 3.2 |
| SS1, | | 532.54 | 2.93 |
| VG30 | | 5631.03 | 34.8 |

ടി ബിറ്റുമിൻ പിന്നീട് ഇതുവരെയും വിതരണം നടത്തുകയോ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ഇതേ നീക്കിയിരുപ്പ് 2020-21വർഷത്തിലും തുടരുന്നു.

നിലവിലുള്ള സ്റ്റോക്ക് പ്രകാരം സ്ഥാപനത്തിന് താഴെപ്പറയും പ്രകാരം തുകയുള്ള ടാർ നിഷ്ക്രിയമായി നിലനിൽക്കുന്നു.

സ്ഥാപനം 2018-19 സാമ്പത്തിക വർഷം വാങ്ങിയ പ്രകാരം സ്റ്റോക്ക് പ്രകാരം നീക്കിയിരിപ്പുള്ള ടാറിന്റെ മതിപ്പു വില

| | കിലോഗ്രാം | നിരക്ക് (കി.ഗ്രാമിന്) ( 2018-19 സാമ്പത്തിക വർഷം വാങ്ങിയ വില ) | തുക |
|---|---|---|---|
| RS1, | 566.95 | 38.17 | 21640.48 |
| SS1, | 532.54 | 66.78 | 35563.02 |
| VG30 | 5631.03 | 40.85 | 230027.58 |
| ആകെമതിപ്പു വില | | | 287231.0 8 |

മേൽ സൂചിപ്പിച്ച പ്രകാരമുള്ള തുകയുള്ള ബിറ്റുമിൻ സ്ഥാപനത്തിൽ ബാക്കിയുള്ളത് ഇതുവരെ ക്രമീകരിക്കപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 9/23-7-2022) ലഭ്യമാക്കിയ മറുപടിയിൽ ആയത് ലേലം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാം എന്ന് അറിയിച്ചിട്ടുണ്ട്.

ആയതിനാൽ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അതുവരെ നിഷ്ക്രിയമായി നിലനിൽക്കുന്ന ബിറ്റുമിന്റെ വില 287231.08 രൂ. തടസ്സത്തിൽ വെയ്ക്കുന്നു.

1-36 ഡെപ്പോസിറ്റ് തുകകളുടെ വിനിയോഗ വിവരം ഹാജരാക്കിയിട്ടില്ല

താഴെ സൂചിപ്പിക്കുന്ന കുടിവെള്ള പദ്ധതികളുടെ പ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിറ്റിയിലേക്ക് തുകകൾ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ നം. , പേര് : | SO 350/21- നെല്ലിപ്പറ്റക്കുന്ന് കുടിവെള്ള പദ്ധതി മെച്ചപ്പെടുത്തൽ | SO 116/21- വിവിധ പ്രദേശങ്ങളിലേക്ക് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ. | SO 352/21- പളിക്കൽ കുന്ന് കുടിവെള്ള പദ്ധതി |
|---|---|---|---|

| | | | |
|---|---|---|---|
| ചെലവ്: , ബിൽ നം., തീയ്യതി | 182000/-, ബിൽ നം.-231/31-3-2021-182000/- | 250000/-, ബിൽ നം.-227/31-3-2021-250000/- | 150000/-, ബിൽ നം.-228/31-3-2021-150000/- |
| കരാർ നം., | 106/AE/LSGD/OTP/23-10-2019 | 71/AE/LSGD/OTP/28-7-2021 | 71/AE/LSGD/OTP/28-7-2021 |

മേൽ സൂചിപ്പിച്ച പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (24/25-7-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ വിവരം ലഭ്യമാക്കുന്നതുവരെ ആകെ ഡെപ്പോസിറ്റ് തുക 5,82,000/-രൂ. തടസ്സത്തിൽ വെയ്ക്കുന്നു.

1-37 തുറസ്സായ കിണർ കുഴിക്കുന്ന പ്രവൃത്തിയിൽ ഗ്രൗണ്ട് വാട്ടർ അതോറിറ്റിയിലേക്ക് ഇൻവെസ്റ്റിഗേഷൻ ചാർജ് നൽകിയിരിക്കുന്നു.

താഴെ സൂചിപ്പിക്കുന്ന പ്രവൃത്തിയിൽ തുറസ്സായ കിണർ കുഴിക്കുന്ന പ്രവൃത്തിയുടെ നിർവ്വഹവുമായി ബന്ധപ്പെട്ട് ഗ്രൗണ്ട് വാട്ടർ അതോറിറ്റിയിലേക്ക് ഇൻവെസ്റ്റിഗേഷൻ ചാർജ് നൽകിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റിന്റെ നം. , പേര് : | SO 319/21- ഗവ. ഹയർ സെക്കണ്ടറി സ്കൂൾ കുടിവെള്ള സൗകര്യം മെച്ചപ്പെടുത്തൽ |
| ചെലവ്: , ബിൽ നം. , തീയ്യതി | 499924/-, ബിൽ നം.-215/ 29-3-2021, 499924/<br>വൗച്ചർ നം. 386/30-7-2019, 1935രൂ( ചെക്ക് നം. 332018/30-7-19) (ഇൻവെസ്റ്റിഗേഷൻ ചാർജ്) |
| കരാർ നം., | 137/AE/LSGD/OTP/12-12-2019 |
| കരാറുകാരൻ: | കെ. ഹരിദാസ് |

മേൽസൂചിപ്പിച്ച പ്രവൃത്തിയിൽ തുറസായ കിണർ ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നിട്ടും ഇൻവെസ്റ്റിഗേഷൻ ചാർജ് ഇനത്തിൽ വൗച്ചർ നം. 386/30-7-2019, 1935രൂ. ചെലവഴിച്ചിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഇത് ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. എന്നിട്ടും ഇപ്രകാരം തുക ചെലവഴിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (24/25-7-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഇൻവെസ്റ്റിഗേഷൻ ചാർജ് ഇനത്തിൽ ചെലവഴിച്ച തുക 1935രൂ തടസ്സപ്പെടുത്തുന്നു.

1-38 നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രമെന്റ് വെച്ചിട്ടില്ല. എന്നിട്ടും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല.

സ.ഉ (പി) നം. 13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല/കുറവായി ഈടാക്കി . മറ്റു നടപടിക്രമങ്ങൾ പാലിച്ചിട്ടുമില്ല. കരാർ വെച്ച് പ്രവൃത്തി ആരംഭിച്ച സാഹചര്യത്തിൽ കരാർ തുകയുടെ 1% പിഴ/കുറവുവന്ന തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. (സെലക്ഷൻ നോട്ടീസിൽ തീയതി രേഖപ്പെടുത്താത്തവയിൽ ഭരണസമിതി തീരുമാന തീയതി അടിസ്ഥാനമാക്കിയാണ് പിഴ നിശ്ചയിച്ചിട്ടുള്ളത്)

| ക്രമ നം. | പ്രവൃത്തി, എ.പി.എ.സി ബിൽ നം./ തീയതി | ടെണ്ടർ അംഗീകരിച്ച തീയതി | സെലക്ഷൻ നോട്ടീസ് അയച്ച തീയ്യതി | എഗ്രിമെന്റ് തീയതി, കരാറുകാരൻ | ഈടാക്കേണ്ടിയിരുന്ന പിഴ(1%) ₹ | ഈടാക്കിയത് ₹ | ബാക്കി ഈടാക്കേണ്ടത് ₹ |
|---|---|---|---|---|---|---|---|
| 1. | 294/21- നഗരസഭ കൗൺസിൽ ഹാൾ ശബ്ദസംവിധാനവും എയർ കണ്ടീഷനും.<br>495900<br>ബിൽ നം.-27/28-4-2020-250000/- | 29-9-2019 | 1-10-2019 | 107/AE/LSGD/OTP/23-10-2019<br>ബേദി.പി, അനോൺ സിസ്റ്റംസ് ആന്റ് സർവ്വീസസ് , | 4959 | 0 | 4959 |

| | | | | | | | |
|---|---|---|---|---|---|---|---|
| | 187/19-3-2021-<br>183000/- | | | കോഴിക്കോട് | | | |
| 2 | 295/21- പുതിയ ഓഫീസ് കെട്ടിടത്തിലേക്ക് ശബ്ദസംവിധാനവും പ്രോജക്ടറും<br>169600<br>ബിൽ നം.-23/28-4-2020-169600/- | 27-9-2019 | 1-10-2019 | 106/AE /LSGD/OTP /23-10-2019<br>ബേദി.പി, അനോൺ സിസ്റ്റംസ് ആന്റ് സർവ്വീസസ് , കോഴിക്കോട് | 1696 | 0 | 1696 |
| 3 | 341/21- ശിശുവിഹാർ സാംസ്കാരിക നിലയം അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ<br>400000<br>ബിൽ നം.-224/31-3-2021-300736/- | 6-2-2020 | 17-2-2020 | 173/AE /LSGD/OTP/ 13-3-2020<br>സേതു മാധവൻ | 4000 | 0 | 4000 |
| 4 | 240/21- മോളകുറുശ്ശി റോഡ് ഡ്രെയിൻ, സെമാൽക്ക് ലക്ഷംവീട് കോളനി ഡ്രെയിൻ<br>882626<br>ബിൽ നം.-46/15-5-2020-360379/-<br>ബിൽ നം.-189/19-3-2021-332873/- | 18-11-2019 | 22-11-2019 | 133/AE /LSGD/OTP/ 10-12-2019<br>പ്രസാദ്.കെ. | 8826 | 0 | 8826 |
| 5 | 276/21- നരുമ്പിയംപാടം പാതിരിക്കോട് ആനാരിപ്പാടം ഡ്രെയിനേജ്<br>200000<br>ബിൽ നം.-26/24-4-2020-191045/- | 21-5-2019 | 30-5-2019 | 143/AE /LSGD/OTP/ 13-7-2019<br>സേതു മാധവൻ | 2000 | 0 | 2000 |
| 6 | 270/21- ചെമ്പുള്ളി സെമാൽക്ക് റോഡ് കൾവർട്ട്<br>293723<br>ബിൽ നം.-48/15-5-2020-299551/- | 21-5-2019 | 30-5-2019 | 162/AE /LSGD/OTP/ 24-1-2020<br>സുബൈർ .എ.പി. | 2937 | 0 | 2937 |
| 7 | 336/21- പാമ്പൂർത്തൊടി അവസാനഭാഗം കൽവർട്ട് നിർമാണം<br>174389<br>ബിൽ നം.-52/15-5-2020-179318/- | 27-11-2019 | 9-12-2019 | 158/AE /LSGD/OTP/ 22-1-2020<br>അബ്ദുൾ റസാക്ക് | 1744 | 0 | 1744 |
| 8 | 316/21- മയിലുംപുറം റോഡ് പാർശ്വഭിത്തി<br>701551<br>ബിൽ നം.-113/13-10-2020-12027/-<br>ബിൽ നം.-150/16-1-2021-785000/- | 21-5-2019 | 30-5-2019 | 151/AE /LSGD/OTP/ 23-12-2019<br>ഉണ്ണികൃഷ്ണൻ | 7016 | 0 | 7016 |
| 9 | 324/21- നഗരസഭ പുതിയ ബസ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | 27-11-2019 | 9-12-2019 | 156/AE /LSGD/OTP/ | 8900 | 0 | 8900 |

| | | | | | | | |
|---|---|---|---|---|---|---|---|
| | നടപ്പാതകളുടെ നവീകരണം. 890098 ബിൽ നം.-134/28-10-2020-980213/- | | | 13-1-2019 രവീന്ദ്രൻ | | | |
| 10 | 379/21- വടക്കുമുറി കനാൽ ബൈലൈൻ ബാക്കിഭാഗം റോഡ് കോൺക്രീറ്റ് 910544 ബിൽ നം.-133/17-11-2020-615694/- | 27-11-2019 | 29-12-2019 | 159/AE /LSGD/OTP/ 24-1 -2020 അബ്ദുൾ റസാക്ക് | 9105 | 0 | 9105 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പിഴ ഇനത്തിൽ ലഭിക്കേണ്ട തുക 51,183/-രൂ. കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കേണ്ടതാണ്.

1-39 സാധനങ്ങൾ വാങ്ങൽ പ്രോജക്ടുകളെ മരാമത്ത് പ്രവൃത്തികളായി രേഖപ്പെടുത്തി സെന്റേജ് ചാർജ് നൽകുന്നു. സെന്റേജ് ചാർജ് ഇനത്തിൽ നൽകിയ തുക തടസ്സത്തിൽ വെയ്ക്കുന്നു.

താഴെ സൂചിപ്പിക്കുന്ന പ്രവൃത്തികളിൽ സാധനങ്ങൾ വാങ്ങൽ ആണ് നടത്തിയിട്ടുള്ളത്. ആയവയെ മരാമത്ത് പ്രവൃത്തികളായി രേഖപ്പെടുത്തി സെന്റേജ് ചാർജ് നൽകുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രോജക്ടിന്റെ നം. , പേര് : | SO 295/21- പുതിയ ഓഫീസ് കെട്ടിടത്തിലേക്ക് ശബ്ദസംവിധാനവും പ്രോജക്ടറും | 294/21- നഗരസഭ കൗൺസിൽ ഹാൾ ശബ്ദസംവിധാനവും എയർ കണ്ടീഷനും. |
| ചെലവ്: , ബിൽ നം. , തീയ്യതി | 169600/-, ബിൽ നം.-23/28-4-2020-169600/- | 250000/-, ബിൽ നം.-27/28-4-2020-250000/- |
| കരാർ നം., | 106/AE/LSGD/OTP /23-10-2019 | 107/AE/LSGD/OTP /23-10-2019 |
| കരാറുകാരൻ: | ബേദി.പി, അനോൺ സിസ്റ്റംസ് ആന്റ് സർവ്വീസസ് , കോഴിക്കോട് | ബേദി.പി, അനോൺ സിസ്റ്റംസ് ആന്റ് സർവ്വീസസ് , കോഴിക്കോട് |
| സെന്റേജ് ചാർജ് ഇനത്തിൽ മരാമത്ത് വകുപ്പിന് (ഇല്ക്ട്രോണിക്സ് സെക്ഷൻ) അനുവദിച്ച തുക | 21875രൂപ ചെക്ക്നം.3084888/ 17-6-2019 | 62500 രൂപ , ചെക്ക് നം.3084887/ 17-6-2019 |

മുകളിൽ ചേർത്തിരിക്കുന്നിവ രണ്ടും സാധനങ്ങൾ വാങ്ങുന്ന പ്രോജക്ടുകളാണ്. ആദ്യ പ്രോജക്ടിലെ ശബ്ദസംവിധാവും പ്രോജക്ടറും GEM മുഖേനയോ അവിടെ ലഭ്യമല്ലെങ്കിൽ ടെണ്ടർ മുഖേനയോ വാങ്ങി കണക്ഷൻ നൽകേണ്ട ആവശ്യകത മാത്രമേ ഉള്ളൂ. സാധനങ്ങൾ വിതരണം നടത്തുന്ന വ്യക്തി /സ്ഥാപനം ടി പ്രവൃത്തികൾ നിർവ്വഹിച്ച് ശരിയായി പ്രവർത്തിക്കുന്നു എന്നും യാതൊരു കേടുപാടുകളും ഇല്ല എന്നും ബോധ്യപ്പെടുത്തിയശേഷം മാത്രമാണ് ബിൽ തുക നൽകേണ്ടതുള്ളൂ. എയർകണ്ടീഷന്റെ കാര്യത്തിലും ഇതേ അവസ്ഥ തന്നെയാണ് ഉള്ളത്.

എന്നാൽ ഇതിനു പകരം മരാമത്ത് വകുപ്പിൽ (ഇല്ക്ട്രോണിക്സ് സെക്ഷൻ) നിന്നും മേൽസൂചിപ്പിച്ച രണ്ടു പ്രോജക്ടുകൾക്കും എസ്റ്റിമേറ്റ് വാങ്ങുകയും ടി വകുപ്പിന് സെന്റേജ് ഇനത്തിൽ ആകെ 84375രൂപ നൽകുകയും ചെയ്യിരിക്കുന്നു. സാധനങ്ങളുടെ വാങ്ങൽ പ്രോജക്ടിന് ഇപ്രകാരം സെന്റേജ് ചാർജ് ഇനത്തിൽ തുകകൾ നൽകിയത് ക്രമപ്രകാരമല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/25-7-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ നൽകിയ തുക 84375രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

1-40 നഗരസഭാ ഓഫീസ് കമ്പ്യൂട്ടർവൽക്കരണം-ഉപകരണങ്ങൾ ലഭ്യമായില്ല-ചെലവ് തടസ്സത്തിൽ വെക്കുന്നു.

സെക്രട്ടറി നിർവ്വഹണം നടത്തിയ നഗരസഭാ ഓഫീസ് കമ്പ്യൂട്ടർവൽക്കരണം എന്ന പദ്ധതിയിൽ CPRCS മുഖേന ഉപകരണങ്ങൾ വാങ്ങുന്നതിന് കെൽട്രോണിന്റെ പ്രൊപോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം 452682/- രൂപ നൽകിയിരുന്നു. എന്നാൽ ഉപകരണങ്ങൾ ലഭ്യമായതിന്റെ യാതൊരു രേഖയും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

പ്രൊജക്ട്നം 223/21

അടങ്കൽ-466400/-ചെലവ്-452682/-

ചെലവ് വിവരം- ബിൽ നം3/27.4.20-rs.129929 / , ബിൽ നം 4/27.4.20-322753/-പ്ലാൻ ജനറൽ.

പദ്ധതി ഫയലിൽ ഈ തുകക്കുള്ള ഉപകരണങ്ങൾ ലഭ്യമാക്കിയതായി കാണുന്നില്ല. പ്രസ്തുത ചെലവുമായി ബന്ധപ്പെട്ട ഒറിജിനൽ ഇൻവോയ്സ്, ലഭ്യമായ ഉപകരണങ്ങളുടെ സീരിയൽ നമ്പർ, സ്പെസിഫിക്കേഷൻ, വില, എന്നിവ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ എന്നീ രേഖകൾ ഹാജരാക്കുന്നതിന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം22/25.7.22) നൽകിയിട്ടുണ്ട്. ഇതിനെ തുടർന്ന് നഗരസഭയിൽ നിലവിൽ പരിപാലിച്ചുപോരുന്ന സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയെങ്കിലും ആയത് അപൂർണ്ണമാണ്. മേൽ സൂചിപ്പിച്ച പദ്ധതി പ്രകാരമുള്ള ഉപകരണങ്ങളുടെ വിവരങ്ങൾ പ്രസ്തുത രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ഫൈനൽ ഇൻവോയ്സ്, ഇൻസ്റ്റലേഷൻ റിപ്പോർട്ട് എന്നിവ ലഭ്യമാകാത്തതിനാൽ നിലവിലുള്ള കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും ഭൗതിക പരിശോധനയിലൂടെ മേൽസൂചിപ്പിച്ച ഇനങ്ങൾ നഗര സഭയിൽ ലഭിച്ചിട്ടുണ്ടോ എന്നത് ഉറപ്പാക്കാനും സാധിച്ചിട്ടില്ല . ഇക്കാരണങ്ങളാൽ പ്രൊ .നം 223/21 പ്രകാരം ചെലവഴിച്ച 452682 രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു .

## 1-41 തനത് ഫണ്ട് ചെലവുകളുടെ സബ് വൌച്ചറുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല- ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

2020-21 സാമപത്തിക വർഷത്തെ താഴെ പറയുന്ന തനത് ഫണ്ട് ചെലവുകളുടെ കണ്ടിജന്റ് വൌച്ചറുകളോടൊപ്പം സാംഖ്യയിൽ നിന്നുള്ള പേമെന്റ് ഓർഡർ, സബ് വൌച്ചറുകൾ എന്നിവ ഇല്ല- രേഖകൾലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം(നമ്പർ 25/25.7.22 ) നൽകിയെങ്കിലും സബ്‌വൗച്ചറുകൾ ലഭ്യമാക്കിയില്ല. അടിസ്ഥാന രേഖകളില്ലാതെ ചെലവഴിച്ച തുക 206744 രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

വൌച്ചർ നം-22000431/2.12.20-റിപ്പയർ& മെയിന്റനൻസ്-35000/-

വൌച്ചർ നം-22000811/18.11.20-പ്ലാസ്റ്റിക് ഷ്റെഡിംഗ് യൂണിറ്റ് റിപ്പയർ-9000/-

വൌച്ചർ നം-22000830/19.11.20-10540-കേബിൾ റിപ്പയർ ചാർജ്ജ്.-10540/-

വൌച്ചർ നം-22001190/25.1.21-ആദായ നികുതി ലേറ്റ് ഫീസ്-43340/-

വൌച്ചർ നം-22000565/17.8.20-സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ചെലവ്-108864/-

രേഖകൾ ലഭ്യമാക്കി തടസ്സം തീർപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ് .

## 1-42 തനത് ഫണ്ടിൽ നിന്ന് മുൻകൂർ തുക നൽകിയത്-ക്രമീകരിക്കുന്നതിന് വിധേയമായി തടസ്സത്തിൽ വെക്കുന്നു.

അപകടകരമായ മരം മുറിച്ചുമാറ്റുന്നതിനായി ശ്രീ.സി റഫീഖ് H I ക്ക് താഴെ പറയും പ്രകാരം തുക മുൻകൂർ അനുവദിച്ചിട്ടുണ്ട്.

വൗച്ചർ നം-22000102/19.8.2020.- 1,35,000/-രൂപ. വിവരം അഡ്വാൻസ് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും ആയത് വിനിയോഗിച്ചതിന്റെ വിശദാംശങ്ങൾ രജിസ്റ്ററിൽ ചേർത്തിട്ടില്ല. വിനിയോഗ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടുമില്ല. നിയമാനുസൃതം ക്രമീകരിക്കുന്നതിന് വിധേയമായി മുൻകൂർ തുക 1,35,000/-രൂപ ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു.

## 1-43 പി എം എ വൈ -അർബ്ബൻ പദ്ധതി - 972വീടുകൾ പൂർത്തീയാക്കുവാൻ അവശേഷിക്കുന്നു

ഓഡിറ്റ് വർഷത്തിൽ പി എം എ വൈ അർബൻ ഭവന നിർമ്മാണ പദ്ധതിക്കായി താഴെ പറയുന്ന തുകകൾ ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്.

| കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | തദ്ദേശ വിഹിതം | ആകെ |
|---|---|---|---|

| | | | |
|---|---|---|---|
| 592.5 ലക്ഷം | 197.5ലക്ഷം | 830.4ലക്ഷം | 1620.4ലക്ഷം |

നഗരസഭയിലെ പി എം എ വൈ അർബൻ ഭവന നിർമ്മാണ പദ്ധതിയുടെ 2020-21വരെ ആരംഭിച്ച DPR കളുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച സ്ഥിതി വിവര കണക്കുകൾ താഴെ ചേർക്കുന്നു.

| DPR നം | ആരംഭിച്ച വർഷം | ആകെ ഗുണഭോക്താക്കളുടെ എണ്ണം | കരാർ ചമച്ച ഗുണഭോക്താക്കളുടെഎണ്ണം | അടങ്കൽ (ലക്ഷത്തിൽ) | | | ചെലവഴിച്ച തുക (ലക്ഷത്തിൽ) | | | ഒന്നാം ഗഡു കൈപ്പറ്റിയ വരുടെ എണ്ണം | രണ്ടാം ഗഡു കൈപ്പറ്റിയവരുടെ എണ്ണം | മൂന്നാം ഗഡു കൈപ്പറ്റിയവരുടെഎണ്ണം | നാലാം ഗഡു കൈപ്പറ്റിയ വരുടെ എണ്ണം | പൂർത്തീകരിക്കവാൻ അവശേഷിക്കുന്നവ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | തദ്ദേശ വിഹിതം | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | തദ്ദേശ വിഹിതം | | | | | |
| 1 | 2016-17 | 369 | 358 | 553.5 | 184.5 | 738 | 487.5 | 162.5 | 688.8 | 358 | 349 | 333 | 311 | 58 |
| 2 | 2017-18 | 264 | 252 | 396 | 132 | 528 | 317.4 | 105.8 | 463.2 | 252 | 241 | 212 | 186 | 78 |
| 3 | 2017-18 | 124 | 114 | 186 | 62 | 248 | 139.5 | 46.5 | 194.8 | 114 | 104 | 87 | 69 | 55 |
| 4 | 2018-19 | 591 | 555 | 886.5 | 327.5 | 1150 | 709.2 | 236.4 | 978 | 555 | 526 | 419 | 163 | 428 |
| 5 | 2020-21 | 352 | 237 | 528 | 176 | 704 | 45.6 | 15.2 | 134.3 | 237 | 71 | 0 | 0 | 352 |
| | ആകെ | 1700 | 1516 | 2550 | 882 | 3368 | 1699.2 | 566.4 | 2459.1 | 1516 | 1291 | 1051 | 729 | 971 |

മേൽ കണക്കുകൾ അനുസരിച്ച് 2020-21 വരെയുള്ള DPR കൾ പ്രകാരം 971 വീടുകളും 2021-22 ലെ DPR പ്രകാരമുള്ള 1 വീടും ഉൾപ്പെടെ 972 വീടുകളുടെ നിർമ്മാണം പൂർത്തീയാക്കുവാൻ അവശേഷിക്കുന്നുണ്ട്.

അർബൻ ഹൗസിങ്ങ് മിഷൻ മെമ്പർ സെക്രട്ടറിയുടെ സർക്കുലർ നം.5476/N/15/KSHO തീയതി 5.11.2015 ലെ നിർദ്ദേശങ്ങൾക്കനുസൃതമായി വീടുകളുടെ നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.ഈ വിഷയത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-44 സർക്കാരിന്റെ മുൻകൂർ അനുമതി ലഭ്യമാക്കാതെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് തനത് ഫണ്ടിലേക്ക് റീക്ലൂപ്പ് ചെയ്തു.

2020-21 വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രൊ,നം 181/21 - തെരുവ് നായ മൂലമുണ്ടായ ജീവഹാനിക്ക്ഗവ.ഉത്തരവ് പ്രകാരമുള്ള തുക അടവാക്കൽ എന്ന പേരിൽ പദ്ധതി തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടിയിരുന്നു. അടങ്കൽ/ചെലവ്- 19,00,000 -ധനകാര്യകമ്മീഷൻ ഗ്രാന്റ്.

എന്നാൽ ഇത് സർക്കാർ ഉത്തരവ് പ്രകാരമുള്ള പ്രൊജക്ട് (G.O Project) അല്ല. പ്രൊജക്ടിന്റെ വിശദാംശങ്ങൾ ഉൾപ്പെടുത്തേണ്ട ഭാഗത്ത് തനത് ഫണ്ടിലേക്ക് റീക്ലൂപ്പ് ചെയ്യുന്നതിന് എന്ന വിവരം ഉൾപ്പെടുത്തിയിരുന്നില്ല .

തെരുവ് നായ കാരണം ജീവഹാനി സംഭവിച്ചതിന് ജ. സിരിജഗൻ കമ്മീഷൻ ഉത്തരവ് പ്രകാരം ശ്രീമതി ഫാത്തിമ കുന്നത്ത് വീട് എന്നവർക്ക് നൽകേണ്ടിയിരുന്ന18,10,000 രൂപ പലിശ സഹിതം തനത് ഫണ്ടിൽ നിന്ന് നൽകിയിരുന്നു. ഇതിനായി പദ്ധതി ഫണ്ട് വിനിയോഗിക്കുന്നതിന് അനുമതി ഉള്ളതാണ്. എന്നാൽ ഇവിടെ തനത് ഫണ്ടിലേക്ക് റി ക്ലൂപ്പ് ചെയ്യുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്. ഇത് ശരിയായ നടപടിയല്ല. സമാന സന്ദർഭങ്ങളിൽ സർക്കാരിന്റെ പ്രത്യേകാനുമതി നേടേണ്ടതാണ്. ഗ്രാന്റുകൾ അതത് മാർഗ്ഗരേഖകൾക്ക് അനുസൃതമായാണ് വിനിയോഗിക്കപ്പെടുന്നത് എന്ന് ഉറപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-45 പട്ടിക ജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് -പ്രൊജക്ട് നിർവ്വഹണത്തിൽ വീഴ്ച

എ)പ്രൊജക്ട് നമ്പർ-248/21- പട്ടിക ജാതി കുടുംബങ്ങൾക്ക് PVC വാട്ടർ ടാങ്ക്

അടങ്കൽ :രൂ.453000.00 (വികസന ഫണ്ട്-എസ് സി പി - രൂ.339750 + ഗുണഭോക്തൃ വിഹിതം- രൂ.113250.00)

ചെലവ്- രൂ.212230.00( ബിൽ നം1/22.4.20 രു.170226.00 + ബിൽ നം3/29.7.20രു.42004.00)

നിർവ്വഹണം- ഹെൽത്ത് ഓഫീസർ

ബി)പ്രൊജക്ട് നമ്പർ-266/21- പട്ടിക ജാതി കുടുംബങ്ങൾക്ക് PVC വാട്ടർ ടാങ്ക്

അടങ്കൽ :രൂ.87000.00 (വികസന ഫണ്ട്-എസ് സി പി - രൂ.65250.00 + ഗുണഭോക്തൃ വിഹിതം- രൂ.21750.00)

ചെലവ്- രൂ.50847.00 (ബിൽ നം 2/22.4.20)

നിർവ്വഹണം- ഹെൽത്ത് ഓഫീസർ

മേൽ പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

1)സർക്കാർ ഉത്തരവ് (പി) 7/19/ എസ് പി ഡി തീയതി 26.4.19 പ്രകാരം 25000 രൂപക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നത് GeM പോർട്ടൽ മുഖേനയാകണമെന്ന് നിർബന്ധമാക്കിയിട്ടുണ്ട്. ന്യായ വിലക്ക് ISI മുദ്രയുള്ളതും ( IS.12701:1996), Food Grade Virgin Material ൽ നിർമ്മിച്ചതുമായ വാട്ടർ ടാങ്കുകൾ GeM പോർട്ടലിൽ

ലഭ്യമായിരുന്നിട്ടും താരതമ്യേന ഉയർന്ന വില നൽകി SIDCO യിൽ നിന്നും വാങ്ങലുകൾ നടത്തിയത് ക്രമപ്രകാരമല്ല.

2)സ.ഉ.(സാധാ) നം.2638/2017 എസ്.പി.ഡി തീ.29.7.17 പ്രകാരം സിഡ്കോ ഉല്പാദിപ്പിക്കുന്ന ഉൽപന്നങ്ങൾ മാത്രമാണ് നേരിട്ട് വാങ്ങുന്നതിന് അനുമതി നൽകിയിട്ടുള്ളത്. മേൽ പ്രൊജക്ടുകൾ പ്രകാരം വാങ്ങിയ വാട്ടർ ടാങ്കുകൾ സിഡ്കോ നിർമ്മിച്ചതാണെന്ന സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

3)സർക്കാർ ഉത്തരവ് (പി) 1/2017/ എസ് പി ഡി തീയതി 13.3.2017 പ്രകാരം പൊതു മേഖല സ്ഥാപനങ്ങൾ സാധന സാമഗ്രഹികൾ സപ്ലൈ ചെയ്യുമ്പോൾ സാധനങ്ങളുടെ വില നിലവിലെ കമ്പോള വിലയിൽ അധികരിക്കുന്നില്ലെന്ന സാക്ഷ്യ പത്രം സമർപ്പിക്കേണ്ടതാണ്. പ്രൊജക്ട് ഫയലിൽ ഇത്തരത്തിലുള്ള സാക്ഷ്യപത്രം SIDCO യിൽ നിന്നും ലഭ്യമാക്കി സൂക്ഷിച്ചിട്ടില്ല.

4)സർക്കാർ ഉത്തരവ് നം 1978/2020/ത.സ്വ.ഭ.വ തീ 21.10.20 ലെ നിർദ്ദേശ പ്രകാരം തദ്ദേശ സ്ഥാപങ്ങളിലെ പ്രവർത്തികൾക്ക് / വാങ്ങലുകൾക്ക് അക്രഡിറ്റേഷൻ ഏജൻസികളെ തെരഞ്ഞെടുക്കുന്നത് മത്സരാധിഷ്ഠിത ടെണ്ടർ / ബിഡിംഗ് മുഖേനയാകണമെന്ന് നിർബന്ധമാക്കിയിട്ടുണ്ട്. ഈ വ്യവസ്ഥക്കു വിരുദ്ധമായി വാങ്ങലുകൾക്ക് SIDCO യെ തെരഞ്ഞെടുത്തത് സർക്കാർ ഉത്തരവുകളുടെ ലംഘനമാണ്.

5)വാട്ടർ ടാങ്ക് വാങ്ങലുകൾക്ക് സ.ഉ(പി)നം.259/2010/തസ്വഭവ തിയതി 8-11-2010 പ്രകാരം പുറപ്പെടുവിച്ച പ്രൊക്യുർമെന്റ് മാർഗ്ഗരേഖ ഖണ്ഡിക 4.2.2 പ്രകാരമുള്ള പ്രൊക്യർമെന്റ് കമ്മിറ്റി, ഭരണ സമിതി എന്നിവയുടെ അംഗീകാരം നേടിയിട്ടില്ല.
ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം 5/22.7.2022 ന് സെക്രട്ടറി സമർപ്പിച്ച മറുപടിയിൽ വാട്ടർ ടാങ്കുകൾ സിഡ്കോ നിർമ്മിച്ചതാണെന്ന സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് സിഡ്കോക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

പദ്ധതി/സബ്സിഡി മാർഗ്ഗരേഖകളിലെ നിർദേശങ്ങൾക്കും,സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായും പ്രൊജക്ടുകൾ നിർവ്വഹിച്ചതിനാലും, മതിയായ വിശദീകരണത്തിന്റെ അഭാവത്തിലും മേൽ പ്രൊജക്ടുകൾക്കു വേണ്ടി ചെലവഴിച്ച 263077.00 (212230.00+50847.00) രൂപ തടസ്സപ്പെടുത്തുന്നു.

## 1-45-1 നിർവ്വഹണ ഉദ്യോഗസ്ഥർ കാഷ് ബുക്ക് പരിപാലിക്കണം

GO(P)No.177/2006/Fin. തീയതി 12th April, 2006. ഖണ്ഡിക 18.1 ("All LSGIs And Implementing Officers Who Are DDOs Shall Maintain A Cash Book For Recording The Receipt And Payment Of Cash, Cheques, Etc. " ) നിർദ്ദേശാനുസരണം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും കാഷ് ബുക്ക് പരിപാലിക്കേണ്ടതാണ്. എന്നാൽ ഹെൽത്ത് ഓഫീസർ, പ്രൊജക്ട് ഓഫീസർ (നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ) എന്നീ നിർവ്വഹണോദ്യോഗസ്ഥർ 2020-21 വർഷത്തിൽ പദ്ധതി നിർവ്വഹണത്തിന്റെ വരവ് - ചെലവുകൾ രേഖപ്പെടുത്തുന്നതിന് കാഷ് ബുക്ക് പരിപാലിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥർ കാഷ് ബുക്ക് പരിപാലിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-46 ജി.എസ്.ടി- ടി.ഡി.എസ് കിഴിവ് നടത്തിയില്ല

പ്രൊജക്ട് നമ്പർ -267/21 ഹരിത കേരള മിഷൻ -ഹരിത സഹായ സ്ഥാപനങ്ങൾക്കാവശ്യമായ തുക വകയിരുത്തൽ (നിറവ്)

നിർവഹണം- പ്രൊജക്ട് ഓഫീസർ , നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ

അടങ്കൽ :535080.00( ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ്- രൂ.482202.00

| ബിൽ നം. | തീയതി | തുക |
|---|---|---|
| 16 | 14.5.20 | 375046.00 |
| 17 | 14.5.20 | 107156.00 |

കേന്ദ്ര ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51(7), 24(6), 25 എന്നിവയും 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)നം.162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം.ഡി.എ1/87/2019/തസ്വ.ഭ.വ തീ 08.03.19 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന ടി,ഡി,എസ്, സെക്രട്ടറിയുടെ GSTIN ഉപയോഗിച്ച് ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന്, സർക്കുലർ നം

നം.ഡി.എ1/87/2019 ത.സ്വ.ഭ.വ തീ 08.09.2020 ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡി ഡി ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS രജിസ്ട്രേഷൻ എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവർത്തികളിൽ ടി ഡി എസ് കിഴിവ് വരുത്തേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

മേൽ പ്രൊജക്റ്റിന്റെ നിർവ്വഹണത്തിനായി നിറവ് സീറോ വേസ്റ്റ് മാനേജ്മെന്റ് ,കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നുള്ള താഴെ പറയുന്ന ഇൻവോയ്സുകൾക്ക് പണം നൽകിയിട്ടുണ്ട്.

| ക്രമ നം | ഇൻവോയ്സ് നം. /തീയതി | തുക |
|---|---|---|
| 1 | 098/15.07.19 | 53578.00 |
| 2 | 129/17.08.19 | 53578.00 |
| 3 | 165/16.09.19 | 53578.00 |
| 4 | 206/10.10.19 | 53578.00 |
| 5 | 250/09.11.19 | 53578.00 |
| 6 | 291/10.12.19 | 53578.00 |
| 7 | 336/06.01.20 | 53578.00 |
| 8 | 377/03.02.20 | 53578.00 |
| 9 | 420/02.03.20 | 53578.00 |
| | ആകെ | 482202.00 |

മേൽ ഇൻവോയ്സുകൾക്ക് പണം നൽകിയ വേളയിൽ 2% ടി.ഡി. എസ് ഈടാക്കാതെ തുക പൂർണ്ണമായും സപ്ലൈയർക്ക് അനുവദിച്ചത് ക്രമ പ്രകാരമല്ല. സപ്ലൈയർ ജി.എസ്.ടി തുക അടവാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. നിയമാനുസൃതമായ കിഴിവുകൾ നടത്തിയതിനുശേഷം മാത്രം സപ്ലൈയേഴ്സിന് തുക അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം.23/25.7.22)

### 1-47 കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നീക്കിയിരുപ്പ് തുക - തുടർ നടപടികൾ സ്വീകരിക്കണം

നഗരസഭ സമർപ്പിച്ച 2020-21 ലെ വാർഷിക ധനകാര്യ പത്രിക, ഓഡിറ്റിന് സമർപ്പിച്ച ബാങ്ക് സ്റ്റേറ്റ്മെന്റുകൾ എന്നിവ അനുസരിച്ച് നിലവിൽ പ്രാബല്യത്തിലില്ലാത്ത കേന്ദ്രാവിഷ്കൃത പദ്ധതികളായ Integrated Housing And Slum Development Programme (IHSDP), Urban Infrastructure Development Scheme For Small And Medium Towns (UIDSSMT) എന്നിവക്കു വേണ്ടി മുൻവർഷങ്ങളിൽ ലഭ്യമായ താഴെ പറയുന്ന തുകകൾ ബാങ്ക് അക്കൗണ്ടുകളിൽ നീക്കിയിരുപ്പുണ്ട്.

| ക്രമ നം. | അക്കൗണ്ട് | നമ്പർ | 31.3.21 ലെ നീക്കിയിരിപ്പ് |
|---|---|---|---|
| 1 | PNB-IHSDP A/C | 432500100112551 | 22,230,331.00 |
| 2 | SBI . UIDSSMT.SB A/C | 32252393449 | 151,361.00 |
| ആകെ-<br>(രണ്ട് കോടി ഇരുപത്തിമൂന്ന് ലക്ഷത്തി എൺപതിഒന്നായിരത്തി അറനൂറ്റി തൊണ്ണൂറ്റി രണ്ട് രൂപ) | | | 22,381,692.00 |

നിലവിൽ പദ്ധതികൾ പ്രാബല്യത്തിലില്ലാത്തതിനാൽ, മേൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ലഭിച്ച പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ നീക്കിയിരിപ്പ് തുക തിരികെ ഒടുക്കുകയോ, സർക്കാർ അനുമതിയോടെ മാത്രം മറ്റ് പദ്ധതികൾക്ക് വിനിയോഗിക്കുകയോ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-48 ജ.സിരിജഗൻ കമ്മീഷന്റെ ഉത്തരവ് നടപ്പാക്കിയതിലെ കാലതാമസം- തനത് ഫണ്ടിന് സാമ്പത്തിക നഷ്ടം -തുക ക്രമീകരിക്കേണ്ടതാണ്.

തെരുവ് നായ കാരണം ജീവഹാനി സംഭവിച്ച കേസിൽ ജ. സിരിജഗൻ കമ്മീഷൻ ഉത്തരവ് പ്രകാരം ശ്രീമതി ഫാത്തിമ കുന്നത്ത് വീട് എന്നവർക്ക് നഗരസഭ18,10,000 രൂപ നൽകേണ്ടിയിരുന്നു. നഷ്ടപരിഹാര തുക സമയബന്ധിതമായി നൽകാതിരുന്നതിനാൽ 2020-21 സാമ്പത്തിക വർഷം 601825/- പലിശ സഹിതം 24,11,825/- രൂപ തനത് ഫണ്ടിൽ നിന്ന് നൽകിയിട്ടുണ്ട്. ഉത്തരവ് നടപ്പാക്കുന്നതിലുണ്ടായ കാലതാമസം കാരണം തനത് ഫണ്ടിൽ നിന്ന് പലിശ നൽകേണ്ടി വന്നത് നഗര സഭാ സെക്രട്ടറിയുടെ വീഴ്ചയാണ്. ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും കേസ് ഫയൽ ഓഡിറ്റിന് ലഭ്യമാക്കിയില്ല. കേസ് സംബന്ധമായ വിവരങ്ങൾ സ്യൂട്ട് രജിസ്റ്ററിൽ ചേർത്തിട്ടില്ല. ഈ

രേഖകളുടേയും വിവരങ്ങളുടെയും അഭാവത്തിൽ കമ്മീഷൻ ഉത്തരവ് പ്രകാരം നൽകേണ്ടിയിരുന്ന പലിശയും കാലതാമസം കാരണം നൽകേണ്ടിവന്ന അധിക പലിശയും കണക്കാക്കാൻ കഴിയാത്തതിനാൽ ഓഡിറ്റിന് നഷ്ടോത്തരവാദിത്വം നിർണ്ണയിക്കാൻ കഴിയുന്നില്ല. രേഖകൾ കണ്ടെടുത്ത് നഷ്ടതുക കണക്കാക്കി ക്രമീകരിക്കുന്നതിന് നിലവിലെ സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു. നടപടികൾ പൂർത്തിയാക്കി വിവരം ഈ ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

1-49 ഖണ്ഡിക ഒഴിവാക്കി

പരാമർശം ഒഴിവാക്കി

1-50 മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് ചട്ടപ്രകാരം പരിപാലിക്കുന്നില്ല.

1997ലെ കേരള മുനിസിപ്പാലിറ്റി (കണ്ടിജന്റ് ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങൾ ചട്ടം 7 പ്രകാരം കണ്ടിജന്റ് ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് വേണ്ടി ഓരോ മുനിസിപ്പാലിറ്റിയും തൊട്ടടുത്തുള്ള സർക്കാർ ട്രഷറി സേവിങ്സ് ബാങ്കിൽ മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് എന്ന പേരിൽ ഒരു പെൻഷൻ ഫണ്ട് ആരംഭിച്ച് കൈകാര്യം ചെയ്യേണ്ടതാണ്. കണ്ടിജന്റ് ജീവനക്കാരുടെ വേതനത്തിന്റെ 15% മുനിസിപ്പൽ ഫണ്ടിൽ നിന്നും പിൻവലിച്ച് ഈ അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതുമാണ്. പെൻഷൻ ഫണ്ടിൽ തൽക്കാലം ആവശ്യമില്ലാത്ത പണം സർക്കാർ ട്രഷറിയിൽ കൂടുതൽ പലിശ ലഭിക്കുന്നതിനായി സ്ഥിരം നിക്ഷേപമായി സൂക്ഷിക്കുന്നതിനും ചട്ടത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. പെൻഷൻ പദ്ധതി നടപ്പാക്കുന്നതുമൂലമുള്ള മുഴുവൻ സാമ്പത്തിക ബാധ്യതയും മുനിസിപ്പാലിറ്റി വഹിക്കേണ്ടതാണെന്ന് ചട്ടം 6ൽ നിർദ്ദേശിച്ചിട്ടുണ്ട്.
ഒറ്റപ്പാലം നഗരസഭ കണ്ടിജന്റ് ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് വേണ്ടി സർക്കാർ ട്രഷറി സേവിങ്സ് ബാങ്കിൽ മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് എന്ന പേരിൽ ഒരു പെൻഷൻ ഫണ്ട് ആരംഭിച്ചിട്ടില്ല. 2020-21പെൻഷൻ ഇനത്തിൽ തനത് ഫണ്ടിൽ നിന്നും ₹66,11,277/- ചെലവഴിച്ചിട്ടുണ്ട്. ഇതിൽ റഗുലർ ജീവനക്കാരുടെയും കണ്ടിജന്റ് ജീവനക്കാരുടെയും പെൻഷൻ ആനുകൂല്യങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും പ്രത്യേകം പ്രത്യേകം കണക്ക് സൂക്ഷിച്ചിട്ടില്ല.
മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് രൂപീകരിക്കുന്നതിനായി ചട്ടപ്രകാരം നടപടി സ്വീകരിക്കേണ്ടതും കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ സംബന്ധിച്ച് പ്രത്യേകം കണക്ക് സൂക്ഷിക്കേണ്ടതുമാണ്.

1-51 മുനിസിപ്പൽ റഗുലർ ജീവനക്കാരുടെ പെൻഷൻ ഫണ്ട് ചട്ടപ്രകാരം പരിപാലിക്കുന്നില്ല.

1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങൾ ചട്ടം 6 പ്രകാരംജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് വേണ്ടി മുനിസിപ്പൽ ഡയറക്ടറുടെ നിയന്ത്രണത്തിലും മേൽനോട്ടത്തിലും തൊട്ടടുത്തുള്ള സർക്കാർ ട്രഷറി സേവിങ്സ് ബാങ്കിലോ, ദേശസാൽകൃത ബാങ്കിലോ സെൻട്രൽ പെൻഷൻ ഫണ്ട് എന്ന പേരിൽ ഒരു പെൻഷൻ ഫണ്ട് ആരംഭിച്ച് കൈകാര്യം ചെയ്യേണ്ടതാണ്. റഗുലർ ജീവനക്കാരുടെ പെൻഷൻ നൽകുന്നതിനായി നഗരസഭയിലെ റഗുലർ ജീവനക്കാരുടെ വേതനത്തിന്റെ 15% നഗരസഭാസെക്രട്ടറി മുനിസിപ്പൽ ഫണ്ടിൽ നിന്നും പിൻവലിച്ച് ഡയറക്ടർക്ക് സെൻട്രൽ പെൻഷൻ ഫണ്ടിൽ അടവാക്കുന്നതിനായി അയച്ചുകൊടുക്കേണ്ടതാണെന്ന് ചട്ടം 7(2), 8 എന്നിവയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പെൻഷൻ പദ്ധതി നടപ്പാക്കേണ്ടതിന്റെ സാമ്പത്തിക ബാധ്യത മുനിസിപ്പാലിറ്റി വഹിക്കേണ്ടതാണെന്ന് ചട്ടം 7(1)ലും നിർദ്ദേശിച്ചിട്ടുണ്ട്. നഗരസഭാസെക്രട്ടറി മുനിസിപ്പൽ പെൻഷൻ ഫണ്ട് എന്ന പേരിൽ സർക്കാർ ട്രഷറിയിലോ ദേശസാൽകൃത ബാങ്കിലോ ഒരു അക്കൗണ്ട് തുടങ്ങി സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും വരുന്ന തുക ഈ അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. ഈ അക്കൗണ്ടിലെ പണം പെൻഷൻ വിതരണത്തിന് മാത്രമായി വിനിയോഗിക്കേണ്ടതാണ്.(ചട്ടം.10)

ഒറ്റപ്പാലം നഗര സഭയിൽ 2020-21 വർഷം സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ₹3,545,352/- ലഭ്യമായിട്ടുണ്ട്. ഈ തുക മുനിസിപ്പൽ ഫണ്ടിൽ നിക്ഷേപിച്ചത് പിൻവലിച്ചിട്ടില്ല. റഗുലർ ജീവനക്കാരുടെയും കണ്ടിജന്റ് ജീവനക്കാരുടെയും പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനായി തനത് ഫണ്ടിൽ നിന്നും ₹66,11,277/- ചെലവഴിച്ചിട്ടുണ്ട്. എന്നാൽ റഗുലർ കണ്ടിജന്റ് ജീവനക്കാർക്കായി തുക ചെലവഴിച്ചത് വെവ്വേറെ കണക്ക് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

പെൻഷൻ അക്കൗണ്ടുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും, പെൻഷൻ കോൺട്രിബ്യൂഷൻ ഈടാക്കിയതിന്റെയും അടവാക്കിയതിന്റെയും വിവരങ്ങളും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (4(8)/22.07.22, 15(3)/25-07-2022) മറുപടി ലഭ്യമാക്കിയിട്ടില്ല.
റഗുലർ ജീവനക്കാരുടെ പെൻഷൻ ഇനത്തിലെ കണക്ക് പ്രത്യേകം തയ്യാറാക്കി സൂക്ഷിക്കേണ്ടതും സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കാനുള്ള തുകയുടെ വിവരം ഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്.

1-52 ഡി.എ.വൈ-എൻ.യു.എൽ.എം പദ്ധതി - അവലോകനം

നഗരങ്ങളിലെ പാവപ്പെട്ടവരുടെ ദാരിദ്ര്യവും കഷ്ടപ്പാടും ലഘൂകരിക്കുന്നതിന് ഉണ്ടായിരുന്ന പദ്ധതിയായ സ്വർണ്ണ ജയന്തി ഷഹരി റോസ്ഗാർ യോജന (എസ്.ജെ.എസ്.ആർ.വൈ.) -ക്ക് പകരം കേന്ദ്ര ഗവൺമെന്റ് നടപ്പാക്കിയ നൂതന പദ്ധതിയാണ് ദീൻ ദയാൽ അന്ത്യോദയ യോജന- ദേശീയ നഗര ഉപജീവന മിഷൻ (ഡി.എ.വൈ-എൻ.യു.എൽ.എം) . ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന കുടുംബശ്രീ മിഷനാണ് കേരളത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന് ചുമതലയുള്ള നോഡൽ ഏജൻസി . 2015 മെയ് മാസത്തിൽ ആദ്യ ഘട്ടമെന്ന നിലയിൽ കേരളത്തിലെ 14 നഗരങ്ങളിലും തുടർന്ന് 2016 നവംബർ 1 മുതൽ മുഴുവൻ നഗര പ്രദേശങ്ങളിലും പദ്ധതി വ്യാപിപ്പിച്ചിട്ടുണ്ട്. നഗര ദാരിദ്യത്തിന്റെ 3 പ്രധാന മാനങ്ങൾ മിഷൻ മാർഗ്ഗരേഖ പ്രകാരം അടിസ്ഥാന സൗകര്യം , സാമൂഹിക ദുർബലതകൾ, തൊഴിൽ പരമായ ദുർബലതകൾ എന്നിവയാണ്. ഇവ ലഘൂകരിക്കുന്നതിന് മിഷൻ വിഭാവനം ചെയ്യുന്നത് പ്രധാനമായും 7 ഘടകങ്ങളിലൂടെയാണ് . അവ താഴെ നല്കുന്നു.

(1) സാമൂഹ്യ സംഘാടനവും സ്ഥാപന വികസനവും

(2) കാര്യശേഷി വികസനവും പരിശീലനവും

(3) നൈപുണ്യ പരിശീലനവും തൊഴിലവസരങ്ങൾ ഉറപ്പിക്കലും

(4) സ്വയം തൊഴിൽ പദ്ധതി

(5) നഗരങ്ങളിലെ തെരുവ് കച്ചവടക്കാർക്കുള്ള സഹായ പദ്ധതികൾ

(6) നഗരങ്ങളിൽ ഭവനരഹിതർക്കുള്ള അഭയ കേന്ദ്രങ്ങൾ സ്ഥാപിക്കൽ

(7) നൂതന ആശയ-സവിശേഷ പദ്ധതികൾ

ദീൻ ദയാൽ അന്ത്യോദയ യോജന- ദേശീയ നഗര ഉപജീവന മിഷൻ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ഒറ്റപ്പാലം നഗരസഭയിൽ ഒരു സിറ്റി മിഷൻ മാനേജരും, ഒരു മൾട്ടി ടാസ്ക് പേർസണും ഒരു കമ്മ്യൂണിറ്റി ഓർഗനൈസറും നിലവിലുണ്ട്.

2020-21 വർഷം 39 അയൽക്കൂട്ടങ്ങൾ പുതുതായി രൂപികരിച്ചിട്ടുണ്ട്. 147 അയൽക്കൂട്ടങ്ങൾക്ക് വായ്പ അനുവദിക്കുകയും,12 മൈക്രോ സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

എൻ.യു.എൽ.എം പദ്ധതിയുടെ 2020-21 വർഷത്തെ വരവ് ചെലവ് കണക്കുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വരവ് | തുക (₹) | ചെലവ് | തുക (₹) |
|---|---|---|---|
| മുന്നിരിപ്പ് | 1249035.00 | കപ്പാസിറ്റി ബിൽഡിങ്ങ് & ട്രെയിനിങ്ങ് - സാലറി | 856256.00 |
| കപ്പാസിറ്റി ബിൽഡിങ്ങ് & ട്രെയിനിങ്ങ് - സാലറി | 492480.00 | സിറ്റി ലൈവ്‌ലിഹുഡ് സെന്റർ | 45659.00 |
| സിറ്റി ലൈവ്‌ലിഹുഡ് സെന്റർ | 231600.00 | റിവോൾവിംഗ് ഫണ്ട് ( NHGs) | 360000.00 |
| റിസോഴ്സ് ഓർഗനൈസേഷൻ ഫണ്ട് | 371500.00 | EST & P – യാത്രാ ബത്ത | 90986.00 |
| പലിശ | 14263.00 | Self Employment Programme [SEP] -പലിശ | 361291.00 |
| മറ്റിനം | 1500.00 | IEC- Support To Urban Street Vendors | 890.00 |
| | | ബാങ്ക് ചാർജസ് | 36.00 |
| | | നീക്കിയിരിപ്പ് | 645260.00 |
| ആകെ | 2360378.00 | | 2360378.00 |

ഓഡിറ്റ് നിർദ്ദേശങ്ങൾ

1.പദ്ധതികളുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

2.ഓഡിറ്റ് വർഷത്തിൽ ഐ ടി യൂണിറ്റ്, മിൽമ ബൂത്ത്, കച്ചവടത്തിനുള്ള പിക്കപ്പ് വാൻ എന്നീ നൂതന പ്രൊജക്റ്റുകൾ

നടപ്പിലാക്കിയിട്ടുണ്ട്. നഗര ദരിദ്രരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് കൂടുതൽ നൂതന പ്രൊജക്ടുകൾ നടപ്പിലാക്കാവുന്നതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 21.07.22, 22.07.22, 23.07.22 | |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ബാധകമല്ല.

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | 116/21: വിവിധ പ്രദേശങ്ങളിലേക്ക് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 227/ 31-3-2021 | 1009000 | 0 | 1009000 |
| KWA | 350/21- നെല്ലിപ്പറ്റക്കുന്ന് കുടിവെള്ള പദ്ധതി മെച്ചപ്പെടുത്തൽ | 231/ 31-3-2021 | 182000 | 0 | 182000 |
| KWA | 352/21- പളിക്കൽ കുന്ന് കുടിവെള്ള പദ്ധതി | 228/31-3-2021 | 150000 | 0 | 150000 |

കേരള ജല അതോറിറ്റിയിൽ നിന്നും തുകയുടെ വിനിയോഗ സാക്ഷ്യപത്രവും ചെലവുരേഖകളും ലഭ്യമാക്കേണ്ടതാണ്.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 59200000രൂപ വരവുണ്ട്. മുഴുവൻ തുകയും വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന | തൻവർഷം വരവ് | തൻവർഷം തിരിച്ചടച്ച തുക | വർഷാവ സാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|

| | | തുക | | മുതൽ | പലിശ | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| HUDCO Shopping Complex | 43,160,649 | 6,193,671 | 0 | 4,626,000 | 0 | 1567671 |
| HUDCO PMAY | 174,600,000 | 107,706,667 | 59200000 | 15586667 | 0 | 151320000 |
| KURDFC | 131356870 | 148836130 | 0 | 630000 | 0 | 148,206,130 |
| EMS ലോൺ | 11668901 | 8168901 | 0 | 8168901 | 0 | 0 |

2019-20 ബാലൻസ് ഷീറ്റ് പ്രകാരം വർഷാരംഭത്തിൽ തിരിച്ചടക്കാനുള്ള KURDFC വായ്പ ₹94026754/- ആണ്. എന്നാൽ KURDFCയുടെ 10.11.2020ലെ കത്ത് പ്രകാരം 20-21ലെ ലോൺ തുക പലിശയും ചേർത്ത് ₹148836130/- ആണ്. ഈ തുകയാണ് മുകളിലെ പട്ടികയിൽ ചേർത്തത്.

EMS ലോൺ മുതൽ പൂർണ്ണമായും അടവാക്കിയിട്ടുണ്ട്. പ്രൊജക്ട് നമ്പർ 481/21: ഇ.എം.എസ്. ഭവനപദ്ധതി വായ്പ മുതൽ തിരിച്ചടവ് എന്ന പ്രൊജക്ട് പ്രകാരം പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും ഉറവിടത്തിൽ നിന്നും കുറവുചെയ്തും ₹1,000,000/- മുനിസിപ്പൽ ഫണ്ടിൽ നിന്നും അടവാക്കിയതുമാണ്. 31.03.2021ന് പലിശയിനത്തിൽ കേരള സംസ്ഥാന സഹകരണ ബാങ്ക്, ഒറ്റപ്പാലം സായാഹ്ന ശാഖയ്ക്ക് പലിശയിനത്തിൽ നൽകാനുള്ള ₹66,669/- ഒഴിവാക്കിക്കിട്ടുന്നതിനായി നഗരസഭാ സെക്രട്ടറി 11.01.2022 ന് ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർക്ക് കത്തയച്ചിട്ടുണ്ട്.

### 4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല.

### 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 15,730/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2012-13 | | 15,730 | എം.കെ. സുഭാഷ്, മുനിസിപ്പൽ എഞ്ചിനീയർ | 120270114872/ 10.2.2021 |

സർച്ചാർജ് നോട്ടീസ് ലഭിച്ചതിനെ തുടർന്നാണ് തുക അടവാക്കിയത്. ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ ലഭ്യമായിട്ടില്ല.

### 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1999-2000 3-6 | 2006-07 4.18.1.4 | താമരക്കുളം റോഡ് നവീകരണം | ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി വിഷയം പരിഗണി ച്ചിട്ടുണ്ടെങ്കിലും അന്തിമ തീർപ്പ് കൽപ്പിച്ചിട്ടില്ല. |
| 2000-01 3-5 | 2006-07 4.18.1.5 | 186073 രൂപയുടെ മൂല്യം വരുന്ന വൗച്ചറുകൾ ലഭ്യമാക്കിയിട്ടില്ലസ | ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി വിഷയം |

| | | | |
|---|---|---|---|
| | | | പരിഗണി ച്ചിട്ടുണ്ടെങ്കിലും അന്തിമ തീർപ്പ് കൽപ്പിച്ചിട്ടില്ല. |
| 2011-12 3-1 | 2013-14 4-8 | ടെണ്ടർ നടപടിയിലെ ക്രമക്കേട്- നഷ്ടം – 4,44,536/- രൂപ | ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി വിഷയം പരിഗണി ച്ചിട്ടുണ്ടെങ്കിലും അന്തിമ തീർപ്പ് കൽപ്പിച്ചിട്ടില്ല. |
| 2012-13 സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ട് IV,V | 2014-15 4.6.11 | പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റ് പദ്ധതി- ലക്ഷ്യം കൈവരിച്ചില്ല- നഷ്ടം – 24,59,082/- രൂപ | ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി വിഷയം പരിഗണി ച്ചിട്ടുണ്ടെങ്കിലും അന്തിമ തീർപ്പ് കൽപ്പിച്ചിട്ടില്ല. |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഓഡിറ്റ് വർഷം ചാർജ് /സർചാർജ് നടപടികളിലൂടെ തുകയൊന്നും ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 483919443.61 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 400891432.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഒന്നുമില്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3495223.08 |
| പിഴയിനത്തിൽ ഒടുക്കാനുള്ള തുക | 94112.00 |

(ബി). നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | ഒന്നുമില്ല | ഒന്നുമില്ല | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-31 | 597882.00 | ജയപ്രകാശ്. ടി, മുനിസിപ്പൽ എഞ്ചിനീയർ |
| 1-32 | 360379.00 | അൻസാർ അഹമ്മദ്. കെ, മുനിസിപ്പൽ എഞ്ചിനീയർ |
| 1-32 | 332873.00 | ജയപ്രകാശ്. ടി, മുനിസിപ്പൽ എഞ്ചിനീയർ |
| 1-33 | 191045.00 | അൻസാർ അഹമ്മദ്. കെ, മുനിസിപ്പൽ എഞ്ചിനീയർ ജയപ്രകാശ്. ടി, മുനിസിപ്പൽ എഞ്ചിനീയർ |
| 1-35 | 287231.08 | ജയപ്രകാശ്. ടി, മുനിസിപ്പൽ എഞ്ചിനീയർ |
| 1-36 | 582000.00 | ജയപ്രകാശ്. ടി, മുനിസിപ്പൽ എഞ്ചിനീയർ |
| 1-37 | 1935.00 | ജയപ്രകാശ്. ടി, മുനിസിപ്പൽ എഞ്ചിനീയർ |
| 1-39 | 84375.00 | അൻസാർ അഹമ്മദ്. കെ, മുനിസിപ്പൽ എഞ്ചിനീയർ |
| 1-40 | 452682.00 | അൻസാർ അഹമ്മദ്. കെ, മുനിസിപ്പൽ എഞ്ചിനീയർ |
| 1-41 | 108864.00 | സീന എച്ച്, സെക്രട്ടറി |
| 1-41 | 97880.00 | പ്രദീപ് എസ്, സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 1-42 | 135,000.00 | സീന എച്ച്, സെക്രട്ടറി |
| 1-45 | 263,077.00 | രാധാകൃഷ്ണൻ സി.കെ , ഹെൽത്ത് ഓഫീസർ |
| ആകെ | 3495223.08 | |

പിഴയിനത്തിൽ തനത് ഫണ്ടിന് നഷ്ടം വന്ന തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-34-1 | 8907.00 | ജയപ്രകാശ്. ടി, മുനിസിപ്പൽ എഞ്ചിനീയർ |
| 1-34-2 | 6263.00 | ജയപ്രകാശ്. ടി, മുനിസിപ്പൽ എഞ്ചിനീയർ |
| 1-34-3 | 27759.00 | ജയപ്രകാശ്. ടി, മുനിസിപ്പൽ എഞ്ചിനീയർ |
| 1-38-1 | 4959.00 | ജയപ്രകാശ്. ടി, മുനിസിപ്പൽ എഞ്ചിനീയർ |
| 1-38-2 | 1696.00 | അൻസാർ അഹമ്മദ്. കെ, മുനിസിപ്പൽ എഞ്ചിനീയർ |
| 1-38-3 | 4000.00 | ജയപ്രകാശ്. ടി, മുനിസിപ്പൽ എഞ്ചിനീയർ |
| 1-38-4 | 8826.00 | ജയപ്രകാശ്. ടി, മുനിസിപ്പൽ എഞ്ചിനീയർ |
| 1-38-5 | 2000.00 | അൻസാർ അഹമ്മദ്. കെ, മുനിസിപ്പൽ എഞ്ചിനീയർ |
| 1-38-6 | 2937.00 | അൻസാർ അഹമ്മദ്. കെ, മുനിസിപ്പൽ എഞ്ചിനീയർ |
| 1-38-7 | 1744.00 | അൻസാർ അഹമ്മദ്. കെ, മുനിസിപ്പൽ എഞ്ചിനീയർ |
| 1-38-8 | 7016.00 | സന്തോഷ് കുമാർ. എ.എസ്, മുനിസിപ്പൽ എഞ്ചിനീയർ |
| 1-38-9 | 8900.00 | സന്തോഷ് കുമാർ. എ.എസ് , മുനിസിപ്പൽ എഞ്ചിനീയർ |
| 1-38-10 | 9105.00 | സന്തോഷ് കുമാർ. എ.എസ്, മുനിസിപ്പൽ എഞ്ചിനീയർ |
| ആകെ | 94112.00 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജയപ്രകാശ്. ടി, മുനിസിപ്പൽ എഞ്ചിനീയർ | മുനിസിപ്പൽ എഞ്ചിനീയർ, ഒറ്റപ്പാലം നഗരസഭ | തോട്ടിങ്ങൽ വീട്, മുണ്ടമുഖ, ഗണേശഗിരി, ഷൊർണ്ണൂർ - 679121 |
| അൻസാർ അഹമ്മദ്. കെ, മുനിസിപ്പൽ എഞ്ചിനീയർ | വിരമിച്ചു | നൂർ മൻസിൽ, മേട്ടുപ്പാളയം സ്ട്രീറ്റ്, സുൽത്താൻപെട്ട്, പാലക്കാട് - 678001 |
| സീന എച്ച്, സെക്രട്ടറി | സെക്രട്ടറി, ചെർപ്പുളശേരി നഗരസഭ | ആശാനിലയം, ഗണേശഗിരി, ഷൊർണ്ണൂർ - 679121 |
| രാധാകൃഷ്ണൻ സി.കെ , ഹെൽത്ത് ഓഫീസർ | വിരമിച്ചു | നന്ദനം, മനിശ്ശീരി പി.ഒ. |
| സന്തോഷ് കുമാർ. എ.എസ് മുനിസിപ്പൽ എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത് | അരുവിൽ വീട്, ചുട്ടുവാലത്തൂർ, ഷൊർണ്ണൂർ - 679121 |
| പ്രദീപ് എസ്, സെക്രട്ടറി-ഇൻ-ചാർജ്ജ് | റവന്യൂ ഓഫീസർ, തിരൂർ നഗരസഭ | ആലംതാറ്റ് വീട്, അകലൂർ പി.ഒ, പാലക്കാട് - 679302 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | LFP22/2222/12/7.1.13 | 11 |
| 1997-98 | LFP22/942(1)/14/4.5.15 | 06 |

| | | |
|---|---|---|
| 1998-99 | | 21 |
| 1999-2000 | LFP8/1108/11/2.1.12 | 17 |
| 2000-01 | LFP8/1139/11/10.1.11 | 22 |
| 2001-02 | LFP8/1463/09/17.3.10 | 20 |
| 2002-03 | LFP8/1624/10/25.3.11 | 13 |
| 2003-04 | LFP8/48/11/28.3.11 | 26 |
| 2004-05 | LFP22/603/14/10.12.14 | 8 |
| 2005-06 | LFP22/1403/14/4.2.15 | 15 |
| 2006-07 | LFP22/1998/12/7.2.13 | 8 |
| 2007-08 | LFP22/715/15/26.6.15 | 11 |
| 2008-09 | KSA-PKD22/108/16/11.3.16 | 16 |
| 2009-10 | LFP22/728/13/14.2.14 | 19 |
| 2010-11 | LFP22/640/13/8.8.14 | 24 |
| 2011-12 | KSA-PKD-22/1325/15/15.9.15 | 14 |
| 2012-13 | LFP22/2458/14/3.7.2015 | 32 |
| 2013-14& 2014-15 | KSA-PKD/22/503/16/13.7.16 | 55 |
| 2015-16 | KSA-PKD/22/153/2017/ 31.01.2017 | 34 |
| 2016-17 | കെ.എസ്.എ-പികെഡി-22-2097/2017 28.11.17 | 59 |
| 2017-18 | കെ.എസ്.എ-പികെഡി-22-76/19/ 10.5..19 | എല്ലാം |
| 2018-19 | കെ.എസ്.എ-പികെഡി-22-649/2020 /29.05.2020 | എല്ലാം |
| 2019-20 | KSA PKD-22/1667 /21 /03/02/2022 | എല്ലാം |

അവശേഷിക്കുന്ന തടസ്സവാദങ്ങൾ തീർപ്പാക്കുന്നതിനുള്ള അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം മുനിസിപ്പാലിറ്റിയുടെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം മുനിസിപ്പാലിറ്റിയുടെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3

## വാർഷിക കണക്ക്-വിവിധ പത്രികകളുടെ സംക്ഷിപ്തം

| BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -129576168.59 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 1096355.00 |
| 312000000 | Reserves | B-3 | 235870558.00 |
| | Total Reserve & Surplus | | 107390744.41 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 84921043.39 |
| | Total Grants, Contributions for Specific Purposes | | 84921043.39 |
| | Loans | | |
| 330000000 | Secured Loans | B-5 | 301093801.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 301093801.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 48516868.00 |
| 350000000 | Other Liabilities | B-9 | 22830360.14 |
| | Total Current Liabilities and Provisions | | 71347228.14 |
| | TOTAL LIABILITIES | | 564752816.94 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 259191592.00 |
| 411000000 | Accumulated Depreciation | B-11 | -104937719.00 |
| 412000000 | Capital Work in Progress | B-11 | 277540633.00 |
| | Total Fixed Assets | | 431794506.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds | B-13 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 339904.00 |
| 431000000 | Sundry Debtors (Receivables) | B-15 | 57305627.33 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-21 | -11605945.00 |
| 450000000 | Cash and Bank Balance | B-17 | 83028011.61 |
| 460000000 | Loans, Advances and Deposits | B-18 | 3890713.00 |
| | Total Current Assets, Loans and Advances | | 132958310.94 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 564752816.94 |

| RECEIPT & PAYMENT STATEMENT |
|---|
| For the period from 01-April-2020 to 31-March-2021 |

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 55368047.61 |
| Cash | Cash | RP-40(a) | 130342.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 7883575.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | RP-2 | 48279.00 |
| 130000000 | Rental income from Panchayat Properties | RP-3 | 18750.00 |
| 140000000 | Fees & User Charges | RP-4 | 4868208.00 |
| 150000000 | Sale & Hire Charges | RP-5 | 535817.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-6 | 204395896.00 |
| 171000000 | Interest Earned | RP-8 | 1756336.00 |
| 180000000 | Other Income | RP-9 | 24134.00 |
| 350000000 | Other Liabilities | RP-29 | 1536447.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 35414500.00 |
| | Non Operating | | |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 101599514.00 |
| 330000000 | Secured Loans | RP-25 | 59200000.00 |
| 340000000 | Deposits Received | RP-27 | 1997784.00 |
| 350000000 | Other Liabilities | RP-29 | 9047984.00 |
| 460000000 | Loans, Advances and Deposits | RP-41 | 93830.00 |
| | Grand total | | 483919443.61 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-10 | 13047965.00 |
| 220000000 | Administrative Expenses | RP-11 | 4484716.00 |
| 230000000 | Operations & Maintenance | RP-12 | 7643359.00 |
| 240000000 | Interest & Finance Charges | RP-13 | 10530625.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-14 | 171105842.00 |
| 251000000 | Decentralised Plan Programme-Service Sector | RP-45 | 20341480.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 1000000.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-46 | 49104791.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-47 | 10157011.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-15 | 401283.00 |
| 350000000 | Other Liabilities | RP-29 | 14921925.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 5107902.00 |
| | Non Operating | | |
| 280000000 | Prior Period Item | RP-19 | 107264.00 |
| 311000000 | Earmarked Funds | RP-22 | 5640268.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 3048871.00 |
| 330000000 | Secured Loans | RP-25 | 6256000.00 |
| 340000000 | Deposits Received | RP-27 | 2527180.00 |
| 350000000 | Other Liabilities | RP-29 | 22495558.00 |
| 410000000 | Fixed Assets | RP-31 | 21681205.00 |
| 412000000 | Capital work in Progress | RP-33 | 30005608.00 |
| 460000000 | Loans, Advances and Deposits | RP-41 | 1282579.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 82011259.61 |
| Cash | Cash | RP-40(b) | 1016752.00 |
| | Grand Total | | 483919443.6 |

| INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 37296719.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 48279.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 8377541.00 |
| 140000000 | Fee & User Charges | I-4(b) | 6826223.00 |
| 150000000 | Sale & Hire Charges | I-5(b) | 535817.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 429118498.00 |
| 171000000 | Interest Earned | I-8 | 326091.00 |
| 180000000 | Other Income | I-9 | 29079.00 |
| | Total Income | | 482558247.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 43981087.00 |
| 220000000 | Administrative Expenses | I-11(b) | 14565947.00 |
| 230000000 | Operations & Maintenance | I-12(b) | 12916892.00 |
| 240000000 | Interest & Finance Charges | I-13 | 10530625.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 317879849.00 |
| 251000000 | Decentralised Plan Programme-Service Sector | I-14 | 11633888.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14 | 48948017.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14 | 9560310.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 663794.00 |
| 270000000 | Provisions and Write off | I-16 | 254932.00 |
| 272000000 | Depreciation | I-17(a) | 18762512.00 |
| | Total Expenditure | | 489697853.00 |
| | Gross Surplus/ Deficit of income over Expenditure | | -7139606.00 |
| 280000000 | Prior Period Item | I-18 | 52665606.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -59805212.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |